# ഒരു സുവിശേഷകന്റെ ദുഃഖം

(Malayalam)

**Oru Suvisheshakante Dukham (Bible Studies)**

**Fr. Dr. B. Varghese**

Published by : Sophia Books
Thirunakkara, Kottayam
Mob: 99471 20697

First Edition : March, 2000

Second Edition : Nov. 2, 2014

Cover Design, Typesetting
& Printing : Sophia Print House, Kottayam

Price: **Rs. 60.00**

# ഒരു സുവിശേഷകന്റെ ദുഃഖം

ഫാ. ഡോ. ബി. വർഗീസ്

സോഫിയാ ബുക്സ്
കോട്ടയം

## ഫാ. ഡോ. ബി. വർഗീസ്

കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് ഫിസിക്സിൽ ബിരുദമെടുത്തശേഷം, ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്ന് 1978-ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ ബി.ഡി. പരീക്ഷ ഒന്നാം ക്ലാസിൽ ഒന്നാം റാങ്കോടുകൂടി വിജയിച്ചു.

1981-ൽ പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ഓഫ് തിയോളജിയും 1985-ൽ പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിൽ നിന്ന് വേദശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. 1993-95-ൽ ജർമ്മനിയിലെ ബർലിൻ യൂണിവേഴ്സിറ്റിയിൽ അതിപ്രശസ്തമായ അലക്സാണ്ടർ ഫോൺഹുംബോൾട്ട് ഫെലോഷിപ്പോടു കൂടി പോസ്റ്റ് ഡോക്ടറൽ പഠനം നടത്തി.

ഡൽഹി ഓർത്തഡോക്സ് സെന്ററിന്റെ അസി. ഡയറക്ടർ, ഓർത്തഡോക്സ് സെമിനാരിയുടെയും, ഫെഡറേറ്റഡ് ഫാക്കൽറ്റി ഫോർ റിസേർച്ച് ഇൻ റിലീജിയൻ ആൻഡ് കൾച്ചർ ഇൻ കേരള (F.F.R.R.C.) യുടെയും രജിസ്ട്രാർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1985 മുതൽ ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ. കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിട്യൂട്ട് (SEERI) അദ്ധ്യാപകനും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റിസേർച്ച് ഗൈഡും ആണ്.

2004-ൽ ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിലും 2013-14-ൽ അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റിയിലും വിസിറ്റിംഗ് പ്രൊഫസറായിരുന്നു. വിയന്നായിലെ പ്രോ ഓറിയന്റേയുടെ അംഗമാണ്.

**ഗ്രന്ഥങ്ങൾ:** 1. മലങ്കരയും അന്ത്യോക്യയും, 2 വി. മക്രീന, 3. അബ്ബാ പിതാവേ, 4. ആത്മാവിലും സത്യത്തിലും, 5. വെളിപാടു പുസ്തകം (വ്യാഖ്യാനം), 6. മൂറോനഭിഷേകം വേദാനുസൃതമോ?, 7. Baptismal Anointings in the Syrian Tradition (in French), 8. Baptism and Chrismation, 9. ബാറെബ്രായയുടെ നർമ്മോക്തികൾ, 10. Dionysius Bar Salibi: Commentary on the Eucharist (Translation), 11. John of Dara: Commentary on the Eucharist (Translation), 12. West Syrian Liturgical Theology, UK. 13. യാക്കോബിന്റെ അനാഫോറ സുറിയാനി സഭയിൽ. 14. Syriac Version of the Anaphora of St. James (Cambridge, UK), 15. Mose Bar Kepha: Commentary on Myron.

# അവതാരിക

## ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

വേദപുസ്തകം ജനങ്ങളെ പഠിപ്പിക്കണം. ഇന്നത്തെ കലുഷിതമായ ജീവിതസാഹചര്യങ്ങളിൽ വേദചിന്തകൾ എങ്ങനെ പ്രസക്തമായി തീരുന്നുവെന്ന് വ്യാഖ്യാനിച്ചു കൊടുക്കണം. ഈ ഒരു സുപ്രധാന ദൗത്യമാണ് ബഹുമാനപ്പെട്ട ബി. വർഗീസ് അച്ചൻ ഈ ഗ്രന്ഥത്തിലൂടെ നിർവ്വഹിച്ചിരിക്കുന്നത്. ഒരു വേദശാസ്ത്രജ്ഞന് സഹജമായുള്ള അന്വേഷണവും സാമാന്യജനത്തോട് സംവദിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ലാളിത്യവും ഈ ഗ്രന്ഥത്തിൽ ഒത്തിണങ്ങിയിരിക്കുന്നതായി കാണാം. വേദഭാഗങ്ങളെപ്പറ്റി സാമാന്യം ആഴവും പരപ്പുമുള്ള പഠനവും സാമൂഹ്യപ്രശ്നങ്ങളോട് ബന്ധിപ്പിച്ച് ആശയങ്ങൾ കാലികമാക്കാനുള്ള പരിശ്രമവും ചേർന്നുപോകുന്നുണ്ട് ഈ ഗ്രന്ഥത്തിലുടനീളം. ധാരാളം ഉദാഹരണങ്ങൾ എടുത്തുകാണിക്കാനാവും. ശമര്യക്കാരന്റെ ഉപമയെപ്പറ്റിയുള്ള പഠനത്തിൽ നൽകിയിരിക്കുന്ന പശ്ചാത്തല വിശദീകരണവും തുടർന്നുള്ള വിചിന്തനങ്ങളും ഇവയ്ക്ക് ഉദാഹരണമാണ്. സമുദ്രനിരപ്പിൽ നിന്നും 2500 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന യറുശലേമിൽ നിന്നും സമുദ്രനിരപ്പിൽ നിന്ന് 800 അടി താഴെയുള്ള യറീഹോവിലേക്ക് യാത്ര ചെയ്യുന്ന ഒരാളുടെ ചിത്രം സുവ്യക്തമായി നമ്മുടെ കണ്മുമ്പിൽ തെളിയുന്നു.

വേദചിന്തകൾ കാലികപ്രസക്തിയുള്ളതാക്കുന്നതിന് ധാരാളം സന്ദർഭങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. 'ഭൂതബാധിതന്റെ സൗഖ്യം' എന്ന പഠനത്തിൽ ഇങ്ങനെ കാണുന്നു: "ക്രിസ്തു (പരമനന്മ) നിശബ്ദനായി നിൽക്കുന്നു. തിന്മ വാചാലമാണ്. ക്രിസ്തുവിനെതിരെ - നന്മയ്ക്കെതിരെ, തിന്മ കുറ്റങ്ങൾ ആരോപിക്കുന്നു, ബഹളം വയ്ക്കുന്നു. ഇന്ന് നന്മ ലോകത്തിൽ നിശ്ശബ്ദമാണ്. നന്മയുള്ളവർ പൊതുവെ നിശ്ശബ്ദരാണ്..." ഇത്തരം നുറുങ്ങു ചിന്തകൾ പുസ്തകത്തിൽ നിറയെ കാണാം. സുന്ദരമായ കൊച്ചു കൊച്ചു വാചകങ്ങളിലൂടെ വലിയ യാഥാർത്ഥ്യങ്ങളിലേക്ക് അവ വിരൽ ചൂണ്ടുന്നു. 'ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം' എന്ന പഠനത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. "സംസർഗ്ഗം (Communion) ഇല്ലാത്ത സമൂഹങ്ങളായി (Communities) നമ്മുടെ ഇടവകകൾ അധഃപതിച്ചിരിക്കുന്നു." സഭയിലും സമൂഹത്തിലും കാണുന്ന പുഴുക്കുത്തുകൾ ഗ്രന്ഥകർത്താവ് അക്ഷമയോടെ നോക്കിക്കാണുകയാണ്.

പരന്ന വായന, ആഴമായ മനനം എന്നീ രണ്ടു ചിറകുകൾകൊണ്ടാണ് ഒരു പണ്ഡിതൻ അറിവിന്റെ ഉയർന്നതലങ്ങളെ പ്രാപിക്കുന്നത്. മുടിയൻ പുത്രൻ എന്ന ഉപമയിലെ ഇളയ പുത്രന്റെ മറ്റൊരു പതിപ്പാണ് ദസ്തേ

വ്സ്കിയുടെ 'കുറ്റവും ശിക്ഷയും' എന്ന നോവലിലെ മൻമലാദോവ് എന്ന് ഗ്രന്ഥകാരൻ കണ്ടെത്തുന്നു. അറിവിന്റെ വിശാലമായ ഒരു മേഖലയിൽ നിൽക്കുന്ന ഒരാൾക്ക് മാത്രമേ ഇത്തരം സാധർമ്മ്യങ്ങൾ ചൂണ്ടിക്കാണിക്കാനാവുകയുള്ളു. മറ്റൊരു ഉദാഹരണമാണ് 'പരീശനും ചുങ്കക്കാരനും' എന്ന ഉപമയിൽ ഗബ്രിയേലും ലൂസിഫറും തമ്മിലുള്ള കൂടിക്കാഴ്ചയെപ്പറ്റിയുള്ള വിവരണം. ദൈവത്തോട് മാപ്പ് അപേക്ഷിച്ചാൽ ദൈവം തിരികെ സ്വീകരിക്കുമെന്ന് ഗബ്രിയേൽ ലൂസിഫറിനെ അറിയിക്കുന്നു. ദൈവത്തെ 'എന്റെ ദൈവമേ' എന്നു വിളിക്കാൻ ഗർവ്വിഷ്ടനായ ലൂസിഫറിന് കഴിഞ്ഞില്ല. അതുകൊണ്ട് ഇന്നും സാത്താൻ ദൈവത്തിൽ നിന്ന് അകന്നു നിൽക്കുന്നു.

ബഹുമാനപ്പെട്ട ബി. വർഗീസ് അച്ചൻ ആരാധനാ വിജ്ഞാനീയ പണ്ഡിതനാണ്. അതുകൊണ്ട് സ്വാഭാവികമായും വേദഭാഗങ്ങളുടെ ആരാധനാ സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ കണ്ണ് പതിയുന്നു. സാധുക്കൾക്ക് ഭക്ഷണം നൽകാൻ ശാബതിന്റെ തലേദിവസം നടത്തിയിരുന്ന 'കുപ്പാ' സാധുക്കളായ വിധവകൾക്ക് ഭക്ഷണം നൽകുന്നതിന് ആദിമസഭകൾ ഉണ്ടാക്കിയ ക്രമീകരണങ്ങൾക്ക് പശ്ചാത്തലമൊരുക്കി. ഇത്തരം തെളിവുകൾ 'ആദ്യത്തെ ശുശ്രൂഷകർ' എന്ന പഠനം കൂടുതൽ ആകർഷകമാക്കുന്നുണ്ട്. മറ്റൊരുദാഹരണമാണ് 'ദൈവത്തിനു പ്രീതികരമായ യാഗം' എന്ന തലക്കെട്ടിൽ റോമ. 12:1-നെപ്പറ്റിയുള്ള പഠനം. യാഗം, ധൂപാർപ്പണം, സൗരഭ്യയാഗം എന്നിവയുടെ അർത്ഥം ഇവിടെ വിശദീകരിച്ചിരിക്കുന്നു. മൂന്നു നോമ്പിന്റെ ഉത്ഭവത്തെക്കുറിച്ച് 'ഒരു സുവിശേഷകന്റെ ദുഃഖം' എന്ന പഠനത്തിൽ ഗ്രന്ഥകാരൻ വിശദമായി പ്രതിപാദിക്കുന്നുണ്ട്. സഭയുടെ ആരാധനാനുഷ്ഠാനങ്ങളെപ്പറ്റിയുള്ള സുപ്രധാനമായ ചില സൂചനകൾ ഈ ഗ്രന്ഥത്തിൽ അവിടവിടയായി കാണുന്നുണ്ടെന്നുള്ളത് ഈ ഗ്രന്ഥത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിന് കൊടുത്തിരിക്കുന്ന ശീർഷകം ഗ്രന്ഥത്തിന്റെ ഒടുവിലത്തെ പഠനത്തിന്റെ ശീർഷകം തന്നെയാണ്: 'ഒരു സുവിശേഷകന്റെ ദുഃഖം.' എന്തുകൊണ്ട് ഇങ്ങനെയൊരു ശീർഷകം നൽകിയിരിക്കുന്നു? നിനുവായ്ക്ക് സംഭവിപ്പാനിരുന്ന നാശത്തെക്കുറിച്ച് യോന പ്രസംഗിച്ചു. അവർ മാനസാന്തരപ്പെടണമെന്നായിരുന്നില്ല യോനയുടെ ആഗ്രഹം. തന്റെ പ്രവചനം നിറവേറി കാണുമ്പോഴുണ്ടാകുന്ന വമ്പായിരുന്നു യോനയ്ക്ക് പ്രധാനം. എന്നാൽ നിനുവാക്കാർ അനുതപിച്ചു. ദൈവം അവരെ നശിപ്പിച്ചില്ല. അവരോട് കരുണ കാട്ടി. ഇത് യോനയെ ദുഃഖിപ്പിച്ചു. ഇത് ഇന്നത്തെ 'പ്രൊഫഷണൽ' സുവിശേഷകരുടെ മനോഭാവം തന്നെയാണെന്നാണ് ബഹു. വർഗീസ് അച്ചന്റെ പക്ഷം. ആദ്ധ്യാത്മിക ജീവിതത്തിൽ കാണുന്ന ഇത്തരം വൈരുദ്ധ്യങ്ങളും ജീർണ്ണതകളും ഗ്രന്ഥകാ

രൻ വീണ്ടും വീണ്ടും എടുത്തു കാണിക്കുന്നു. ഇത് ഗ്രന്ഥകാരന്റെ ദുഃഖം കൂടിയാണ്. ഈ ദുഃഖം സംവേദിപ്പിക്കാനുള്ള പരിശ്രമമായി "ഒരു സുവിശേഷകന്റെ ദുഃഖം" എന്ന കൃതിയെ കാണാൻ കഴിയും. ഈ ഉദ്യമത്തിൽ ഗ്രന്ഥകർത്താവ് വിജയിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ അനല്പമായ സന്തോഷമുണ്ട്. ഈ ഗ്രന്ഥം അനേകരുടെ ഹൃദയങ്ങളിൽ വെളിച്ചം പരത്തട്ടെ എന്നാശംസിച്ചുകൊണ്ട് ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

# ആമുഖം

1985 മുതൽ മലങ്കര ഓർത്തഡോക്സ് സഭയിലെ വിദ്യാർത്ഥി പ്രസ്ഥാനം, യുവജനപ്രസ്ഥാനം എന്നിവയുടെ വാർഷിക സമ്മേളനങ്ങളിലും, ഭദ്രാസനതലയോഗങ്ങളിലും നടത്തിയ വേദപഠനങ്ങളാണ് "ഒരു സുവിശേഷകന്റെ ദുഃഖം" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നത്.

ഇവയിൽ "അവിശ്വസ്തനായ കാര്യവിചാരകൻ" എന്ന വേദപഠനം 1998–ൽ എം.ജി.ഒ.സി.എസ്.എം.–ന്റെ ഒരു കോൺഫറൻസിനായി തയ്യാറാക്കിയതാണെങ്കിലും അവിചാരിതമായ കാരണങ്ങളാൽ അവതരിപ്പിക്കുവാൻ സാധിച്ചില്ല. അതൊഴിച്ചുള്ള എല്ലാ പഠനങ്ങളും പല വേദികളിലും ഞാൻ പല അവസരങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്.

എന്റെ പ്രിയ സ്നേഹിതനും സഹപ്രവർത്തകനുമായ ബഹുമാനപ്പെട്ട കെ. ജെ. ഗബ്രിയേലച്ചനാണ് ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയിരിക്കുന്നത്. അച്ചനോടുള്ള നന്ദി അറിയിക്കുന്നു.

അമേരിക്കൻ ഭദ്രാസനത്തിലെ ഹൂസ്റ്റൺ പള്ളി ഇടവകവികാരി ബ. സി. ഒ. വറുഗീസ് അച്ചന്റെ നേതൃത്വത്തിലുള്ള ഒരു പ്രസാധക സമിതി ആണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. അച്ചനോടും സമിതിയോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ഈ പ്രസിദ്ധീകരണത്തിൽ താത്പര്യം കാണിച്ച എന്റെ സുഹൃത്തുക്കളായ ഫാ. റ്റി. പി. ഏലിയാസിനോടും, ജോയ്സ് തോട്ടയ്ക്കാടിനോടുമുള്ള നന്ദി രേഖപ്പെടുത്തുകയും, അവരുടെ മുഖ്യ ചുമതലയിൽ പ്രവർത്തിക്കുന്ന സോഫിയാ ബുക്സിന് എല്ലാ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

**ഫാ. ഡോ. ബി. വർഗീസ്**

നവംബർ 2, 1999

# പുതിയ പതിപ്പിന് ആമുഖം

1999–ൽ 'ഒരു സുവിശേഷകന്റെ ദുഃഖം' എന്ന തലക്കെട്ടിൽ പത്തു വേദപഠനങ്ങളാണ് പ്രസിദ്ധീകരിച്ചത്. പുതിയ പതിപ്പിൽ പ്രസാധകനായ ജോയ്സ് തോട്ടയ്ക്കാടിന്റെ ആവശ്യപ്രകാരം ഏഴു വേദപഠനങ്ങൾ കൂടി ചേർത്തിരിക്കുന്നു. ഒന്നാം പതിപ്പ് സ്നേഹത്തോടെ സ്വീകരിച്ച് പ്രോത്സാഹിപ്പിച്ചവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. ഡോ. ബി. വർഗീസ്**

നവംബർ 2, 2014

# ഉള്ളടക്കം


| | | |
|---|---|---|
| അവതാരിക | ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് | 5 |
| ആമുഖം | | 8 |
| 1. | ഭൂതബാധിതന്റെ സൗഖ്യം (മർക്കോസ് 5:1–20) | 11 |
| 2. | നല്ല ശമരിയാക്കാരൻ (ലൂക്കോസ് 10:25–37) | 16 |
| 3. | മുടിയനായ പുത്രന്റെ ഉപമ (ലൂക്കോസ് 15:11–32) | 23 |
| 4. | അവിശ്വസ്തനായ കാര്യവിചാരകൻ (ലൂക്കോസ് 16:1–13) | 30 |
| 5. | പരീശനും ചുങ്കക്കാരനും (ലൂക്കോസ് 18:9–14) | 36 |
| 6. | ആദ്യത്തെ ശുശ്രൂഷകർ (അപ്പോ. പ്രവ. 6:17) | 42 |
| 7. | ദൈവത്തിനു പ്രീതികരമായ യാഗം (റോമ. 12:1) | 49 |
| 8. | നിലനിൽക്കുന്നതും നീങ്ങിപ്പോകുന്നതും (2 കൊരി. 3) | 61 |
| 9. | ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം (ഗലാ. 5:13–20) | 68 |
| 10. | ഒരു സുവിശേഷകന്റെ ദുഃഖം (യോനാ 4:1–4) | 73 |
| 11. | പരിമിതികളുടെ അർത്ഥം | 78 |
| 12. | ശലോമോന്റെ പ്രാർത്ഥന | 82 |
| 13. | നീതിമാനായ യൗസേപ്പ് | 87 |
| 14. | ക്രിസ്തുവിന്റെ പരീക്ഷകൾ | 90 |
| 15. | വിനയത്തിന്റെ മാർഗ്ഗം | 95 |
| 16. | ദൈവത്തിന്റെ മൃദുസ്വരം | 99 |
| 17. | മരണത്തിന്റെ അർത്ഥം | 102 |

# 1

# ഭൂതബാധിതന്റെ സൗഖ്യം

## (മർക്കോസ് 5:1–20)

യേശുക്രിസ്തു ഗദര ദേശത്തെ ഭൂതബാധിതനു സൗഖ്യം നൽകിയ സംഭവം ലൂക്കോസും (8:26–39), മത്തായിയും (8:28–34) വിവരിക്കുന്നുണ്ട്. ലൂക്കോസിന്റെ വിവരണത്തിൽ ഗരസേന്യ ദേശത്തുവച്ചാണ് ഈ സംഭവം നടന്നത്. രണ്ടു ഭൂതഗ്രസ്തരെ സൗഖ്യമാക്കിയെന്ന് മത്തായി പറയുമ്പോൾ മറ്റു രണ്ടു സുവിശേഷകരും ഒരാളുടെ കാര്യമേ പറയുന്നുള്ളു.

കർത്താവിന്റെ പരസ്യ ശുശ്രൂഷയിൽ അശുദ്ധാത്മാക്കളെ പുറത്താക്കുന്നതിന്, അഥവാ ഭൂതഗ്രസ്തരെ സുഖപ്പെടുത്തുന്നതിന് പ്രത്യേക സ്ഥാനം നൽകിയിരുന്നു. ദൈവരാജ്യം സമാഗതമായിരിക്കുന്നു എന്നതിന്റെ അടയാളമാണ് ഭൂതങ്ങളെ പുറത്താക്കുന്നത്. "ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിലോ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നെത്തിയിരിക്കുന്നു സ്പഷ്ടം" (മത്താ. 12:28). ഇതിനു സമാന്തരമായ വാക്യം വി. ലൂക്കോസ് രേഖപ്പെടുത്തുമ്പോൾ 'ദൈവാത്മാവ്' എന്നതിനു പകരം 'ദൈവത്തിന്റെ വിരൽ' (Finger of God)' എന്ന വാക്കാണ് ഉപയോഗിക്കുന്നത് (ലൂക്കോ. 11:20 ഗ്രീക്ക് കാണുക. മലയാളത്തിൽ 'ദൈവത്തിന്റെ ശക്തി').

സാത്താന്റെ മേലുള്ള വിജയത്തോടു കൂടിയാണ് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത്. സൗഖ്യദാനം (healing) ദൈവരാജ്യ സ്ഥാപനത്തിന്റെ പ്രഥമപടിയാണ്. വീണുപോയ സൃഷ്ടിയുടെ പുനഃസ്ഥാപനത്തിന്റെ ഭാഗമാണിത്. സാത്താന്റെ പിടിയിൽ നിന്നും മനുഷ്യരെ വിമുക്തരാക്കുന്ന പ്രക്രിയയുടെ ഭാഗമായിട്ടുവേണം ഭൂതങ്ങളെ പുറത്താക്കുന്നതു മനസ്സിലാക്കുവാൻ.

1. "അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറകളിൽ നിന്നും വന്ന് അവനെ എതിരേറ്റു" (മർക്കോസ് 5:2).

വിജനപ്രദേശമാണ് സെമിത്തേരി; അവിടെ കൂടുതൽ സമയം ചെലവഴിക്കാൻ ആർക്കും താത്പര്യമില്ല. അവിടെ രാപാർക്കുന്ന പ്രശ്നമേയില്ല. അവിടെയാണ് അശുദ്ധാത്മാവ് ആ മനുഷ്യനെ കൊണ്ടുപോയി താമസിപ്പിച്ചത്. സാത്താനു ചെയ്യാവുന്ന ഏറ്റവും വലിയ ദ്രോഹം ഒരാളെ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തുകയാണ്. മറ്റുള്ളവരുമായുള്ള ബന്ധത്തിന്റെ കണ്ണികളെ ഓരോന്നായി അറുക്കുകയാണ് സാത്താൻ ചെയ്യുന്നത്.

എല്ലാവരിൽ നിന്നും ഒറ്റപ്പെട്ടു കഴിഞ്ഞാൽ അവനെ പൂർണ്ണമായി പിടിയിലാക്കാം. മറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കുന്നതിനാണ് ആ മനുഷ്യൻ കല്ലറകളിൽ താമസമാക്കിയത്.

ദൈവാത്മാവുള്ള ഒരാൾക്ക് സമൂഹത്തിൽ നിന്നും, സഭയിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കാനാവില്ല. കാരണം, ദൈവാത്മാവ് സംസർഗ്ഗത്തിന്റെ (communion) ആത്മാവാണ്. ദൈവാത്മാവ് വ്യക്തികളെ തമ്മിൽ സംയോജിപ്പിക്കുന്നു. ഗലാത്യർ 5:22-23-ൽ ആത്മാവിന്റെ ഫലത്തെപ്പറ്റി പറയുന്നുണ്ട്. വ്യക്തിബന്ധങ്ങളെ അരക്കിട്ട് ഉറപ്പിക്കുന്നതാണ് ആത്മാവിന്റെ ഫലം. വ്യക്തികളെ തമ്മിലും വ്യക്തികളെ ക്രിസ്തുവിനോടും ദൈവാത്മാവ് സംയോജിപ്പിക്കുന്നു.

ഗലാത്യർ 5:19-21-ൽ ജഡത്തിന്റെ പ്രവൃത്തികളെപ്പറ്റി വി. പൗലൂസ് പറയുന്നു. അവയിൽ പക, പിണക്കം, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം (discension), ഭിന്നത (party spirit) എന്നിവയുണ്ട്. അശുദ്ധാത്മാവ് ഇവ മനുഷ്യരിൽ ഉയർത്തിവിട്ട് അവരെ തമ്മിൽ അകറ്റുന്നു.

ഗദരെ ദേശത്തെ ഭൂതബാധിതനെപ്പോലെ ഒറ്റയാന്മാരായി നടക്കുന്നവർ നമ്മുടെയിടയിലുണ്ട്. മറ്റുള്ളവരുമായി ചേർന്നു പോകുവാൻ കഴിയാത്തവർ 'അഡ്ജസ്റ്റ്' ചെയ്യുവാൻ കഴിയാത്തവർ സാത്താന്റെ പിടിയിലാണ്.

അശുദ്ധാത്മാവ് ബാധിച്ചയാൾ വീട്ടിൽ പാർക്കാതെ കല്ലറകളിൽ ആണ് വസിച്ചിരുന്നതെന്ന് ലൂക്കോസ് (8:27) പറയുന്നു. പലസ്തീനിലെ കല്ലറകളിൽ പലതും പാറയിൽ തുരന്നുണ്ടാക്കി, കൽപ്പലകകൊണ്ടു മൂടുന്നവയായിരുന്നു. അശുദ്ധാത്മാവ് വ്യക്തികളെ സ്വാർത്ഥതയുടെ കല്ലറയിൽ അടച്ചിടുന്നു. അവരെ അന്തർമുഖരാക്കുന്നു; openness ഇല്ലാത്തവരാക്കുന്നു; കാപട്യത്തിന്റെ മൂടുപടമണിയിക്കുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ തെളിവ് വ്യക്തികളിലെ സുതാര്യത (transparency), openness ആണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ അഭിഷേകത്തോട്, അതായത് എണ്ണയുടെ പ്രവർത്തനത്തോട് ഉപമിച്ചിരിക്കുന്നത് അർത്ഥവത്താണ്. എണ്ണ കടലാസിനെ സുതാര്യമാക്കുന്നു. അതേ രീതിയിൽ പരിശുദ്ധാത്മാവ് വ്യക്തികളെ സുതാര്യരാക്കുന്നു; സ്വഭാവ നൈർമ്മല്യമുള്ളവരാക്കുന്നു, കാപട്യമില്ലാത്തവരാക്കിത്തീർക്കുന്നു.

സാത്താന് ചെയ്യാൻ സാധിക്കുന്ന മറ്റൊരു സംഗതി വ്യക്തികളിൽ self-confidence ഇല്ലാതാക്കുകയാണ്. സമൂഹത്തെ നേരിടാനുള്ള മനോധൈര്യം ഇല്ലാതായതിന്റെ ഭാഗമായിട്ടാണ് അശുദ്ധാത്മാവ് ബാധിച്ചയാൾ ശവക്കല്ലറകളിൽ അഭയം തേടിയത്. അതോടെ അയാൾ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുകയും, പ്രവർത്തനരഹിതനാവുകയും ചെയ്തു.

മനുഷ്യൻ നിഷ്ക്രിയനാവുന്നതാണ് സാത്താന് ഏറ്റവും സന്തോഷമുള്ള കാര്യം. കാരണം മടിയന്റെ മനസ്സാണ് സാത്താന്റെ പണിപ്പുര. അവിടെ നിന്നാണ് പ്രശ്നങ്ങളുടെ മുളകൾ പൊട്ടിപ്പുറപ്പെടുന്നത്.

2. "ആർക്കും അവനെ അടക്കുവാൻ കഴിഞ്ഞില്ല" (5:3-4).

ആരോടും ചേർന്നു പോകാത്തവർ, 'ടീം സ്പിരിറ്റ്' ഇല്ലാത്തവർ, ദൈവാത്മാവ് ഇല്ലാത്തവരാണ്. ഒട്ടും വിട്ടുവീഴ്ച ചെയ്യാത്തവർ, കഠിന ഹൃദയന്മാർ അശുദ്ധാത്മാവിന്റെ പിടിയിലാണ്.

'ആർക്കും അവനെ അടക്കുവാൻ കഴിഞ്ഞില്ല' എന്ന് മർക്കോസ് എഴുതുന്നത് ശ്രദ്ധേയമാണ്. ലോകത്തിൽ തിന്മയാണ് പലപ്പോഴും ശക്തമായിരിക്കുന്നത്. നേരെമറിച്ച് നന്മ ബലഹീനമാണ്. നന്മയുള്ളവരും ബലഹീനരാണ്. തിന്മയ്ക്കാണ് പലപ്പോഴും ശക്തി, പണത്തിന്റെയും അധികാരത്തിന്റെയും പ്രചരണങ്ങളുടെയും ശക്തിയിൽകൂടി തിന്മ പലപ്പോഴും പ്രകടമാവുന്നു. എന്നാൽ നന്മ ബലഹീനമായും നിസ്സഹായാവസ്ഥയിലുമാണ് കാണപ്പെടുന്നത്. ന്യായവിധി സമയത്ത് യേശുക്രിസ്തു ബലഹീനനെപ്പോലെ നിശബ്ദനായി, നിസ്സഹായനായി നിൽക്കുകയായിരുന്നു.

3. "അവൻ രാവും പകലും കല്ലറകളിലും മലകളിലും ഇടവിടാതെ നിലവിളിച്ചും തന്നത്താൻ കല്ലുകൊണ്ടു ചതെച്ചും പോന്നു" (വാ. 5).

തന്റെ സാന്നിദ്ധ്യം അറിയിക്കാനാണ് അശുദ്ധാത്മാവ് ആ മനുഷ്യനിലൂടെ നിലവിളിച്ചിരുന്നത്. തിന്മ എപ്പോഴും ശബ്ദമുണ്ടാക്കുന്നതാണ്. അത് വാചാലമാണ്. എന്നാൽ മിക്ക അവസരത്തിലും നന്മ നിശബ്ദമാണ്. ക്രിസ്തുവിന്റെ പീഡാനുഭവം ഇതിന്റെ നല്ല ഉദാഹരണമാണ്. വിസ്താരസമയത്ത് ക്രിസ്തു മൗനമായി നിന്നുവെന്ന് സുവിശേഷകന്മാർ ചൂണ്ടിക്കാണിക്കുന്നു (മത്താ. 27:12-13).

നന്മയും തിന്മയും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഈ സംഭവത്തിൽ കാണേണ്ടത്. ക്രിസ്തു - പരമനന്മ - നിശബ്ദനായി നിൽക്കുന്നു. തിന്മ വാചാലമാണ്. ക്രിസ്തുവിനെതിരെ - നന്മക്കെതിരെ - തിന്മ കുറ്റങ്ങൾ ആരോപിക്കുന്നു; ബഹളം വെക്കുന്നു. ഇന്നു ലോകത്തിൽ നന്മ നിശബ്ദമാണ്. നന്മയുള്ളവർ പൊതുവേ നിശബ്ദരാണ്. കാരണം നന്മയ്ക്ക് "പബ്ലിസിറ്റി" ആവശ്യമില്ലാത്തതുകൊണ്ട് കൂടുതൽ വാചാലമാകേണ്ട ആവശ്യമില്ല. തിന്മയ്ക്ക് അത് ആവശ്യമായതുകൊണ്ട് കൂടുതൽ ശബ്ദമുണ്ടാക്കുന്നു.

ഇന്ന് വാർത്താമാധ്യമങ്ങളിൽ സത്യത്തേക്കാൾ അസത്യമാണ് നാം കൂടുതലായി കേൾക്കുന്നത്. നന്മയുള്ളവർ അധികം സംസാരിച്ച് സാന്നിധ്യം വിളിച്ചറിയിച്ച് നടക്കാറില്ല. തിന്മയാണ് ബഹളം വച്ചു നടക്കുന്നത്.

അവാർഡുകളുടെയും ബഹുമതികളുടെയും വാർത്തകൾ ദിവസേന പത്രങ്ങളിൽ വായിക്കാറുണ്ട്. അവയിൽ ബഹുഭൂരിപക്ഷവും വ്യക്തികളുടെ കഴിവിന്റെയും നന്മയുടെയും അംഗീകാരമായിത്തീരുന്നത് വളരെ അപൂർവ്വമായിട്ടാണ്. കാപട്യത്തിന്റെയും അഹന്തയെ പെരുപ്പിച്ചു കാണിക്കുന്നതിന്റെയും ഭാഗമായി പണം കൊടുത്തു വാങ്ങിക്കുന്നവയാണ് പല ബഹുമതികളും. നെല്ല് അളന്നു കൊടുത്താൽ മരണവീട്ടിൽ ചെന്ന് 'പുട്ടിലിൽ' കൊട്ടി വിലപിക്കുവാൻ ആളു കൂടുന്ന രീതി രണ്ടു തലമുറകൾക്കു മുമ്പുണ്ടായിരുന്നു. തടിച്ച കവറുകൾ കൊടുത്താൽ, ആരെ വേണമെങ്കിലും വാനോളമുയർത്താൻ തയ്യാറുള്ള "പുട്ടിൽ സാഹിത്യകാരന്മാർ" പ്രസംഗ കമ്പോളത്തിൽ സുലഭമാണ്. ഇത്തരം ബഹളങ്ങൾ സമൂഹത്തിൽ അശുദ്ധാത്മാവ് ബാധിച്ചിരിക്കുന്നതിന്റെ അടയാളമല്ലേ?

പീലാത്തോസിന്റെ മുമ്പിൽ യേശുവും ബറബാസും നിൽക്കുന്ന രംഗം ഹൃദയസ്പർശിയാണ്. അവിടെ ക്രിസ്തുവിനുവേണ്ടി ശബ്ദമുയർത്തുവാൻ ആരുമില്ലായിരുന്നു. ബറബാസിനു വേണ്ടി ജനങ്ങൾ ഒന്നടങ്കം ആർത്തു വിളിച്ചു.

നന്മയ്ക്ക്, സത്യത്തിന്, വലിയ പിന്തുണ കിട്ടിയെന്നു വരികയില്ല. പലപ്പോഴും ഭൂരിപക്ഷം പിന്തുണയ്ക്കുന്നതും അംഗീകരിക്കുന്നതും തിന്മയെയും, കാപട്യത്തേയും ആയിരിക്കും. ഭൂരിപക്ഷത്തിന്റെ തീരുമാനം എപ്പോഴും സത്യമായിരിക്കണമെന്നില്ലെന്ന് സോക്രട്ടീസ് പറഞ്ഞു. ഭൂരിപക്ഷത്തിന്റെ തീരുമാനം എപ്പോഴും ശരിയാകണമെന്നുമില്ല. അനുദിന ജീവിതത്തിൽ ഇതിന് അനേക ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും.

അസത്യവും തിന്മയും ആയിരിക്കും കൂടുതൽ വാചാലം. ഭൂതബാധിതന്റെ അട്ടഹാസത്തിന്റെ അർത്ഥമിതാണ്. അശുദ്ധാത്മാവ് ബാധിച്ച വ്യക്തി 'തന്നത്താൻ കല്ലുകൊണ്ടു ചതെച്ചു പോന്നു.' തന്റെ സാന്നിദ്ധ്യമറിയിക്കുവാനാണ് ഇതു ചെയ്തത്. അശുദ്ധാത്മാവുള്ളയാൾ സ്വയം നശിപ്പിക്കുവാൻ ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നു.

4. "നിന്റെ പേരെന്ത് എന്ന് അവനോടു ചോദിച്ചതിന് എന്റെ പേര് ലെഗ്യോൻ, ഞങ്ങൾ പലർ ആകുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു" (വാ. 9). ഇവിടെ ഒരേ വാചകത്തിൽ ഏകവചനവും ബഹുവചനവും ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. തിന്മയ്ക്ക് ബാഹ്യമായി ഐക്യം ഉണ്ടെന്നു തോന്നുന്നുവെങ്കിലും, ശിഥിലമായ ഒരു ശക്തിയാണത്. തിന്മയുടെ പ്രവർത്തനം തന്നെ സൃഷ്ടിയുടെ ശിഥിലീകരണമാണ്. മനുഷ്യരെ തമ്മിലും, മനുഷ്യരെ ദൈവത്തിൽ നിന്നും അകറ്റുവാനാണ് സാത്താൻ ശ്രമിക്കുന്നത്.

എന്നാൽ ദൈവാത്മാവ് ചെയ്യുന്നത് മനുഷ്യരെ സംയോജിപ്പിക്കുകയാണ്. പരിശുദ്ധാത്മാവ് മനുഷ്യരെ ക്രിസ്തുവിൽ ഒന്നാക്കി ദൈവമക്കളാക്കിത്തീർക്കുന്നു. സൃഷ്ടിയെ ഛിന്നഭിന്നവും, വികലവുമാക്കാനാണ് സാത്താൻ പരിശ്രമിക്കുന്നത്. വ്യത്യസ്ത പദ്ധതികൾ വ്യക്തിഹൃദയങ്ങളിൽ അതിനായി സാത്താൻ രൂപീകരിക്കുന്നു.

5. വാക്യം 10-13.

പന്നികളിൽ കടക്കുവാൻ ലെഗ്യോൻ അനുവാദം ചോദിക്കുന്നു. പഴയനിയമ ചിന്തയിൽ പന്നി അശുദ്ധജീവിയാണ്. അശുദ്ധാത്മാവുള്ളവർ അശുദ്ധമായ കൂട്ടുകെട്ടാണ് ഇഷ്ടപ്പെടുന്നത്.

പന്നികളിൽ കടന്നെങ്കിലും അവയ്ക്ക് ലെഗ്യോനെ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. അവ കടലിലേക്ക് പാഞ്ഞുപോകുന്നു. എന്തുകൊണ്ടാണ് പന്നിക്കൂട്ടം നശിക്കുവാൻ യേശു അനുവദിച്ചത്? തിന്മയുടെ സ്വഭാവവും അതിന്റെ സഹവാസം മൂലമുള്ള ഫലവും വെളിപ്പെടുത്തുവാനാണ്. സ്വയം നശിക്കുവാനുള്ള പ്രവണതയും, നാശത്തിലേക്ക് സൃഷ്ടിയെ നയിക്കുന്നതുമാണ് തിന്മയുടെ പ്രത്യേകത. അശുദ്ധാത്മാവിന് ആ മനുഷ്യനെ നശിപ്പിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് സ്വയം അവ നശിക്കുന്നു.

തിന്മയുടെ ശക്തികൾ ഇന്നും ലോകത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യക്തികളിൽ കൂടിയും, സമൂഹത്തിൽ കൂടിയും അവ പ്രവർത്തിക്കുന്നു. അവയുടെ പിടിയിൽ നിന്നും ലോകത്തിന് വിമോചനം ലഭ്യമാകുന്ന അവസ്ഥയാണ് ദൈവരാജ്യം. മനുഷ്യരെയും സമൂഹത്തെയും നാം നന്മയിലേക്കു നയിക്കുമ്പോൾ ഒരർത്ഥത്തിൽ നാം ഒരു ബഹിഷ്ക്കരണ (exorcism) മാണ് നടത്തുന്നത്.

സ്വാർത്ഥതയുടെയും കാപട്യത്തിന്റെയും അശുദ്ധാത്മാക്കൾ ബാധിച്ച വ്യക്തികൾ നമുക്കു ചുറ്റുമുണ്ട്. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് അധികാരത്തിന്റെയും, പണത്തിന്റെയും, അഹങ്കാരത്തിന്റെയും കല്ലറയിൽ കഴിയുന്നവർ. ശക്തി കാണിക്കുവാൻ അവർ ബഹളമുണ്ടാക്കാറുണ്ട്. അവരുടെ ശുദ്ധീകരണ (exorcism) ത്തിനുള്ള ചുമതല ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്നു.

❑

# 2

# നല്ല ശമരിയാക്കാരൻ

## (ലൂക്കോസ് 10:25–37)

വി. ലൂക്കോസിന്റെ സുവിശേഷത്തിന്റെ പ്രത്യേകത കർത്താവിന്റെ അതിമനോഹരങ്ങളായ ഉപമകൾ നൽകിയിരിക്കുന്നതാണ്. വിശ്വസാഹിത്യത്തിലെ ഏതൊരു കഥയോടും കിടപിടിക്കുന്നവയാണ് അവയെല്ലാം തന്നെ. നല്ല ശമര്യാക്കാരൻ, മുടിയനായ പുത്രൻ, ധനവാനും ലാസറും, പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥന തുടങ്ങി ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന ഉപമകളുണ്ട്.

1. ഒരു ന്യായശാസ്ത്രിയുടെ ചോദ്യത്തിനുള്ള മറുപടിയായി കർത്താവ് പറഞ്ഞതാണ് നല്ല ശമര്യാക്കാരന്റെ ഉപമ. ഒരു ന്യായശാസ്ത്രി, അതായത് പഴയനിയമ പണ്ഡിതൻ "ഗുരോ നിത്യജീവന് അവകാശിയായി ത്തീരുവാൻ എന്തു ചെയ്യണം" എന്ന് *അവനെ പരീക്ഷിച്ചു ചോദിച്ചു*, എന്നു ലൂക്കോസ് വ്യക്തമാക്കുന്നു (10:25). അയാൾക്ക് ഉത്തരം അറിയാൻ പാടില്ലാത്തതുകൊണ്ടല്ല. നേരെമറിച്ച് യേശുവിനെ പരീക്ഷിക്കുവാൻ വേണ്ടിയാണ് ചോദ്യമുന്നയിച്ചത്.

ഒരു ന്യായപ്രമാണ പണ്ഡിതന് ഇത്തരമൊരു ചോദ്യം ഉന്നയിക്കേണ്ട ആവശ്യമില്ല. ന്യായപ്രമാണം അക്ഷരംപ്രതി അനുസരിച്ചാൽ നിത്യജീവൻ ലഭിക്കുമെന്ന് ഏതൊരു ന്യായശാസ്ത്രിക്കുമറിയാം.

തന്നെ പരീക്ഷിക്കുവാനുള്ള ചോദ്യമാണെന്ന് യേശുവിന് മനസ്സിലായി. അതുകൊണ്ട് ചോദ്യകർത്താവിനെക്കൊണ്ടു തന്നെ താൻ മറുപടി പറയിക്കുന്നു (10:26–27). ആവ. 6:5, ലേവ്യ 19:18 എന്നീ വാക്യങ്ങളാണ് ആ പണ്ഡിതൻ ഉദ്ധരിക്കുന്നത്. അവന്റെ മറുപടിയിൽ യേശു തൃപ്തനായി. (10:28). എന്നാൽ ശാസ്ത്രി വിട്ടുകൊടുത്തില്ല. വീണ്ടും അയാൾ ചോദിക്കുന്നു: "എന്റെ കൂട്ടുകാരൻ ആര്?"

ഈ ചോദ്യം നമ്മിൽ അത്ഭുതമുളവാക്കിയേക്കാം. കൂട്ടുകാരൻ ആരെന്ന് നമ്മോടു ചോദിച്ചാൽ ഉടനടി നമുക്കുത്തരം കാണും. "എന്റെ അഭിപ്രായത്തോടു യോജിക്കുന്നവൻ, എന്റെ സാമീപ്യം ഇഷ്ടപ്പെടുന്നവൻ, ഒരുമിച്ചു കൂടെ കൊണ്ടുനടക്കുവാൻ സാധിക്കുന്നവൻ, വിശ്വസ്തൻ" എന്നിങ്ങനെയുള്ള മറുപടിയായിരിക്കും നമ്മിൽ പലർക്കും ഉള്ളത്.

ഒരു യഹൂദന്റെ കൂട്ടുകാരൻ മതതീക്ഷ്ണതയുള്ള മറ്റൊരു യഹൂദ

നാണ്. ന്യായപ്രമാണം ആചരിക്കാത്ത യഹൂദനെ കൂട്ടുകാരനായി കാണുവാൻ തീക്ഷ്ണതയുള്ള യഹൂദന് സാധിച്ചിരുന്നില്ല. യഹൂദനല്ലാത്തവനെ 'പുറജാതിക്കാരനായ പട്ടി' (Gentile dog) എന്നാണ് യഹൂദൻ വിളിച്ചിരുന്നത്. 'എന്റെ കൂട്ടുകാരൻ ആര്?' എന്നു ചോദിക്കുമ്പോൾ ഈ രീതിയിലുള്ള ഒരു മറുപടി യേശു നൽകുമെന്നാണ് ശാസ്ത്രി വിചാരിച്ചിരുന്നത്. എന്നാൽ മറുപടിയായി കർത്താവ് ഒരു ഉപമ പറയുന്നു.

ഒരാൾ യെറുശലേമിൽ നിന്ന് യെറീഹോവിലേക്ക് പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു. യെറുശലേമും യെറീഹോവും തമ്മിൽ 20 കിലോമീറ്റർ ദൂരമേയുള്ളു. യെറുശലേം സമുദ്രനിരപ്പിൽ നിന്നും 2500 അടി ഉയരത്തിലും, യെറീഹോം 800 അടി താഴെയുമാണ്. രണ്ടു പട്ടണങ്ങൾ തമ്മിലുള്ള ദൂരം 20 കി. മീ. ആണെങ്കിലും altitude-ൽ 3300 അടി വ്യത്യാസമുണ്ട്.

യറീഹോവിലേക്കുള്ള വഴി എക്കാലവും അപകടം പിടിച്ചതായിരുന്നു. അഞ്ചാം ശതകത്തിൽ ജറോം ഇതിനെ "രക്തത്തിന്റെ അഥവാ ചുവന്ന പാത" (Red or Bloody Way) എന്നാണ് വിശേഷിപ്പിക്കുന്നത്. 1930-ൽ പോലും ഈ വഴിയിൽ കൊള്ളക്കാർ ഉണ്ടായിരുന്നതായി ചില യാത്രാവിവരണങ്ങളിൽ കാണുന്നു. കർത്താവിന്റെ കാലത്തു തന്നെ ഇത് അപകടം നിറഞ്ഞ വഴിയായിരുന്നു.

കർത്താവിന്റെ ഉപമയുടെ ഉള്ളടക്കം ഇങ്ങനെയാണ്. യെറീഹോവിലേക്കു പോകുന്ന യാത്രക്കാരൻ വഴിയിൽ വച്ച് കള്ളന്മാരുടെ പിടിയിൽ അകപ്പെട്ടു. അവർ അവന്റെ വസ്തുക്കൾ മോഷ്ടിച്ചശേഷം മുറിവേൽപ്പിച്ച് അർദ്ധപ്രാണനായി വിട്ടേച്ചുപോയി. ഇത്രയും കഥയുടെ ആമുഖം മാത്രമാണ്. പ്രധാന ഭാഗം ഇനിയുള്ളതാണ്.

2. യാദൃശ്ചികമായി ആ വഴി വന്ന ഒരു പുരോഹിതൻ മുറിവേറ്റവനെ കണ്ട് മാറി കടന്നുപോയി. അങ്ങനെതന്നെ ഒരു ലേവ്യനും ചെയ്തു. ലേവ്യൻ ഒരു പുരോഹിതനല്ല. ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്ന ലേവ്യ ഗോത്രക്കാരനാണയാൾ.

എന്തുകൊണ്ടാണ് പുരോഹിതൻ മാറി കടന്നുപോയത്? യഹൂദനിയമമനുസരിച്ച് ശവശരീരം തൊട്ടാൽ ഒരാൾ അശുദ്ധനായിത്തീരും. മുറിവേറ്റു കിടക്കുന്നവൻ, മരിച്ചവനാണോ എന്നു തീർച്ചയില്ല. അവനെ തൊട്ടാൽ അശുദ്ധമാകും. സംഖ്യ 19:11 അനുസരിച്ച് ശവശരീരം തൊടുന്നവൻ ഏഴു ദിവസം അശുദ്ധനായിരിക്കണം. അവൻ മുറിവേറ്റു രക്തത്തിൽ കുളിച്ചു കിടക്കുകയാണ്. രക്തം തൊട്ടാലും അശുദ്ധനാകും, ഇവൻ പുറജാതിക്കാരനാണോ എന്നും നിശ്ചയമില്ല, പുറജാതിക്കാരനെ

സ്പർശിച്ചാലും അശുദ്ധനാകും. അതിനാൽ മതപരമായ ശുദ്ധി നഷ്ട പ്പെടാതിരിക്കുവാൻ പുരോഹിതൻ മുറിവേറ്റവനെ മാറി കടന്നുപോയി. ഒരു പക്ഷേ പുരോഹിതൻ യറുശലേമിൽ ദേവാലയത്തിൽ ബലിയർപ്പി ക്കുവാൻ പോവുകയായിരുന്നിരിക്കണം. അശുദ്ധനാകാതെ സ്ഥലത്തെ ത്തണം എന്ന ചിന്ത മാത്രമേ അയാൾക്കുണ്ടായിരുന്നിരിക്കയുള്ളു. അതേ ചിന്ത കൊണ്ടായിരിക്കാം ലേവ്യനും കടന്നുപോയത്. അതുകഴിഞ്ഞ് ഒരു ശമര്യാക്കാരൻ ആ വഴി വന്നു. മുറിവേറ്റവനെ കണ്ട് വാഹനത്തിൽ നിന്നും താഴെയിറങ്ങി. ഇവിടെ സുവിശേഷത്തിൽ വാഹനം എന്നു മാത്രമേ പറയുന്നുള്ളു. അയാൾ സഞ്ചരിച്ചിരുന്നത് കഴുതപ്പുറത്തായി രുന്നിരിക്കണം. കാരണം ഒരു വാഹനത്തിനു പോകുവാനുള്ള വഴി അക്കാ ലത്ത് ഉണ്ടായിരുന്നില്ല.

3. ആരാണ് ശമര്യാക്കാരൻ? ശലോമോൻ രാജാവിന്റെ കാലശേഷം ഇസ്രായേൽ വിഭജിക്കപ്പെട്ടു. വടക്കുഭാഗത്തിന് ഇസ്രായേൽ എന്നും തെക്കുഭാഗത്തിന് യഹൂദ്യ എന്നും പേരുണ്ടായി. ബി.സി. എട്ടാം നൂറ്റാ ണ്ടിൽ അസീറിയയിലെ രാജാവായ സാർഗോൻ വടക്കേരാജ്യമായ ഇസ്രാ യേൽ കീഴടക്കി. ഇസ്രായേലിലെ ജനങ്ങളെ അടിമകളാക്കി അസീറിയ യിലേക്കു കൊണ്ടുപോയി. പകരം അസീറിയയിൽ നിന്നും ബാബിലോ ണിൽ നിന്നും ആളുകളെ കൊണ്ടുവന്ന് ഇസ്രായേലിൽ താമസിപ്പിച്ചു. വിദേശികളും ഇസ്രായേല്യരും തമ്മിലുണ്ടായ ബന്ധത്തിൽ ജനിച്ച സങ്ക രവർഗ്ഗമാണ് ശമര്യാക്കാർ. യഹൂദന്മാർക്ക് ഇവരെ പുച്ഛമായിരുന്നു.

വർഗശുദ്ധി നഷ്ടപ്പെട്ട ശമര്യാക്കാരെ നിഷിദ്ധരായിട്ടാണ് യഹൂദന്മാർ കണക്കാക്കിയിരുന്നത്. യേശുവും ശമര്യാക്കാരിയും തമ്മിലുണ്ടായ സംഭാഷണത്തിൽ ഇതേപ്പറ്റി സൂചനയുണ്ട്. യേശു അവളോടു വെള്ളം ചോദിച്ചപ്പോൾ അവൾക്ക് അത്ഭുതമുണ്ടായി. “നീ യഹൂദനായിരിക്കെ, ശമര്യാക്കാരിയായ എന്നോടു വെള്ളം ചോദിക്കുന്നതെന്ത്?” എന്നവൾ ചോദിക്കുന്നു (യോഹ. 4:9). യഹൂദന്മാർക്ക് ശമര്യാക്കാരോടുള്ള മനോ ഭാവം അയിത്തത്തിന്റേതായിരുന്നു.

ഒരു ശമര്യാക്കാരനെ പുറജാതിക്കാരനായിട്ടു മാത്രമേ യഹൂദന്മാർ കണക്കാക്കിയിരുന്നുള്ളു. അങ്ങനെയുള്ള ഒരു ശമര്യാക്കാരൻ മുറിവേറ്റ വനെ സഹായിച്ചു എന്നാണ് കർത്താവ് പറയുന്നത്. അയാൾ ജന്മനാ തന്നെ ശമര്യാക്കാരൻ ആയിരുന്നു എന്നർത്ഥമാക്കണമെന്നില്ല. കാരണം യോഹ. 8:48-ൽ യഹൂദന്മാർ യേശുവിനെതന്നെ “ശമര്യാക്കാരൻ” എന്നു വിളിച്ച് ആക്ഷേപിക്കുന്നുണ്ട്. ന്യായപ്രമാണത്തെ ലംഘിക്കുന്നവൻ, വേദ വിപരീതി എന്ന അർത്ഥത്തിലാണ് കർത്താവിനെ ‘ശമര്യാക്കാരൻ’ എന്നു വിളിച്ചത്.

ചുരുക്കത്തിൽ ശമര്യാക്കാരൻ, യഹൂദനെ സംബന്ധിച്ചിടത്തോളം ദൈവപരിജ്ഞാനമില്ലാത്ത പുറജാതിക്കാരനാണ്. അങ്ങനെയുള്ള ഒരു ശമര്യാക്കാരൻ മുറിവേറ്റവനെ സഹായിക്കുന്നു. അവന്റെ മുറിവിൽ എണ്ണയും വീഞ്ഞും ഒഴിച്ച് പ്രഥമ ശുശ്രൂഷകൾ നൽകി. മുറിവേറ്റവന്റെ ജാതിയെപ്പറ്റിയോ ഭാഷയെപ്പറ്റിയോ ഉപമയിൽ പരാമർശിക്കുന്നില്ല. ശമര്യാക്കാരൻ അതൊട്ട് അന്വേഷിച്ചതുമില്ല. അയാൾ അവനെ തന്റെ വാഹനത്തിൽ കയറ്റി ഒരു സത്രത്തിൽ എത്തിച്ചു. അവന്റെ ശുശ്രൂഷയ്ക്ക് ആവശ്യമായ രണ്ട് വെള്ളിക്കാശ് സത്രമുടമയെ ഏല്പിച്ചു. അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാം എന്നു പറഞ്ഞു. ഉപമ ഇവിടെ അവസാനിക്കുന്നു. തുടർന്ന് യേശു ന്യായശാസ്ത്രിയോട് വീണ്ടും ചോദിക്കുന്നു: “കള്ളന്മാരുടെ കൈയിൽ അകപ്പെട്ടവന് ഈ മൂവരിൽ ഏവൻ കൂട്ടുകാരനായിത്തീർന്നു എന്നു നിനക്കു തോന്നുന്നു?” (ലൂക്കോ. 10:36). ശാസ്ത്രിക്ക് ഉത്തരം പറയാതിരിക്കുവാൻ കഴിയുമായിരുന്നില്ല. “അവനോടു കരുണ കാണിച്ചവൻ” എന്ന് അയാൾ മറുപടി നൽകി. “നീയും പോയി അങ്ങനെതന്നെ ചെയ്യുക” എന്നു പറഞ്ഞ് യേശു അയാളെ യാത്രയാക്കുന്നു.

മുറിവേറ്റു കിടന്നവന് പുരോഹിതനും ലേവ്യനും സ്നേഹിതനായില്ല. ശമര്യാക്കാരനാണ് അവന്റെ സ്നേഹിതനായി, അയൽക്കാരനായി അവനു സഹായമെത്തിച്ചത്.

4. അഗസ്തീനോസ് ഈ ഉപമയ്ക്ക് നൽകുന്ന ആലങ്കാരിക വ്യാഖ്യാനം രസാവഹമാണ്. അദ്ദേഹത്തിന്റെ ചിന്തയിൽ യറുശലേം സ്വർഗ്ഗത്തിന്റെയും യെറീഹോ ഭൂമിയുടെയും പ്രതീകങ്ങളാണ്. ദൈവം സൃഷ്ടിച്ച, അതായത് സ്വർഗ്ഗത്തിൽ ഉൽഭവിച്ചവനായ ആദാം ഭൂമിയിൽ കള്ളന്മാരുടെ (സാത്താന്റെയും സൈന്യത്തിന്റെയും) പിടിയിൽ അകപ്പെട്ടു. അവർ അവനിൽ പാപത്തിന്റെ മുറിവേൽപ്പിച്ചു. കടന്നുപോയ പുരോഹിതനും ലേവ്യനും ന്യായപ്രമാണമാണ്. പാപത്തിൽ വീണു മുറിവേറ്റ ആദാമിനെ സൗഖ്യമാക്കുവാൻ ന്യായപ്രമാണത്തിനു കഴിഞ്ഞില്ല. ഒടുവിൽ ശമര്യാക്കാരൻ (ക്രിസ്തു) വന്നു. അവന്റെ വാഹനം മനുഷ്യാവതാരത്തിൽ എടുത്ത ശരീരമാണ്. മുറിവിൽ ഒഴിച്ച എണ്ണയും വീഞ്ഞും വി. മാമോദീസായും വി. കുർബ്ബാനയുമാണ്. വഴിയമ്പലം സഭയാണ്. വീണ്ടും വരാമെന്നു പറഞ്ഞത് രണ്ടാമത്തെ വരവിനെക്കുറിച്ചാണ്. വളരെ അർത്ഥസമ്പുഷ്ടമായ വ്യാഖ്യാനമാണിതെന്നതിൽ സംശയമില്ല. എന്നാൽ ഈ ഉപമയിലൂടെ യേശു ഇന്ന് നമ്മോടു പറയുന്നതെന്താണ്?

ഇന്നും സഭയുടെ റോൾ എന്താണ്? വഴിയമ്പലമുടമയുടേതല്ലേ? അതായത് ക്രിസ്തീയ ശുശ്രൂഷയെ ആദായമുള്ള ഒരു ബിസ്സിനസ്സായി

നാം മാറ്റിയിരിക്കുകയല്ലേ? ആതുരശുശ്രൂഷയും വിദ്യാഭ്യാസവും ഒരു ബിസ്സിനസ്സായിട്ടല്ലേ ഇന്ന് പരിണമിച്ചിരിക്കുന്നത്. സാമ്പത്തികമായി മുറിവേറ്റു കിടക്കുന്നവർക്ക് പണം നൽകിയാൽ മാത്രം 'ശുശ്രൂഷ' ലഭിക്കുന്ന സത്രങ്ങളല്ലേ ഈ രണ്ടു മേഖലകളും?

6. അശുദ്ധനാകാതെ കടന്നുപോയ പുരോഹിതനേക്കാൾ ശ്രേഷ്ഠൻ ന്യായപ്രമാണം അറിയാൻ പാടില്ലാത്ത ശമര്യാക്കാരനാണ്. അവന്റെ സ്നേഹമാണ് അവനെ ശ്രേഷ്ഠനാക്കുന്നത്. മതപരമായ ശുദ്ധിയേക്കാൾ ദൈവമുമ്പാകെ വിലമതിക്കപ്പെടുന്നത് സ്നേഹമാണ്. മുറിവേറ്റ മനുഷ്യൻ ഇന്നത്തെ ലോകത്തിന്റെ പ്രതീകമാണ്. നമ്മുടെ നാടിന്റെയും സഭയുടെയും കുടുംബങ്ങളുടെയും നാം ഓരോരുത്തരുടേയും പ്രതീകമാണ്. മുറിവേറ്റ മനുഷ്യൻ ഇന്ത്യയിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള നാല്പതു കോടി ജനങ്ങളുടെ പ്രതിനിധിയാണ്. ഇന്ത്യയിലെ മതങ്ങൾ, വിശേഷിച്ചും ക്രിസ്തുമതം ആ പുരോഹിതനെപ്പോലെ കടന്നുപോകുകയാണോ? ഇന്ത്യയിലെ ജനങ്ങൾ പട്ടിണി, തൊഴിലില്ലായ്മ, അജ്ഞത, എന്നീ മുറിവുകളേറ്റു തകർന്ന് കിടക്കുകയാണ്. അവരെക്കുറിച്ച് നമുക്ക് ഉത്തരവാദിത്വമില്ലേ?

മുറിവേറ്റ മനുഷ്യൻ ഇന്ത്യയിലെ സാമ്പത്തികമായും രാഷ്ട്രീയമായും ചൂഷണം ചെയ്യപ്പെടുന്ന ജനങ്ങളുടെ പ്രതീകമാണ്. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യ പല രംഗങ്ങളിലും ഗണ്യമായ പുരോഗതി പ്രാപിച്ചിട്ടുണ്ട്. എന്നാൽ അതിന്റെ പ്രയോജനം മിഡിൽക്ലാസ് മുതൽ മുകളിലോട്ടുള്ളവർക്കു മാത്രമാണ്. ഈ സാഹചര്യത്തിൽ സഭയ്ക്ക് ഒരു ദൗത്യം നിറവേറ്റുവാനില്ലേ? ആ പുരോഹിതനെപ്പോലെ കണ്ണടച്ചു കടന്നുപോകുന്നത് ക്രിസ്തീയമാണോ?

മുറിവേറ്റ മനുഷ്യൻ അഴിമതിയുടെ മുറിവുകളേറ്റ് കിടക്കുന്ന നമ്മുടെ സമൂഹത്തിന്റെ പ്രതീകമാണ്. നാട്ടിലെ അഴിമതികളെപ്പറ്റി, കുംഭകോണങ്ങളെപ്പറ്റിയുള്ള വാർത്തകൾ ദിനപത്രങ്ങളിൽ വരാറുണ്ട്. നാമത് ശ്രദ്ധയോടെ വായിക്കുന്നു. വായിച്ച് അമർഷം കൊള്ളുന്നു. സുഹൃത്തുക്കളുമായി അത് ചർച്ച ചെയ്യുന്നു. നമ്മുടെ പ്രതികരണം ഇവിടെ അവസാനിക്കുന്നു. നാട്ടിലെ അഴിമതികൾക്കെതിരെ ശബ്ദമുയർത്തുവാൻ സഭയ്ക്ക് കഴിയാതിരിക്കുന്നത് ന്യായീകരിക്കാനാവുമോ? ആ പുരോഹിതനെപ്പോലെ നമ്മുടെ സഭ കണ്ണടച്ചു മാറി കടന്നുപോകുകയല്ലേ?

ആദിമസഭയിൽ കഠിനമായ പാപങ്ങൾ (വ്യഭിചാരം, കൊലപാതകം, വിശ്വാസത്യാഗം) ചെയ്യുന്നവരെ സഭയിൽ നിന്നും മാറ്റി നിറുത്തിയിരുന്നു. അഴിമതിക്കാരായ രാഷ്ട്രീയക്കാരെ പള്ളികളിൽ ഒരു പരിപാടിക്കും ക്ഷണിക്കുകയില്ലെന്നും അവരോടൊപ്പം ഒരേ സ്റ്റേജിൽ ഇരുന്ന് പ്രസംഗിക്കുകയില്ലെന്നും തീരുമാനിക്കാൻ സഭാനേതൃത്വത്തിനു കഴിയണം.

മുറിവേറ്റ മനുഷ്യൻ നമ്മുടെ സഭയുടെ പ്രതീകമാണ്. ഭിന്നതയുടെ മുറിവുകളേറ്റ് നമ്മുടെ സഭ അർദ്ധപ്രാണനായി കിടക്കുകയാണ്. ഭിന്ന തകളെ പരിഹരിക്കുവാൻ നാം ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ? അതോ പുരോഹിതനെപ്പോലെ കണ്ണടച്ചു കടന്നുപോവുകയാണോ?

മുറിവേറ്റ മനുഷ്യൻ ആത്മീയമായി തളർന്നുകിടക്കുന്ന നമ്മുടെ ഇട വകകളുടെ പ്രതീകമാണ്. ഇന്ന് നമ്മുടെ ഇടവകകളുടെ പ്രധാന പ്രവർ ത്തനരംഗങ്ങൾ ഏതൊക്കെയാണ്. പള്ളിക്ക് പുതിയ സ്ഥലം വാങ്ങിക്കുക, പുതിയ കെട്ടിടങ്ങൾ, കുരിശിൻതൊട്ടികൾ എന്നിവ പണിയിക്കുക, ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കുക എന്നിവയിലല്ലേ മിക്ക ഇടവകകളും ശ്രദ്ധി ക്കുന്നത്? ഇടവകയുടെ വാർഷിക ബഡ്ജറ്റ് വർദ്ധിക്കുന്നതല്ല ഇടവക യുടെ വളർച്ചയുടെ ലക്ഷണം. ഇടവകയിലെ ജനങ്ങൾ പതിവായി പ്രാർ ത്ഥിക്കുന്നവരും, വി. കുർബ്ബാന അനുഭവിക്കുന്നവരും ആണെങ്കിൽ ഒരു ഇടവക വളരുന്നു എന്നു പറയാം.

സഭയെ സംബന്ധിച്ചും ഇതു തന്നെ പറയാം. മലങ്കരസഭാംഗങ്ങൾ പതിവായി പ്രാർത്ഥിക്കുന്നവരും വി. കുർബ്ബാന അനുഭവിക്കുന്നവരും ആണെങ്കിൽ സഭ വളരുന്നു എന്നു പറയാം. സഭാംഗങ്ങൾ നാട്ടിലെ അഴി മതികൾക്കെതിരായി ശബ്ദമുയർത്തുകയും നല്ല മാതൃക കാണിക്കു കയും ചെയ്യുന്നുവെങ്കിൽ സഭ വളരുന്നു എന്നു പറയാം. ക്രിസ്ത്യാനി കളുടെ ധാർമ്മിക നിലവാരത്തെപ്പറ്റി ഇന്ത്യയ്ക്ക് അഭിമാനിക്കുവാൻ സാധിക്കുന്നുവെങ്കിൽ സഭ വളരുന്നു എന്നു പറയാം. അതിനു സാധി ക്കുന്നില്ലെങ്കിൽ നമ്മുടെ സഭയും മുറിവേറ്റു കിടക്കുകയാണ്. സഭയിലെ ഉത്തരവാദിത്തമുള്ള അംഗങ്ങൾ ഈ സാഹചര്യത്തിൽ നിശബ്ദരായി രിക്കുന്നുവെങ്കിൽ, ആ പുരോഹിതനെപ്പോലെ അവർ അശുദ്ധനാകാതെ കടന്നുപോവുകയാണ്.

മുറിവേറ്റ മനുഷ്യൻ നമ്മുടെ ഓരോരുത്തരുടെയും നമ്മുടെ കുടും ബങ്ങളുടെയും പ്രതീകമാണ്. നാം ഇന്ന് ആത്മീയമായി മുറിവേറ്റു തളർന്നു കിടക്കുകയാണ്. ക്രിസ്തുവിന്റെ നന്മയും സ്നേഹവും നമ്മിൽ ഇല്ലാതായിത്തീർന്നുകൊണ്ടിരിക്കുകയല്ലേ? കാപട്യവും, സ്വാർത്ഥതയും, അഹങ്കാരവും പൊങ്ങച്ചവുമല്ലേ നമ്മുടെ ഇടയിൽ കൊടികുത്തി വാഴു ന്നത്? ആത്മീയ തളർച്ചയ്ക്കുള്ള പരിഹാരം നല്ല ശമരിയാക്കാരനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണ്. കുടുംബാംഗങ്ങൾ ഒരുമിച്ചു പ്രാർത്ഥി ക്കുമ്പോൾ, ക്രിസ്തു അവിടെ സന്നിഹിതനായി നമ്മെ സൗഖ്യമാക്കും.

ഇന്ന് ആത്മീയമായി മുറിവേറ്റു തളർന്നുകിടക്കുന്ന നമ്മുടെ സമൂഹ ത്തിനും സഭയ്ക്കും ഇടവകയ്ക്കും അതിന്റെ മുറിവുകളെ കെട്ടുന്ന ശമ

ര്യാക്കാരെ ആവശ്യമുണ്ട്. അവരെ വളർത്തിയെടുക്കുന്ന കളരികളായി കുടുംബങ്ങൾ പരിണമിക്കണം.

ദൈവത്തിന്റെ നിസ്വാർത്ഥ സ്നേഹത്തിന്റെ ദൃശ്യരൂപമാണ് നല്ല ശമര്യാക്കാരൻ. മുറിവേറ്റു കിടക്കുന്നവൻ അയാളിലൂടെ ദൈവസ്നേഹം അനുഭവിച്ചറിഞ്ഞു. ക്രിസ്ത്യാനികളിൽ കൂടി ദൈവസ്നേഹം ലോകം കാണുവാൻ ഇടയാകട്ടെ.

# 3

# മുടിയനായ പുത്രന്റെ ഉപമ

## (ലൂക്കോസ് 15:11–32)

'മുടിയനായ പുത്രന്റെ ഉപമ' എന്നതിനേക്കാൾ 'സ്നേഹവാനായ പിതാവിന്റെ' ഉപമ എന്നുള്ളതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ള തലക്കെട്ട്. 'സുവിശേഷത്തിന്റെ മർമ്മം', 'വിശ്വസാഹിത്യത്തിലെ ഏറ്റവും മഹത്തായ ചെറുകഥ' എന്നിങ്ങനെ ഈ ഉപമയെ ചിലർ വിശേഷിപ്പിച്ചിട്ടുണ്ട്. സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തെ വിശദമാക്കുന്ന അതിവിശിഷ്ടമായ ഒരു കഥയാണിത്. ലൂക്കോസിന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിന്റെ പ്രമേയം 'ദൈവത്തിന് പാപികളോടുള്ള സ്നേഹം' ആണ്. അത് പ്രകടമാക്കുവാൻ മൂന്ന് ഉപമകൾ ഈ അദ്ധ്യായത്തിലുണ്ട്. കാണാതെ പോയ ആടിന്റെ ഉപമയും കാണാതെ പോയ ദ്രഹ്മ (drachma) യുടെ ഉപമയും പറഞ്ഞതിനു ശേഷം യേശു പറയുന്നു: "അങ്ങനെതന്നെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (15:10). ഇത്രയും പറഞ്ഞിട്ട്, ഈ ആശയത്തിന്റെ വിശദീകരണമായി, പാപിയുടെ മാനസാന്തരത്തിൽ സ്വർഗ്ഗീയ പിതാവിനുണ്ടാകുന്ന സന്തോഷത്തെ ചിത്രീകരിക്കുവാൻ കർത്താവ് 'മുടിയനായ പുത്രന്റെ ഉപമ' പറയുന്നു.

### 1. സ്വർഗ്ഗീയ പിതാവിന്റെ ബലഹീനത / സന്മനസ്സ്

ഉപമയിലെ പിതാവിന്റെ സന്മനസ്സിനെപ്പറ്റി നമുക്ക് മതിപ്പുതോന്നണമെങ്കിൽ അന്നത്തെ സാമൂഹ്യവ്യവസ്ഥിതി മനസ്സിലാക്കേണ്ടതുണ്ട്. യഥേഷ്ടം സ്വത്തു കൈകാര്യം ചെയ്യുവാൻ യഹൂദനിയമം ഒരു പിതാവിനെ അനുവദിക്കുന്നില്ല. മക്കൾക്ക് അവകാശപ്പെട്ടതാണ് പിതൃസ്വത്ത്. മൂന്നിൽരണ്ട് ഭാഗം മൂത്ത മകനും മൂന്നിലൊന്ന് ഇളയമകനുമായി കൊടുക്കണമെന്നാണ് ന്യായപ്രമാണം അനുശാസിക്കുന്നത് (ആവ. 21:17). ഉപമയിലെ പിതാവ് ഈ നിയമം അപ്പടി അനുസരിച്ചതായി തോന്നുന്നില്ല. ഇളയ മകന് സ്വത്തിൽ പകുതി തന്നെ കൊടുക്കുന്നു. കാരണം മനുഷ്യരുടെ നീതിയെ കവിയുന്നതാണ് സ്വർഗീയ പിതാവിന്റെ നീതി. എല്ലാ മക്കളും തനിക്ക് ഒരുപോലെയാണ്. കാരണം എല്ലാവരും തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ്.

യഹൂദപാരമ്പര്യത്തിൽ സ്വത്ത് നേരത്തെ കൊടുക്കുന്നതും സാധാരണമല്ല. പിതാവിന് പ്രായമാകുമ്പോഴാണ് സ്വത്തു ഭാഗിച്ചു കൊടുക്കു

ന്നത്. ഇളയവൻ സ്വത്തു ചോദിച്ചപ്പോൾ വാദഗതിയിലൂടെ പിതാവ് അവനെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചതായി ഉപമയിൽ പറയുന്നില്ല. മകന്റെ സ്വാതന്ത്ര്യത്തെ പിതാവ് ബഹുമാനിച്ചു എന്നു വേണം ചിന്തിക്കുവാൻ. അവനു പ്രായപൂർത്തിയായി, സ്വതന്ത്രമായി ചിന്തിക്കാറായി എന്നു പിതാവ് ചിന്തിച്ചിരിക്കണം.

തെളിവുകൾ നിരത്തിവച്ച് മനുഷ്യനെ ദൈവവിശ്വാസിയാക്കുവാൻ ദൈവം ശ്രമിക്കുന്നില്ല. മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ദൈവം അംഗീകരിക്കുന്നു. 'മനുഷ്യൻ ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു' എന്നതിന്റെ അർത്ഥം ദൈവത്തിന്റെ സ്വാതന്ത്ര്യവും സർഗാത്മകതയും മനുഷ്യന് നൽകിയിരിക്കുന്നു എന്നാണ്. മനുഷ്യനെ പ്രേരിപ്പിച്ച് വിശ്വസിപ്പിക്കുവാനോ, നന്മ ചെയ്യിക്കുവാനോ ദൈവം ആഗ്രഹിക്കുന്നില്ല.

### 2. മകന്റെ തകർച്ച (15:13–6)

യഹൂദന്മാർക്ക് വിലക്കപ്പെട്ട ജോലിയാണ് പന്നിയെ മേയിക്കുന്നത്. “Cursed is he who feeds swine” എന്നു റാബിമാർ പറഞ്ഞിട്ടുണ്ട്. ന്യായപ്രമാണമനുസരിച്ച് നിഷിദ്ധമായ മൃഗമാണ് പന്നി (ആവ. 14:8). അതിനെ മേയിക്കുന്നവനെ ശപിക്കപ്പെട്ടവനായി കണക്കാക്കിയിരുന്നു. എന്നാൽ യഹൂദ പ്രമാണിമാർ പണമുണ്ടാക്കുവാൻ പന്നിക്കൂട്ടങ്ങളെ വാങ്ങി, അവയെ മേയിക്കുവാൻ പുറജാതിക്കാരെ ചുമതലപ്പെടുത്തിയിരുന്നു.

പേരും പെരുമയും പണവും സ്ഥാനവും നേടുവാൻ ക്രിസ്തീയ മൂല്യങ്ങളെ മാറ്റിവെക്കുന്നവർ പന്നിയെ വളർത്തുന്ന യഹൂദന്മാരിൽ നിന്നും വ്യത്യസ്തരല്ല. കഴുത്തറക്കുന്ന പലിശയ്ക്ക് പണം കടം കൊടുക്കുന്നതും, അതിനെ പ്രോത്സാഹിപ്പിക്കുന്നതും ക്രിസ്തീയമല്ലെന്ന് എല്ലാവർക്കും അറിയാം. എന്നാൽ കൂടുതൽ പണമുണ്ടാക്കുവാൻ 'ബ്ലേഡ് കമ്പനികൾ' എന്ന പന്നിക്കൂട്ടത്തെ വളർത്തുവാൻ ക്രിസ്തീയ സഭകളിലെ ഉത്തരവാദിത്വമുള്ളവർ തന്നെ മടികാണിക്കുന്നില്ല.

പന്നിയെ വളർത്തുന്നതും മേയിക്കുന്നതും ശപിക്കപ്പെട്ടതായി യഹൂദന്മാർ കണക്കാക്കിയിരുന്നെങ്കിലും അതിൽ നിന്നും കിട്ടുന്ന പണം ശപിക്കപ്പെട്ടതായി അവർ കണക്കാക്കിയിരുന്നില്ല. “പണത്തിനു നാറ്റമില്ല” എന്നൊരു ഫ്രഞ്ചു പഴഞ്ചൊല്ലുണ്ട്. ഏതുവിധമായാലും പണക്കാരനായാൽ മാന്യനായി എന്നു ചിന്തിക്കുന്നവരാണ് ബഹുഭൂരിപക്ഷവും.

മുടിയനായ പുത്രന്റെ തകർച്ചയുടെ പ്രതീകമാണ് അവൻ ചെയ്ത ജോലി.

### 3. മാനസാന്തരം

ഈ ഉപമയുടെ ഒന്നാം ഭാഗം ഇളയ മകന്റെ തകർച്ചയുടെ കഥയാണ്. രണ്ടാം ഭാഗം അവന്റെ മാനസാന്തരത്തിന്റേതും (15:17–19).

“നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും” എന്ന് അവൻ തീരുമാനിക്കുന്നു. ‘കൂലിക്കാരൻ’ ദിവസക്കൂലിക്ക് പണിയെടുക്കുന്നവനാണ്. അടിമയേക്കാൾ താഴെയാണ് കൂലിക്കാരന്റെ സ്ഥാനം. അടിമ വീട്ടിലെ അംഗമാണ്. അവന് യജമാനന്റെ വീട്ടിൽ ചില അവകാശങ്ങളുണ്ട്. എന്നാൽ കൂലിക്കാരന് ചെയ്യുന്ന ജോലിക്കുള്ള പ്രതിഫലം ലഭിക്കുമെന്നല്ലാതെ, മറ്റൊരു അവകാശവുമില്ല. ആ സ്ഥാനത്ത് കണക്കാക്കണമെന്ന് അപേക്ഷിക്കുമെന്നാണ് മുടിയനായ പുത്രൻ തീരുമാനിച്ചത്.

ആ തീരുമാനത്തോടെ അവൻ വീട്ടിലേക്ക് തിരികെ പോകുന്നു (15:20–21). കൂലിക്കാരനായി കണക്കാക്കണമെന്ന് പറയുവാൻ അവന് ഇടയായില്ല. അതിനു മുമ്പു തന്നെ പിതാവിന്റെ സ്നേഹവായ്പിൽ അവന് അംഗീകാരം കിട്ടി. ഒരു പക്ഷേ വികാരഭരിതനായിരുന്നതിനാൽ അവന് വാചകം പൂർത്തിയാക്കുവാൻ കഴിയാതെയിരുന്നതായിരിക്കാം.

അവൻ പ്രതീക്ഷിക്കാത്ത സ്വീകരണമാണ് പിതാവ് നൽകുന്നത് (15:22–24). വസ്ത്രം നൽകുന്നത് അവനെ അംഗീകരിക്കുന്നതിന്റെയും ബഹുമാനിക്കുന്നതിന്റെയും അടയാളമാണ്. മോതിരം അധികാരത്തിന്റെ ചിഹ്നമാണ്. മുദ്രമോതിരം (Signet ring) ‘പവർ ഓഫ് അറ്റോർണി’യുടെ പ്രതീകമാണ്. ചെരിപ്പ് സ്വാതന്ത്ര്യത്തിന്റെ അടയാളമാണ്. മക്കൾക്കല്ലാതെ അടിമകൾക്ക് ചെരിപ്പ് സമ്മാനിക്കാറില്ല. മകന്റെ തിരിച്ചുവരവ് ഒരു വലിയ വിരുന്നോടു കൂടിയാണ് പിതാവ് ആചരിച്ചത്.

ലൂക്കോസ് 15:10-ന്റെ അർത്ഥം ഇവിടെയാണ് വ്യക്തമാകുന്നത്. കാണാതെ പോയ ആടിനെ കണ്ടെത്തിയ ഇടയനും കാണാതെ പോയ ദ്രഹ്മ തിരിച്ചു കിട്ടിയ സ്ത്രീയും സന്തോഷിച്ചതായി 15-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. പാപിയുടെ തിരിച്ചുവരവിൽ ദൈവത്തിനുണ്ടാകുന്ന സന്തോഷത്തെ വിശദമാക്കുവാൻ ഈ രണ്ട് ഉപമകൾക്കും പൂർണ്ണമായി സാധിക്കുന്നുണ്ടോ എന്നു സംശയമാണ്. എന്നാൽ മകന്റെ തിരിച്ചുവരവിൽ സന്തോഷിക്കുന്ന പിതാവിന്റെ ഉപമയിലൂടെ ദൈവസ്നേഹത്തിന്റെ ആഴവും വ്യാപ്തിയും കർത്താവ് വെളിപ്പെടുത്തുന്നു. കഥയുടെ ക്ലൈമാക്സിൽ നാം എത്തി. ഇനി ആന്റി ക്ലൈമാക്സായി ഒരു മൂന്നാം ഭാഗമുണ്ട്. മൂത്തമകന്റെ വരവ്.

### 4. മൂത്തമകന്റെ പ്രതികരണം

സ്വയം നീതീകരിക്കുന്ന, ദൈവഭക്തരെന്നു നടിക്കുന്ന പരീശന്മാരുടെ പ്രതീകമാണ് മൂത്തമകൻ. ഒരു പാപിയുടെ മാനസാന്തരത്തേക്കാൾ അവന്റെ നാശത്തിൽ ഒരു തരം സംതൃപ്തി കണ്ടെത്തുന്നവരുടെ പ്രതി നിധിയാണ് അവൻ.

അവൻ വർഷങ്ങൾ പിതാവിനെ സേവിച്ചു. എന്നാൽ സ്നേഹത്തിന്റെ ആത്മാവിലാണോ അവൻ പിതാവിനെ സേവിച്ചതെന്ന് സംശയമുണ്ട്. ഒരു കടപ്പാടു തീർക്കുവാനായി, പിതാവിന്റെ കാലശേഷം സ്വത്തു കിട്ടുവാ നായി നിർവികാരനായി അവൻ കടമ നിർവ്വഹിക്കുക മാത്രമാണ് ചെയ്തത്. അവന് സഹോദരനോട് സ്നേഹമോ സഹതാപമോ ഇല്ല. സഹോദരനെ കണ്ടപ്പോൾ വിദ്വേഷവും വെറുപ്പുമാണ് അവന് ഉണ്ടാ യത്. "എന്റെ സഹോദരൻ" എന്നല്ല "നിന്റെ മകൻ" (15:30) എന്നാണ് അനുജനെപ്പറ്റി അവൻ പരാമർശിക്കുന്നത്. സഹോദരന്റെ തിരിച്ചുവര വിൽ അല്പം പോലും സന്തോഷം അവന് ഉണ്ടായില്ല. സഹോദരനെ ഇടിച്ചു താഴ്ത്തി കാണിക്കുവാനാണ് അവൻ ശ്രമിക്കുന്നത്. "വേശ്യമാ രോടു കൂടി നിന്റെ മുതൽ തിന്നുകളഞ്ഞ നിന്റെ മകൻ" എന്നാണ് അവൻ അനുജനെ വിശേഷിപ്പിക്കുന്നത്. ഉപമയുടെ ആദ്യഭാഗത്ത് മുടിയനായ പുത്രൻ വേശ്യമാരുടെ അടുത്തുപോയതായി പറയുന്നില്ല. മൂത്തവൻ ഈ ആരോപണം ഉന്നയിക്കുന്നതുവരെ ഈ തെറ്റ് മുടിയനായ പുത്രൻ ചെയ്തതായി ഉപമയിൽ സൂചനയില്ല. സഹോദരൻ ചെയ്യാത്ത തെറ്റ് അവൻ ആരോപിക്കുന്നു. അനുജനെ തേജോവധം ചെയ്യുകയാണ് ജ്യേഷ്ഠൻ ചെയ്യുന്നത്. 'ഞാൻ ഇതൊന്നും ചെയ്തിട്ടില്ല. ഞാൻ പരിശു ദ്ധനാണ്' എന്നാണ് ഈ വാക്കുകളുടെ അർത്ഥം.

പരദൂഷണം പറയുന്നവരുടെ പ്രതിനിധിയാണ് മൂത്തമകൻ. വാക്കു കൾ കൊണ്ട് വെട്ടി മുറിവേൽപ്പിക്കുന്നവരുടെ പ്രതിനിധിയാണ്. ഇംഗ്ലീ ഷിൽ SWORD - WORDS തമ്മിൽ സാമ്യമുണ്ട്. എതിരാളികളെ മുറി വേൽപ്പിക്കാൻ രണ്ടും ഒരു പോലെ ഫലപ്രദങ്ങളാണ്.

സ്വയം നീതീകരിക്കുകയും സഹോദരനെ ഇടിച്ചു താഴ്ത്തുകയുമാണ് മൂത്തമകൻ ചെയ്യുന്നത്. യഥാർത്ഥ പരീശമനോഭാവമാണിത്. പരീശ ന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയുടെ ഉപമയിലും ഇതേ മനോഭാ വമാണ് പ്രകടമാകുന്നത്.

തനിക്ക് മാത്രം അവകാശപ്പെട്ട ശേഷം സ്വത്തിന്റെ ഒരു ഭാഗം അപ്പൻ സഹോദരന് കൊടുക്കുമെന്ന് ഭയന്നിട്ടായിരിക്കണം അവൻ സഹോദരനെ അംഗീകരിക്കാതിരുന്നത്. ഒരു പക്ഷേ അവന്റെ ഭയം നീതികരിക്കത്ത ക്കതായിരിക്കാം. അപരനെക്കുറിച്ചുള്ള ഭയം (sense of insecurity)

അവനുണ്ടായി. ഇതുവരെ വീട്ടിലെ ഏക അവകാശി, എല്ലാവരുടേയും ശ്രദ്ധാകേന്ദ്രം അവനായിരുന്നു. അവന്റെ സ്ഥാനം കവർന്നെടുക്കുവാൻ അനുജൻ തിരിച്ചുവന്നിരിക്കുന്നു. അതിനാൽ അനുജനെ ഒഴിവാക്കണമെന്ന് അവൻ ആഗ്രഹിച്ചിരുന്നിരിക്കണം.

നേതാക്കന്മാരിൽ ഉണ്ടാകുന്ന sense of insecurity എല്ലാ സമൂഹങ്ങളിലുമുണ്ട്, സംഘടനകളിലുമുണ്ട്. അതിൽ നിന്നാണ് മറ്റൊരാളെ അംഗീകരിക്കുവാൻ വൈമുഖ്യം കാണിക്കുന്നത്. പ്രോത്സാഹിപ്പിക്കുവാൻ മടിക്കുന്നതും, വളർന്നുവരുന്നവരെ അടിച്ചുതാഴ്ത്തുന്നതും അതുകൊണ്ടാണ്. 'അവൻ വളർന്നാൽ എന്റെ സ്ഥാനം പോകും, എന്റെ നേതൃസ്ഥാനം പോകും, അതിന് അവനെ ഒതുക്കണം' – ഇങ്ങനെ ചിന്തിക്കുന്ന മൂത്ത പുത്രന്മാർ പല ക്രിസ്തീയ സംഘടനകളിലുമുണ്ട്. കഴിവുള്ളവരെ അവർ മനപ്പൂർവ്വം അകറ്റിനിർത്തും.

വിരുതന്മാരായ മൂത്ത പുത്രന്മാർ ഭീഷണിയായിട്ടുള്ളവരെ ബുദ്ധിപൂർവ്വം ഒഴിവാക്കും. രണ്ടാംതരക്കാരേയും മൂന്നാംതരക്കാരേയും പ്രോത്സാഹിപ്പിക്കും. അവരെ പേടിക്കാനില്ല. അവരുടെ വളർച്ചയുടെ പരിമിതികളെപ്പറ്റി നേതാക്കന്മാർക്ക് നല്ലവണ്ണം അറിയാം. അവരെ ഉപജാപകവൃന്ദമായി വളർത്തിക്കൊണ്ടു വരും.

സഹോദരന്റെ മാനസാന്തരവും, അവനിലെ നന്മയും അംഗീകരിക്കാത്ത മൂത്തപുത്രനെയാണ് യഥാർത്ഥത്തിൽ 'മുടിയനായ പുത്രൻ' എന്നു വിളിക്കേണ്ടത്. അപരന്റെ കഴിവിനെ അംഗീകരിക്കാത്ത, നന്മയെ അംഗീകരിക്കാത്ത ഇത്തരം മൂത്ത പുത്രന്മാരാണ് ക്രിസ്തീയ സഭകളുടെ ശാപം.

## 5. സ്വർഗ്ഗീയ പിതാവിന്റെ സ്നേഹം

മൂത്തമകന്റെ പ്രതികരണം പിതാവ് മനസ്സിലാക്കി. അതിൽ അദ്ദേഹം കോപിഷ്ടനായില്ല. സ്നേഹം നിറഞ്ഞ മറുപടിയാണ് അവന് പിതാവ് നൽകുന്നത് (15:31–32).

അനുതപിക്കുന്ന പാപി എപ്പോഴും ദൈവത്തിനു സ്വീകാര്യനാണ്. പാപിയുടെ തിരിച്ചുവരവിൽ ഒരു പിതാവിനെപ്പോലെ ദൈവം സന്തോഷിക്കുന്നു. പാപിയുടെ നാശത്തിൽ സ്വർഗ്ഗീയപിതാവിനുള്ള ദുഃഖവും അവന്റെ തിരിച്ചുവരവിൽ തനിക്കുള്ള സന്തോഷവുമാണ് 15–ാം അദ്ധ്യായത്തിൽ വി. ലൂക്കോസ് പ്രതിപാദിക്കുന്നത്. മൂന്ന് ഉപമകളിലൂടെ കർത്താവ് ഈ ആശയം തന്റെ ശ്രോതാക്കൾക്ക് വിശദീകരിച്ച് കൊടുക്കുന്നു.

ആദ്യത്തെ രണ്ട് ഉപമകളിൽ പാപികളെ അന്വേഷിച്ച് കണ്ടെത്തുന്ന ദൈവത്തിന്റെ ചിത്രമാണ് ലഭ്യമാകുന്നത്. മുടിയനായ പുത്രന്റെ ഉപമ

യിൽ പുത്രൻ പിതൃസന്നിധിയിലേയ്ക്ക് ചെല്ലുന്നു. ആത്മിക ജീവിതത്തിന് ഈ രണ്ട് വശങ്ങളുമുണ്ട്. ദൈവം കണ്ടെത്തുന്ന വശവും, ദൈവത്തെ കണ്ടെത്തുന്ന വശവും. രണ്ടിലും വ്യവസ്ഥകളില്ലാതെ ദൈവം പാപികളെ സ്വീകരിക്കുന്നു. മുടിയനായ പുത്രന്റെ കഴിഞ്ഞകാല ജീവിതത്തെപ്പറ്റി പിതാവ് ഒരു വാക്ക് പോലും സംസാരിച്ചില്ല. അവൻ തിരിച്ചെത്തിയപ്പോൾ ആഘോഷമായ വിരുന്നോടെ അവനെ സ്വീകരിച്ചു. തന്റെ രക്തത്തിന്റെ രക്തവും മാംസത്തിന്റെ മാംസവുമായ മകനെ ഉപാധികളില്ലാതെ (unconditional) പിതാവ് സ്വീകരിച്ചു. ഇതേ രീതിയിൽ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവം ഉപാധികളില്ലാതെ സ്വീകരിക്കും എന്നുള്ള പ്രത്യാശയാണ് ഈ ഉപമ നല്കുന്നത്.

റഷ്യൻ നോവലിസ്റ്റായ ഡോസ്റ്റോയെവ്സ്കിയുടെ കൃതികളിൽ ആവർത്തിച്ച് കാണുന്ന ഒരു സന്ദേശമാണിത്. റഷ്യൻ ഓർത്തഡോക്സ് സഭാംഗവും ഒരു വൈദികന്റെ കൊച്ചുമകനുമായിരുന്നു ഡോസ്റ്റോയെവ്സ്കി. "വേദശാസ്ത്രജ്ഞനായ നോവലിസ്റ്റ്, നോവലിസ്റ്റായ വേദശാസ്ത്രജ്ഞൻ" എന്നിങ്ങനെയാണ് റഷ്യക്കാർ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. മുടിയനായ പുത്രനെപ്പോലുള്ള കഥാപാത്രങ്ങളെ അവതരിപ്പിച്ച് അവരുടെ ദൈവവിശ്വാസം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ദൈവസ്നേഹം മനസ്സിലാക്കി ദൈവത്തിനുവേണ്ടി വാദിക്കുന്ന പല മുടിയൻപുത്രന്മാരും അദ്ദേഹത്തിന്റെ നോവലുകളിൽ ഉണ്ട്. "കുറ്റവും ശിക്ഷയും" എന്ന നോവലിലെ മന്മലാഡോവ് അവരിൽ ഒരാളാണ്. എല്ലാം അറിയുകയും, എല്ലാവരോടും കരുണ കാണിക്കുകയും ചെയ്യുന്ന ദൈവത്തെ മനസ്സിലാക്കിയ ആളാണ്. അന്ത്യന്യായവിധി സമയത്ത് മനുഷ്യർക്ക് ദൈവം പ്രതിഫലം നൽകുന്നത് എങ്ങനെയാണെന്ന് ഹൃദയസ്പർശിയായ രീതിയിൽ മന്മലാഡോവ് പറയുന്നു:

"നല്ലവരെയും വിശുദ്ധന്മാരെയും സ്വർഗ്ഗത്തിൽ കയറ്റിയിട്ട് ദൈവം പറയുന്നു: വന്നാട്ടെ. ഏതായാലും മറ്റുള്ളവരും വന്നാട്ടെ, കുടിയന്മാരും വെറിയന്മാരും തെമ്മാടികളും എല്ലാം വരിനെടാ!"

മന്മലാഡോവ് പറയുന്നു: "ഞങ്ങളെല്ലാവരും നാണമില്ലാതെ മുന്നോട്ട് ചെല്ലും. ദൈവം വീണ്ടും പറയും: വെറിയന്മാരാ നിങ്ങൾ. ആ മൃഗത്തിന്റെ സ്വരൂപത്തിലുള്ളവരാണ്. അവന്റെ മുദ്രയാണ് നിങ്ങൾ വഹിക്കുന്നത്. എന്നാലും അടുത്ത് വാ!"

അപ്പോൾ നീതിമാന്മാർ ചോദിക്കും: "ദൈവമേ എന്താണിത്? നീ ഇവരെ സ്വീകരിക്കാൻ പോകയാണോ?" ദൈവം പറയും: "നീതിമാന്മാരെ; ഞാൻ അവരെ സ്വീകരിക്കുവാൻ കാരണം, ഇവരിൽ ഒരുവൻ പോലും

ദൈവത്തെ പ്രാപിക്കുവാൻ യോഗ്യനാണെന്ന് ചിന്തിച്ചിട്ടില്ല." എന്നിട്ട് അവൻ ഞങ്ങൾക്കായി കൈ നീട്ടും; ഞങ്ങൾ അവന്റെ മാറിൽ വീഴും; പൊട്ടിക്കരയും. ഞങ്ങൾ എല്ലാം മനസ്സിലാക്കും. കർത്താവേ: നിന്റെ രാജ്യം വരേണമേ."

മുടിയനായ പുത്രന്റെ ഉപമയുടെ പൊരുൾ ഉൾക്കൊണ്ടാണ് ഡോസ്റ്റോയെവ്സ്കി ഇതെഴുതിയത്.

❑

# 4

# അവിശ്വസ്തനായ കാര്യവിചാരകൻ

## (ലൂക്കോസ് 16:1-13)

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന ഈ ഉപമ, സാധാരണയായി സുവിശേഷപ്രസംഗകരോ, ധ്യാനഗുരുക്കളോ ചിന്താവിഷയമായി എടുക്കാറില്ല. അവിശ്വസ്തനായ ഒരു കാര്യവിചാരകനാണ് ഉപമയിലെ കഥാപാത്രം. അയാളുടെ അവിശ്വസ്തതയെ യേശു അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നുവെന്ന് ഒറ്റനോട്ടത്തിൽ തോന്നിയേക്കാം. യേശുവിന്റെ സമീപനം മനസ്സിലാക്കുവാനും, അതിന്റെ അർത്ഥം വിശദീകരിക്കുവാനും ബുദ്ധിമുട്ടുണ്ട്. അവിശ്വസ്തതയെ ഒരു മാതൃകയായി യേശു ചൂണ്ടിക്കാണിക്കുന്നുവെന്ന് തെറ്റിദ്ധരിക്കുന്നതുകൊണ്ടാണ് പ്രസംഗകർ പൊതുവെ ഈ ഭാഗം ഒഴിവാക്കുന്നത്.

എന്നാൽ കാര്യവിചാരകന്റെ തെറ്റിനെ കർത്താവ് ഒരിക്കലും അംഗീകരിക്കുന്നില്ല. നേരെമറിച്ച് ധാർമ്മികബോധം ഇല്ലാത്ത ഒരാൾ ജീവിതത്തിലെ ഒരു വലിയ പ്രതിസന്ധിഘട്ടത്തെ ബുദ്ധിപൂർവ്വം അഭിമുഖീകരിച്ചത് ചൂണ്ടിക്കാണിച്ചിട്ട് കർത്താവ് പറയുന്നു: ഈ ലോകത്തിന്റെ മക്കൾ, അതായത് നീതിബോധമില്ലാത്ത ചിലർ, വെളിച്ചത്തിന്റെ മക്കളേക്കാൾ (ക്രിസ്ത്യാനികളേക്കാൾ) ബുദ്ധിയോടെ പ്രവർത്തിക്കുന്നു; അവരുടെ പ്രതിസന്ധികളെ തരണം ചെയ്യുന്നു. എന്നാൽ ക്രിസ്ത്യാനികൾ വരുവാനിരിക്കുന്ന ന്യായവിധിയെന്ന പ്രതിസന്ധിയെ നേരിടുവാൻ ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നില്ലെന്ന് താൻ ചൂണ്ടിക്കാണിക്കുന്നു. ഇതാണ് ഈ ഉപമയുടെ പൊരുൾ.

വി. ലൂക്കോസ് 16-ാം അദ്ധ്യായത്തിന്റെ പ്രമേയം ധനത്തോടുള്ള സമീപനം എന്തായിരിക്കണം എന്നുള്ളതാണ്. ഈ വിഷയം വിശദീകരിക്കുന്നതിന് കർത്താവ് പറഞ്ഞ രണ്ട് ഉപമകൾ ഇവിടെ നൽകിയിരിക്കുന്നു: അവിശ്വസ്തനായ കാര്യവിചാരകൻ, ധനവാനും ലാസറും. വിഡ്ഢിയായ ധനവാന്റെ ഉപമയും (ലൂക്കോസ് 12:16-21) ധനത്തോടുള്ള ക്രിസ്തീയ മനോഭാവം വെളിവാക്കുന്നതാണ്. വി. ലൂക്കോസിന് പ്രിയപ്പെട്ട വിഷയങ്ങളിൽ ഒന്നാണിത്. സഖായിയുടെ മാനസാന്തരം വിവരിക്കുമ്പോൾ ഇതേ ആശയം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു (19:1-10). കാരണം സഖായി പറയുന്നു: "കർത്താവേ എന്റെ വസ്തുവകയിൽ പാതി ഞാൻ

ദരിദ്രന്മാർക്ക് കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാല് മടങ്ങ് മടക്കി കൊടുക്കുന്നു" (19:8).

ധനസ്നേഹത്തിനെതിരെ ശിഷ്യന്മാർക്ക് നല്കുന്ന ഒരു മുന്നറിയിപ്പായി ഈ ഉപമയേയും കണക്കാക്കാം.

### 1. നിന്റെ കാര്യവിചാരത്തിന്റെ കണക്ക് ഏല്പിച്ച് തരിക:

ധനവാനായ ഒരു ഭൂവുടമയുടെ 'എസ്റ്റേറ്റ് മാനേജർ' ആണ് കാര്യവിചാരകൻ (steward). 'ധനവാൻ' അന്നത്തെ രീതിയിൽ വലിയ ഭൂവുടമയാണ്. ഇത്തരം കാര്യവിചാരകന്മാർക്ക് വലിയ അധികാരാവകാശങ്ങൾ ഉണ്ടായിരുന്നു. കുടുംബാംഗത്തെപ്പോലെയാണ് ഒരു കാര്യവിചാരകനെ കണക്കാക്കിയിരുന്നത്.

ഉപമയിലെ കാര്യവിചാരകനെപ്പറ്റിയുണ്ടായ ആരോപണം വസ്തുവകകൾ നാനാവിധമാക്കുന്നു എന്നതായിരുന്നു. ഏത് വിധത്തിലാണ് അയാൾ സ്വത്തുക്കൾ നാനാവിധമാക്കിയതെന്ന് ഉപമയിൽ പറയുന്നില്ല. നാനാവിധമാക്കി (he was wasting) എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്കിന് (diaskorpizein = to waste) ക്രിമിനൽ സൂചനയില്ലെന്നാണ് വ്യാഖ്യാതാക്കളുടെ അഭിപ്രായം.

'നിന്നെക്കൊണ്ട് ഈ കേൾക്കുന്നത് എന്ത്' (വാ. 2) എന്ന് ഉടമസ്ഥൻ ചോദിക്കുന്നതിൽ നിന്നും കുറെക്കാലമായി ഈ ആരോപണങ്ങൾ അയാൾ കേട്ടിരുന്നു എന്നാണ് സൂചന. 'നിന്റെ കാര്യവിചാരത്തിന്റെ കണക്ക് ഏല്പിച്ചു തരിക' എന്ന് പറഞ്ഞ് കണക്കിന്റെ വിശദാംശങ്ങൾ ബോധിപ്പിക്കുവാൻ ആജ്ഞാപിക്കുന്നു. "നീ ഇനി കാര്യവിചാരകൻ ആയിരിപ്പാൻ പാടില്ല" എന്ന് പറഞ്ഞ് ഉടമസ്ഥൻ തന്റെ തീരുമാനം അറിയിക്കുന്നു.

### 2. ബുദ്ധിയോടെയുള്ള പ്രവർത്തനം

സംഗതിയുടെ ഗൗരവം കാര്യവിചാരകന് മനസ്സിലായി, ഭാവിയെപ്പറ്റി അവൻ ഉത്കണ്ഠാകുലനാകുന്നു. "ഞാൻ എന്ത് ചെയ്യേണ്ടു?" അവൻ ചിന്തിക്കുന്നു. "ഞാൻ ചെയ്യേണ്ടത് എന്ത് എന്ന് എനിക്കറിയാം" എന്ന് പറഞ്ഞ് അവൻ പരിഹാരം കണ്ടെത്തുന്നു.

അയാൾ കടക്കാരെ ഓരോരുത്തരെയായി വിളിക്കുന്നു. ഇവിടെ കടക്കാർ (debtors) എന്ന് പറയുന്നത് കുടിയാന്മാരെ (tenants) ഉദ്ദേശിച്ചാണ്. ഭൂവുടമയിൽ നിന്ന് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവരാണ് അവർ. ഓരോ വർഷവും വിളവിന്റെ ഒരു ഭാഗം ഭൂവുടമയ്ക്കു നല്കണമെന്ന് ഉടമ്പടി ചെയ്തവരായിരുന്നു 'കടക്കാർ.'

ഒന്നാമനെ വരുത്തി "നീ യജമാനനു എത്ര കടപ്പെട്ടിരിക്കുന്നു എന്നു ചോദിച്ചു." കാര്യവിചാരകന് വിവരം അറിയാൻ പാടില്ലാത്തതുകൊണ്ടായിരിക്കുകയില്ല ഇങ്ങനെ ചോദിച്ചത്. ഓരോ കടക്കാരനും എഴുതിക്കൊടുത്ത ഉടമ്പടി അവന്റെ മുമ്പിൽ ഉണ്ടായിരുന്നിരിക്കണം. എങ്കിലും ചോദിക്കുവാൻ രണ്ട് കാരണങ്ങൾ ഉണ്ടായിരുന്നുവെന്ന് ചിന്തിക്കാം. ഒന്നാമതായി, യജമാനന്റെ സ്വത്തിന്മേൽ അവന് ഇപ്പോഴും അധികാരം ഉണ്ടെന്നും, ഉടമ്പടി ഭേദഗതി ചെയ്യുവാൻ അവന് സാധിക്കുമെന്നും കടക്കാരൻ മനസ്സിലാക്കണം. രണ്ടാമതായി ഉടമ്പടിയിൽ എഴുതിയിരിക്കുന്ന പാട്ടത്തെപ്പറ്റി കുടിയാൻ ബോധവാനാണെന്ന് ഉറപ്പ് വരുത്തണം.

നൂറ് കുടം എണ്ണ (hundred measures of oil) വലിയൊരു അളവാണ്. 'നൂറ് പറ ഗോതമ്പ്' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നു. 'പറ' എന്നത് ശരിയായ തർജ്ജമയല്ല. "നൂറ് അളവ്" (Hundred measures of oil) ഗോതമ്പ് ഏകദേശം നാല്പത്തിരണ്ട് ഹെക്ടർ സ്ഥലത്തെ വിളവാണ്. അതിനാൽ ഒരു ചെറിയ തിരുത്തൽ അല്ലിത്. കടം വീട്ടുവാൻ അല്ല കാര്യവിചാരകൻ ആവശ്യപ്പെട്ടത്, കരാർ തിരുത്തുവാനാണ്. വിളവെടുക്കുമ്പോൾ മാത്രമേ കടം വീട്ടുവാൻ കുടിയാന്മാർക്കു ബാദ്ധ്യതയുള്ളു.

കാര്യവിചാരകൻ ഉടമ്പടി തിരുത്തിയത് നീതിയാണോ? വ്യാഖ്യാതാക്കൾ നൽകുന്ന ഒരു വിശദീകരണം ഇങ്ങനെയാണ്. പാലസ്റ്റീനിൽ കാര്യവിചാരകന്മാർക്ക് ശമ്പളം ഉണ്ടായിരുന്നില്ല. യജമാനൻ അവർക്ക് പ്രതിഫലം നൽകിയിരുന്നില്ല. കുടിയാന്മാരിൽ നിന്നും പിരിക്കുന്ന പാട്ടത്തിന്റെ ഒരംശം അവർ എടുത്തിരുന്നു. കുടിയാന്മാരുമായി ഉടമ്പടി ഉണ്ടാക്കുമ്പോൾ അതനുസരിച്ച് അതിൽ അവർ അല്പം വർദ്ധന വരുത്തിയിരുന്നു.

തന്റെ ജോലി നഷ്ടപ്പെടുമെന്ന് മനസ്സിലാക്കിയ കാര്യവിചാരകൻ ചെയ്തത് തനിക്ക് കിട്ടേണ്ട വിഹിതം കുറച്ച് കൊടുത്തു. യജമാനൻ കണക്ക് ചോദിച്ചാൽ മുഴുവൻ സംഖ്യയും അയാൾക്കായിരിക്കും ലഭിക്കുക. കാര്യവിചാരകന് തന്റെ വിഹിതം നഷ്ടപ്പെടും. അതിനാൽ ആ വിഹിതം അയാൾ കുടിയാന്മാർക്ക് കുറച്ച് കൊടുത്തു. കുടിയാന്മാർക്ക് അതിന്റെ പേരിൽ അയാളോട് നന്ദി ഉണ്ടാകുമെന്ന് അയാൾ കണക്ക് കൂട്ടി.

### 3. യജമാനന്റെ പ്രതികരണം

തനിക്ക് കിട്ടേണ്ട വിഹിതം വേണ്ടെന്ന് വെച്ചതല്ലാതെ കാര്യവിചാരകൻ യജമാനനെ കബളിപ്പിച്ചു എന്ന് തോന്നുന്നില്ല. അതുകൊണ്ടാണ് യജമാനൻ അവനെ പുകഴ്ത്തിയത്. 'യജമാനൻ അവനെ പുകഴ്ത്തി'

(the master commended him). 'പുകഴ്ത്തി' എന്നിടത്ത് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്കിന് (epainein - commended), 'അംഗീകരിക്കുക' എന്നും അർത്ഥമുണ്ട്.

'ഉടമ്പടി തിരുത്തി' എന്ന കുറ്റം കൂടി കാര്യവിചാരകനിൽ ആരോപിക്കാമായിരുന്നു. എന്നാൽ ഇരുപത് പറ ഗോതമ്പോ, അമ്പത് കുടം എണ്ണയോ അയാളുടെ വിഹിതം ആയിരുന്നു. അത് വേണ്ടെന്ന് വച്ചതിനാണ് യജമാനൻ പുകഴ്ത്തുന്നത്. ഇവിടെ ഉപമ അവസാനിക്കുന്നു.

**4. ഉപമയുടെ പൊരുൾ:**

"ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലോ" (16:8). ഈ ഉപമയുടെ പൊരുൾ ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്നു.

ഈ ലോകത്തിന്റെ മക്കൾ വെളിച്ചമക്കളേക്കാൾ ബുദ്ധിയേറിയവരാണ്. അവിശ്വസ്തനായ കാര്യവിചാരകൻ ലോകപ്രകാരം ജീവിക്കുന്നവനാണ്. തനിക്കുണ്ടായ പ്രതിസന്ധിയെ തരണം ചെയ്യുവാൻ അവൻ ബുദ്ധിപൂർവ്വം, ദീർഘവീക്ഷണത്തോടെ പെരുമാറി, അല്പം മനുഷ്യത്വത്തോടെ പ്രവർത്തിച്ചു. തനിക്കവകാശപ്പെട്ട താത്ക്കാലികലാഭം വേണ്ടെന്ന് വെച്ചു. അത് നിമിത്തം യജമാനൻ അവനെ പുകഴ്ത്തി. ഈ പ്രവർത്തി വെളിച്ചമക്കൾക്ക് മാതൃകയായിത്തീരണമെന്നാണ് കർത്താവ് നിർദ്ദേശിക്കുന്നത്.

ഉപമയിലെ ഭൂവുടമ ദൈവമാണ്. കാര്യവിചാരകൻ ക്രിസ്ത്യാനികളാണ്. കുടിയാന്മാർ നമുക്കു ചുറ്റുമുള്ളവരാണ്. ദൈവം നമ്മുടെ കുറവുകളെ കണ്ടിട്ട്, നിന്റെ കാര്യവിചാരത്തിന്റെ കണക്ക് ഏല്പിച്ചു തരിക എന്ന് പറയുന്നു. പ്രതിസന്ധിയുടെ ഗൗരവം മനസ്സിലാക്കി, ബുദ്ധിപൂർവ്വം പ്രവർത്തിക്കാനുള്ള ആഹ്വാനമാണ് ഈ ഉപമ നല്കുന്നത്.

അവിശ്വസ്തനായ കാര്യവിചാരകൻ അല്പം മനുഷ്യത്വത്തോടെ പെരുമാറി. അതിനെയാണ് യജമാനൻ വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്തത്. ഇന്നത്തെ നമ്മുടെ സമൂഹത്തിൽ മനുഷ്യത്വം നഷ്ടപ്പെടുകയാണോ? നമ്മുടെ സമൂഹത്തിന്റെ വലിയ ശാപമാണ് പണം ഉണ്ടാക്കാനുള്ള വ്യഗ്രത. അതിന്റെ ഭാഗമാണ് അഴിമതിയും കൈക്കൂലിയും. എന്നും, എക്കാലത്തും മനുഷ്യസമൂഹത്തിൽ ദ്രവ്യസ്നേഹം ഉണ്ടായിരുന്നു എന്ന് പറഞ്ഞേക്കാം. എന്നാൽ എക്കാലവും മനുഷ്യസ്നേഹികൾ ഇതിനെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്. ലോകത്തിലെ ഓരോ പുരാതന സംസ്ക്കാരത്തിന്റെയും തകർച്ചയുടെ പിന്നിലുള്ള പ്രധാന കാരണം ഒരു പിടി വ്യക്തികളുടെ ദ്രവ്യസ്നേഹവും അത് നിമി

ത്തമുണ്ടായ മൂല്യത്തകർച്ചയുമാണ്. പണത്തെപ്പറ്റി മാത്രം മനുഷ്യൻ ചിന്തിക്കുമ്പോൾ, പണം ഉണ്ടാക്കുന്നതാണ് ജീവിതവിജയമെന്ന് ചിന്തിക്കുമ്പോൾ, അത് സമ്പാദിക്കുവാൻ വളഞ്ഞ മാർഗ്ഗങ്ങൾ പ്രയോഗിക്കും. മറ്റ് മനുഷ്യരെപ്പറ്റിയുള്ള ചിന്തയും കരുതലും അപ്പോൾ ഇല്ലാതെയായിത്തീരും.

## 5. അനീതിയുള്ള മാമോനെക്കൊണ്ട് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ (വാ. 9)

“മാമ്മോനാസ്” (mamonas) എന്ന ഗ്രീക്ക് വാക്ക് “മാമ്മോൻ” എന്ന അറമായ്ക്ക് വാക്കിൽ നിന്നും ഉണ്ടായതാണ്. അമൻ (amn) എന്ന ധാതുവിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. ‘അമൻ’ എന്ന വാക്കിന്റെ അർത്ഥം വിശ്വാസമർപ്പിക്കുകയെന്നാണ് (to trust in). അതിനാൽ മാമ്മോൻ എന്നതിന് വിശ്വാസമർപ്പിച്ചിരിക്കുന്ന വസ്തു; നിക്ഷേപിച്ചിരിക്കുന്ന പണം; സുരക്ഷിതമായി വെച്ചിരിക്കുന്നത് എന്നൊക്കെ അർത്ഥമുണ്ട് (that in which one trusts; deposited money, what one has put in safety). സാധാരണയായി സമ്പാദ്യം, സ്വത്ത്, പണം എന്നീ അർത്ഥത്തിലാണ് ഗ്രീക്കിൽ ഈ വാക്ക് ഉപയോഗിക്കുന്നത്.

പുതിയനിയമത്തിൽ ഈ വാക്ക് നാല് തവണ ഉപയോഗിച്ചിരിക്കുന്നു. അതിൽ മൂന്നും ലൂക്കോസ് 16-ാം അദ്ധ്യായത്തിലാണ്. “അനീതിയുള്ള മാമ്മോൻ” എന്ന വാക്കിന് അത്ര നല്ല അർത്ഥമല്ല ഉള്ളത്.

“പണം കൊണ്ട് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ” എന്നല്ല കർത്താവ് പറയുന്നത്. ഇന്ന് പണം കൊണ്ട് സ്നേഹിതന്മാരെ ഉണ്ടാക്കുന്നവർ ധാരാളമായിട്ടുണ്ട്. സ്നേഹിതന്മാരെ ഉണ്ടാക്കുവാനുള്ള വേദികളാണ് ചില ക്ലബ്ബുകൾ: ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ് എന്നിവ അതിനുദാഹരണങ്ങളാണ്. അവിടെ അനീതിയുള്ള മാമ്മോനെക്കൊണ്ട് പുതുപ്പണക്കാരും, പഴയപണക്കാരും സ്നേഹിതന്മാരെ ഉണ്ടാക്കുന്നു. അതേ രീതിയിൽ പ്രവർത്തിക്കാനല്ല കർത്താവ് പറയുന്നത്.

ഉപമയിലെ കാര്യവിചാരകൻ പണത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്താണ് സ്നേഹിതന്മാരെ ഉണ്ടാക്കിയത്. അതേ രീതിയിൽ മാമ്മോനോടുള്ള ആസക്തി ഉപേക്ഷിച്ച്, അത് ദരിദ്രന്മാരുടെ പ്രയോജനത്തിനായി ഉപയോഗിച്ച്, ദൈവത്തിന്റെയും വിശുദ്ധന്മാരുടെയും സൗഹൃദം നേടുവാനാണ് കർത്താവ് പറയുന്നത് (9:b: “അത് ഇല്ലാതെയാകുമ്പോൾ അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊൾവാൻ ഇടയാകും”).

### 6. ധനത്തോടുള്ള ക്രിസ്തീയ സമീപനം (16:11–13)

പണം (മാമ്മോൻ) അതിൽ തന്നെ തിന്മയല്ല. എന്നാൽ അതിനോടുള്ള ആസക്തി ഒരാളെ തിന്മയിലേയ്ക്ക് നയിക്കും. യേശു ധനവാന്മാരെ, അവർ പണക്കാരായതു കൊണ്ടു മാത്രം ശപിക്കുകയോ വെറുക്കുകയോ ചെയ്തില്ല. താൻ പരീശപ്രമാണിയും ധനവാനുമായ ശീമോന്റെ ആതിഥ്യം സ്വീകരിച്ചു. അന്ത്യ അത്താഴത്തിന് വേദിയായ വന്മാളിക തീർച്ചയായും ധനവാനായ ഒരു സുഹൃത്തിന്റെ ആയിരുന്നിരിക്കണം. അരിമത്യാക്കാരനായ യൗസേഫ് ധനവാനായിരുന്നു.

എന്നാൽ പണത്തെപ്പറ്റി മാത്രം ചിന്തിക്കുകയും അത് സമ്പാദിക്കുവാൻ കുത്സിതമാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്തവരെയാണ് യേശു വിമർശിച്ചത്. ദൈവത്തിൽ നിന്നും മനുഷ്യനെ അകറ്റുന്നതാണ് ദ്രവ്യാഗ്രഹമെന്ന് താൻ പഠിപ്പിച്ചു. അതുകൊണ്ടാണ് "നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴിയുകയില്ല" (16:13) എന്ന് കർത്താവ് പറഞ്ഞത്.

പണത്തിന് നല്കുന്ന അമിത പ്രാധാന്യമാണ് ഇന്നത്തെ ലോകത്തിന്റെ ഒരു വലിയ പ്രശ്നം. പണമുണ്ടാക്കുന്നതാണ് ജീവിത വിജയമെന്ന് ചിന്തിക്കുന്ന ലോകമാണിത്. ഇന്ന് ലോകത്തിൽ കൂടുതൽ ജനശ്രദ്ധ ആകർഷിക്കുന്നത് കോടീശ്വരന്മാരാണ്. നന്മയിൽ ജീവിക്കുന്നവർക്കും നിസ്വാർത്ഥമായി ജനങ്ങളെ ശുശ്രൂഷിക്കുന്നവർക്കും ഇന്ന് സമൂഹത്തിൽ വലിയ സ്ഥാനമില്ല.

പണത്തോടുള്ള ആസക്തി വർദ്ധിപ്പിക്കുന്ന ഒരു സംസ്കാരം - ഉപഭോക്തൃ സംസ്കാരമാണ് - ഇന്ന് ലോകത്തിൽ ആധിപത്യമുറപ്പിച്ചിരിക്കുന്നത്. പണമുണ്ടാക്കുന്നതും, പണം ധൂർത്തടിച്ച് സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമാണ് ജീവിതത്തിലെ ഏകലക്ഷ്യമെന്ന് ചിന്തിക്കുന്നവരാണ് ബഹുഭൂരിപക്ഷവും. ആ സംസ്കാരം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെപ്പറ്റി നാം കാര്യമായി ചിന്തിക്കാറില്ല. ഇന്ത്യയിലെ മേൽത്തട്ടുകാരെ ലക്ഷ്യമാക്കിയുള്ളതാണ് മിക്ക ഉപഭോക്തൃ വസ്തുക്കളും. നമ്മുടെ നാട്ടിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷത്തിനും അവയിൽ പലതും വാങ്ങിക്കുവാൻ കഴിവില്ല. പൊതുവായ വിലക്കയറ്റത്തിനും താഴെക്കിടയിലുള്ളവരുടെ സാമ്പത്തികത്തകർച്ചയ്ക്കും ഇത് ഇടയാക്കുന്നു.

അനീതിയുള്ള മാമ്മോനെ കൊണ്ട് സ്നേഹിതന്മാരെ ഉണ്ടാക്കുവാനുള്ള ധൈര്യം നമ്മുടെ സഭയ്ക്കും നഷ്ടമായിരിക്കുകയല്ലേ?

❑

# 5

# പരീശനും ചുങ്കക്കാരനും

## (ലൂക്കോസ് 18:9–14)

പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന ഒന്നാണ്. വി. ലൂക്കോസിന്റെ സുവിശേഷം 18–ാം അദ്ധ്യായത്തിൽ മറ്റു സുവിശേഷങ്ങളിൽ കാണാത്ത രണ്ട് ഉപമകൾ നല്കിയിട്ടുണ്ട്. മടുത്തുപോകാതെ പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുവാൻ അനീതിയുള്ള ന്യായാധിപന്റെ ഉപമയും, തുടർന്ന് പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയുടെ ഉപമയും. രണ്ടിന്റെയും പ്രമേയം പ്രാർത്ഥനയാണ്.

യേശു ഈ ഉപമ പറയാനിടയായ സാഹചര്യത്തെപ്പറ്റി വി. ലൂക്കോസ് പരാമർശിക്കുന്നു: “തങ്ങൾ നീതിമാന്മാരെന്നു ഉറച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ച് അവൻ ഒരു ഉപമ പറഞ്ഞതെന്തെന്നാൽ...” (RSV: He also told this parable to some who trusted in themselves that they were righteous and despised others). സ്വയം വിശുദ്ധരെന്നും നീതിമാന്മാരെന്നും അഭിമാനിക്കുകയും, മറ്റുള്ളവരെ പുച്ഛത്തോടെ വീക്ഷിക്കുകയും ചെയ്യുന്നവരെപ്പറ്റിയാണ് ഈ ഉപമ.

1. “ഒരു പരീശനും ചുങ്കക്കാരനും ദേവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയി” (വാ. 11).

ആരാണ് പരീശൻ? ബി.സി. രണ്ടാം നൂറ്റാണ്ടിൽ യഹൂദന്മാരുടെ ഇടയിലുണ്ടായ ഒരു ഭക്തിപ്രസ്ഥാനമാണ് പരീശന്മാരുടേത്. അതിലെ അംഗങ്ങളെല്ലാവരും അവൈദികരായിരുന്നു. യെറുശലേമിലെ പുരോഹിതന്മാർ ന്യായപ്രമാണം അനുസരിച്ച് ജീവിക്കുന്നില്ലെന്നായിരുന്നു പരീശന്മാരുടെ പ്രധാന പരാതി. അതിനാൽ ന്യായപ്രമാണം വിശദമായി പഠിച്ച് അതനുസരിച്ച് ജീവിക്കുവാൻ പ്രതിജ്ഞയെടുത്തവരായിരുന്നു പരീശന്മാർ. “ഫ്രീശെ” (separated ones) എന്ന എബ്രായ പദത്തിൽ നിന്നാണ് ‘പരീശൻ’ എന്ന വാക്കിന്റെ ഉത്ഭവം. മതനിഷ്ഠയില്ലാത്ത യഹൂദന്മാർ, പുറജാതികൾ, അക്ഷരജ്ഞാനമില്ലാത്ത സാധാരണക്കാർ തുടങ്ങിയവരിൽ നിന്നും അവർ വേറിട്ടു ജീവിച്ചു. ഈ വിഭാഗം ജനങ്ങളേക്കാൾ വിശുദ്ധരും ദൈവവിശ്വാസികളുമാണ് തങ്ങളെന്ന് പരീശന്മാർ അഭിമാനിച്ചു.

ചുങ്കക്കാരനും യഹൂദൻ തന്നെയാണ്. ഉപമയിലെ ചുങ്കക്കാരനും ദേവാലയത്തിൽ പ്രാർത്ഥിക്കുവാൻ പോയതായി പറയുന്നതിനാൽ

അയാളും യഹൂദനായിരുന്നു. റോമൻ ഭരണകൂടത്തിനു വേണ്ടി നികുതി പിരിക്കുന്നവരാണ് ചുങ്കക്കാർ. ഓരോ പട്ടണത്തിലും ഗ്രാമത്തിലും നികുതി പിരിക്കുവാൻ റോമാക്കാർ ചുമതലപ്പെടുത്തിയവരാണിവർ. പിരിച്ചെടുക്കുന്ന നികുതിയിൽ ഒരു ഭാഗം ചുങ്കക്കാർക്ക് അവകാശപ്പെട്ടതായിരുന്നു. അതിനാൽ അവർ പരമാവധി നികുതി പിരിച്ചെടുത്തിരുന്നു. നികുതി കൊടുക്കാത്തവരെ പട്ടാളത്തിന്റെ സഹായത്തോടെ തടവിലാക്കുവാൻ വ്യവസ്ഥയുണ്ടായിരുന്നു. മതനിഷ്ഠയുള്ള യഹൂദന്മാർ ഈ ജോലി ഏറ്റെടുത്തിരുന്നില്ല. ജനങ്ങളെ ചൂഷണം ചെയ്യുന്നവരും, വിദേശികൾക്കു വേണ്ടി പണിയെടുക്കുന്നവരുമായിട്ടാണ് ചുങ്കക്കാരെ യഹൂദന്മാർ കണക്കാക്കിയിരുന്നത്. പുറജാതികളെപ്പോലെ ജാതിഭ്രഷ്ടുള്ളവരായി ചുങ്കക്കാരെയും യഹൂദന്മാർ കണക്കാക്കിയിരുന്നു. അവരുമായി ഭക്ഷണം കഴിക്കുന്നതും, സഹവസിക്കുന്നതും നിഷിദ്ധമായി യഹൂദന്മാർ ചിന്തിച്ചു.

യേശുവിനെതിരെയുള്ള പരീശന്മാരുടെ പരാതികളിലൊന്ന് ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷണം കഴിക്കുന്നു എന്നുള്ളതായിരുന്നു. യേശുവിനെ മശിഹായെന്ന് അംഗീകരിക്കുവാൻ പരീശന്മാർ വിസമ്മതിക്കുവാനുള്ള ഒരു കാരണവും ഇത് തന്നെ ആയിരുന്നു. മശിഹാ ഒരു നല്ല യഹൂദനായി, അതായത് പരീശനായിട്ടായിരിക്കും ജീവിക്കുന്നതെന്ന് അവർ പ്രതീക്ഷിച്ചു. പരീശന്മാരുടെ പ്രതീക്ഷകൾക്കനുസൃതമായി യഹൂദമതത്തെ പുനഃസംഘടിപ്പിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുന്ന ഒരു മശിഹാ ആയിരുന്നു അവരുടെ ചിന്തയിൽ ഉണ്ടായിരുന്നത്.

2. “പരീശൻ നിന്നു കൊണ്ട് തന്നോട് തന്നെ” പ്രാർത്ഥിച്ചു (വാ. 11). യഹൂദന്മാർ സാധാരണ നിന്നുകൊണ്ടാണ് പ്രാർത്ഥിച്ചിരുന്നത്. പരീശന്റെ പ്രാർത്ഥന ഉപമയിൽ നൽകിയിട്ടുണ്ട് (വാക്യം 11–12). “ദൈവമേ” എന്ന് സംബോധന ചെയ്യുന്നുണ്ടെങ്കിലും, ഒരർത്ഥത്തിൽ ഇതൊരു പ്രാർത്ഥനയല്ല; ഒരു പ്രസ്താവനയാണ്. അവന് ദൈവത്തിൽ നിന്നും ഒന്നും തന്നെ പ്രാപിക്കുവാനില്ല. എല്ലാ നന്മകളാലും നിറഞ്ഞവനാണ് എന്നുള്ള മനോഭാവത്തിലാണ് അവൻ സംസാരിക്കുന്നത്. തന്റെ നന്മകൾ ദൈവമുമ്പാകെ നിരത്തിവെച്ച് മാനസിക സംതൃപ്തി നേടുക മാത്രമായിരുന്നു ദേവാലയത്തിൽ അവൻ വന്നതിന്റെ ലക്ഷ്യം.

ആത്മീയപ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരിൽ സാധാരണ കാണുന്ന ഒരു മനോഭാവമാണിത്. പരീശസ്വഭാവത്തിന്റെ പല ഉദാഹരണങ്ങളും അനുദിനജീവിതത്തിൽ നമുക്ക് കാണുവാൻ സാധിക്കും.

സ്വന്തം നന്മയും വിശുദ്ധിയും പെരുപ്പിച്ചു കാണിക്കുന്നതും, സ്വയം നീതീകരിക്കുന്നതും, തെറ്റുകൾ അംഗീകരിക്കാൻ വിസ്സമ്മതിക്കുന്നതും

പരീശന്റെ പ്രത്യേകതയാണ്. "എനിക്ക് പാപമില്ല" എന്നുള്ള അവന്റെ വിശ്വാസം പ്രാർത്ഥനയിൽ പ്രകടമാണ്. എനിക്ക് പാപമില്ലെന്നുള്ള ചിന്ത തന്നെ പാപമാണ്. സാത്താന്റെ പിടിയിലായ ഒരു വ്യക്തി മാത്രമേ അങ്ങനെ ചിന്തിക്കുകയുള്ളു. വി. യോഹന്നാൻ ഇതേപ്പറ്റി പറയുന്നു: "നമുക്ക് പാപമില്ല എന്ന് നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി, നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം നീതിമാനും വിശുദ്ധനുമാകുന്നു. നാം പാപം ചെയ്തിട്ടില്ല എന്ന് പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി" (1 യോഹ. 1:8-10). പാപം ഇല്ലെന്ന് പറയുന്നവനാണ് ഏറ്റവും വലിയ പാപി: "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു; പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ?" (1 യോഹ. 3:5).

സാത്താന്റെ പ്രത്യേകത സ്വയനീതീകരണമാണ്. മാലാഖമാർ സാത്താനെ മാനസാന്തരപ്പെടുത്തുവാൻ ശ്രമിച്ചതിനെപ്പറ്റി ഒരു കഥയുണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ സാത്താൻ അഥവാ ലൂസിഫർ വീണുപോയ മാലാഖയാണ്. ഗബ്രിയേൽ, മീഖായേൽ എന്നീ പ്രധാന മാലാഖമാരുടെ ഗണങ്ങളിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്ന ഒരു മാലാഖ. എന്നാൽ അഹങ്കാരം നിമിത്തം മാലാഖമാരുടെ വൃന്ദങ്ങളിൽ നിന്നും ബഹിഷ്കൃതനായിത്തീർന്ന ലൂസിഫർ ദൈവത്തിൽ നിന്ന് അകന്നു. അകലും തോറും തിന്മയുടെ മൂർത്തിമദ്ഭാവമായിത്തീർന്നു ലൂസിഫർ എന്ന സാത്താൻ. ദൈവത്തിൽ നിന്ന് അകന്നുനില്ക്കുകയും മനുഷ്യരേയും ദൈവസൃഷ്ടിയേയും ദൈവത്തിൽ നിന്ന് അകറ്റുവാൻ ശ്രമിക്കുകയുമാണ് സാത്താൻ ചെയ്യുന്നത്. കഥയുടെ ഉള്ളടക്കം ഇങ്ങനെയാണ്. ഗബ്രിയേൽ മാലാഖ ഒരിക്കൽ സാത്താനെ മാനസാന്തരപ്പെടുത്തുവാൻ ശ്രമിച്ചു. മാലാഖമാരുടെ പൊതുവായ താത്പര്യപ്രകാരമായിരുന്നത്രെ ഈ നടപടി. ഗബ്രിയേൽ സാത്താനെ സമീപിച്ച് പഴയ മഹത്വകാലത്തെപ്പറ്റി സംസാരിച്ചു. ദൈവത്തെ സമീപിച്ച് മാപ്പപേക്ഷിച്ചാൽ, കരുണാസമുദ്രമായ താൻ സാത്താന്റെ പാപങ്ങൾ ക്ഷമിച്ച്, വീണ്ടും മാലാഖമാരുടെ ഗണത്തിൽ ഉൾപ്പെടുത്തുമെന്ന് ഗബ്രിയേൽ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിച്ചു, സാത്താൻ വഴങ്ങിയില്ല. ഒടുവിൽ ഗബ്രിയേൽ പറഞ്ഞു: നീ കൂടുതൽ ഒന്നും പറയേണ്ട ആവശ്യമില്ല. I am sorry my God എന്നു മാത്രം പറഞ്ഞാൽ മതി." "നീ പോയി ദൈവത്തോട് I am sorry എന്ന് എന്നോട് പറയാൻ ആവശ്യപ്പെടൂ" എന്നായിരുന്നു സാത്താന്റെ മറുപടി. ദൈവത്തിന് ഏറ്റവും വെറുപ്പുള്ള കാര്യം സ്വയനീതീകരണമാണ്. സ്വയം പെരുപ്പിച്ച് കാണിക്കുന്നതാണ്.

ഈ സ്വയം നീതീകരണമാണ് ആദമിന്റെ വീഴ്ചയ്ക്കിടയാക്കിയ സംഗതി (ഉല്പത്തി 3:10-12). വിലക്കപ്പെട്ട കനി തിന്ന ആദമും ഹവ്വയും ലജ്ജിതരായ് വൃക്ഷങ്ങളുടെയിടയിൽ ഒളിച്ചിരുന്നു. 'നീ എവിടെ?' എന്ന് ദൈവം ചോദിക്കുന്നു. 'ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ട് ഒളിച്ചു' എന്നായിരുന്നു മറുപടി. 'നീ നഗ്നനെന്ന് ആരു പറഞ്ഞു? തിന്നരുതെന്ന് ഞാൻ നിന്നോട് കല്പിച്ച വൃക്ഷഫലം തിന്നുവോ?' എന്ന് ദൈവം ചോദിച്ചപ്പോൾ സ്വയം നീതീകരിച്ചുകൊണ്ടുള്ള മറുപടിയാണ് ആദം നല്കിയത്. "എന്നോടു കൂടി ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു."

'ഞാൻ തെറ്റ് ചെയ്തിട്ടില്ല. നീ സൃഷ്ടിച്ച സ്ത്രീ തന്നു; ഞാൻ തിന്നു. ഞാൻ ഫലം തിന്നാൻ കാരണം നീ തന്നെയാണ്' എന്നാണ് ഈ മറുപടിയുടെ അർത്ഥം. വിലക്കപ്പെട്ട കനി തിന്നതും സ്വയം നീതീകരിച്ചതും ആദമിനെ ദൈവത്തിൽ നിന്നകറ്റി.

3. പരീശൻ തന്റെ പ്രാർത്ഥനയിൽ ചെയ്യുന്നതും സ്വയനീതീകരണമാണ്. അവന്റെ പ്രാർത്ഥനയിൽ മറ്റാർക്കും സ്ഥാനമില്ല. മറ്റാർക്കുവേണ്ടിയും അവൻ പ്രാർത്ഥിക്കുന്നില്ല. സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും കല്ലറയിൽ നിന്നുയരുന്ന ജല്പനങ്ങൾ മാത്രമാണ് അവന്റെ പ്രാർത്ഥന. 'ഞാൻ' എന്ന വാക്കാണ് അതിൽ മുഴങ്ങി കേൾക്കുന്നത്. ദൈവത്തിന് ഏറ്റവും വെറുപ്പുള്ളത് 'ഞാൻ എന്നുള്ള ഭാവ'മാണ്; സ്വാർത്ഥതയാണ്.

സ്വാർത്ഥത വരുത്തിവെയ്ക്കുന്ന അപകടങ്ങൾക്ക് വേദപുസ്തകത്തിൽ തന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. സെബദി മക്കളായ യാക്കോബും യോഹന്നാനും കർത്താവിന്റെ മുമ്പാകെ ഒരു ആവശ്യം വെയ്ക്കുന്നു (മർക്കോസ് 10-ാം അദ്ധ്യായം). "ഞങ്ങൾ നിന്നോട് യാചിക്കുന്നത് ഞങ്ങൾക്കു ചെയ്തു തരുവാൻ അപേക്ഷിക്കുന്നു" (10:35). "നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുവൻ നിന്റെ വലത്തും, ഒരുവൻ ഇടത്തും ഇരിക്കാൻ വരം നല്കേണം" (10:37). "ഞങ്ങൾ മാത്രം" "നിന്നോടു കൂടെ ഇരിക്കേണം" എന്ന് ബാക്കി ശിഷ്യന്മാരെ വിസ്മരിച്ചുകൊണ്ട് അവർ ആവശ്യപ്പെടുന്നു. അതിന്റെ അനന്തരഫലത്തെപ്പറ്റി വി. മർക്കോസ് തന്നെ എഴുതുന്നു: "അതു ശേഷം പത്തുപേരും കേട്ടിട്ട് യാക്കോബിനോടും യോഹന്നാനോടും നീരസപ്പെട്ടു തുടങ്ങി" (10:41). സ്വാർത്ഥത എവിടെയുണ്ടോ അവിടെ കലഹവും ഭിന്നതയും ഉടലെടുക്കുന്നു.

പരീശന്റെ പ്രാർത്ഥന സ്വാർത്ഥത നിറഞ്ഞ ജല്പനമായിരുന്നതിനാൽ അവന് നീതീകരണം ലഭിച്ചില്ല. അവന്റെ പ്രാർത്ഥനയിൽ ദൈവത്തിന്

തന്നെ വേണ്ടത്ര സ്ഥാനമുണ്ടോ എന്ന് സംശയമുണ്ട്. താൻ മതഭക്ത നാണെന്നും പതിവായി പ്രാർത്ഥിക്കുന്നവനാണെന്നും മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടിയായിരിക്കണം അവൻ ദേവാലയത്തിൽ വന്നതു തന്നെ.

4. ചുങ്കക്കാരനാകട്ടെ ഒരു വാക്ക് മാത്രമേ ദൈവമുമ്പാകെ ഉച്ചരിക്കുന്നുള്ളു. “ദൈവമേ പാപിയായ എന്നോട് കരുണ തോന്നേണമേ.” തന്റെ കുറവുകളുടെ ആഴം അവൻ ദർശിച്ചു. വാക്കുകൾക്കുപരി ഹൃദയം ദൈവ സന്നിധിയിലേക്കുയർത്തുവാൻ അവനു കഴിഞ്ഞു. “ദൈവത്തിന്റെ ഹന നയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്” എന്ന് സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീ. 51:17). തന്റെ തകർന്ന ഹൃദയം ഒരു യാഗമായി അർപ്പിക്കുവാൻ ചുങ്കക്കാരന് കഴിഞ്ഞു.

ദൈവോന്മുഖനായി നിന്ന് “എന്നോട് കരുണ തോന്നേണമേ” എന്നു പറയുന്ന ഏതൊരു പാപിക്കും ദൈവരാജ്യത്തിൽ സ്ഥാനമുണ്ടെന്നുള്ളതാണ് ഈ ഉപമ നല്കുന്ന പ്രധാന സന്ദേശം. പ്രാർത്ഥനയുടെ ലക്ഷ്യം എന്താണ്? എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും ഈ ഉപമയിൽ അടങ്ങിയിട്ടുണ്ട്.

ഗിരിപ്രഭാഷണത്തിൽ കർത്താവ് പറയുന്നു: “നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണ സമ്പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽ ഗുണ സമ്പൂർണ്ണരാകുവിൻ” (മത്താ. 5:48). സ്വർഗീയ പിതാവിന്റെ നന്മയിലേയ്ക്ക് വളരുകയാണ് ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കുള്ള പ്രഥമവും പ്രധാനവുമായ മാർഗ്ഗം പ്രാർത്ഥനയാണ്. പ്രാർത്ഥനയിൽ നാം ദൈവവുമായി സംസാരിക്കുന്നു. നിരന്തര സംസർഗ്ഗത്തിലേർപ്പെടുന്നു. നന്മകളുടെ സ്രോതസ്സായ ദൈവത്തോടുള്ള ബന്ധം നമ്മെ നന്മയുള്ളവരാക്കിത്തീർക്കുന്നു. “എന്നോട് കരുണ തോന്നേണമെ” എന്നുള്ള വിനീതമായ പ്രാർത്ഥനയിൽ ദൈവസംസർഗ്ഗത്തിനുള്ള തീവ്രമായ അഭിവാഞ്ചയാണ് പ്രതിഫലിക്കുന്നത്. ജീവിത പരിവർത്തനം ആഗ്രഹിച്ചു പ്രാർത്ഥിച്ച ചുങ്കക്കാരന് പാപമോചനവും ദൈവകൃപയും ലഭിച്ചു.

എന്നാൽ പരീശന്റെ പ്രാർത്ഥനയുടെ ലക്ഷ്യം ജീവിത പരിവർത്തനമുണ്ടാക്കുകയായിരുന്നില്ല. കാരണം അവന്റെ ചിന്തയിൽ നന്മയുടെ പാരമ്യത്തിൽ അവൻ എത്തിക്കഴിഞ്ഞു. അവന് ദൈവത്തിൽ നിന്നും ഒന്നും ലഭിക്കാനില്ല. അവന്റെ നന്മ ദൈവത്തെ പറഞ്ഞു കേൾപ്പിച്ചാൽ മാത്രം മതി.

ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന നിനവെയിലെ ഇസഹാക്ക് എന്ന പിതാവ് പറയുന്നു. “തന്റെ പാപത്തിന്റെ ബാഹുല്യത്തെ ദർശിക്കുന്ന

വൻ, മരിച്ചവരെ ഉയിർപ്പിക്കുന്നവനിലും ശ്രേഷ്ഠനാണ്." മനുഷ്യന് ഈശ്വരദത്തമായ വിവിധ വരങ്ങളും കഴിവുകളും ഉണ്ടായിരുന്നാലും അതിലെല്ലാം ശ്രേഷ്ഠമായത് സ്വന്തം കുറവുകളെ കാണുവാനും അംഗീകരിക്കുവാനുമുള്ള വിനയമാണ്.

❑

# 6

# ആദ്യത്തെ ശുശ്രൂഷകർ

## (അപ്പൊസ്തല പ്രവൃത്തികൾ 6:1–7)

അപ്പൊസ്തലന്മാർ ആദ്യമായി ഏഴു ശുശ്രൂഷകരെ തെരഞ്ഞെടുക്കുന്നതാണ് ഈ വേദഭാഗത്തിന്റെ പ്രതിപാദ്യവിഷയം. പാരമ്പര്യമനുസരിച്ച് ആ ഏഴുപേരും ശെമ്മാശന്മാർ (deacons) ആയിരുന്നു. എന്നാൽ ഇവിടെ അവരെ 'ശെമ്മാശന്മാർ' (deacons) എന്നു വിളിക്കുന്നില്ല. അവരുടെ ജോലിയെപ്പറ്റി പറയുമ്പോൾ 'ശുശ്രൂഷ' (diakonia) എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്.

യേശുക്രിസ്തു തന്റെ ശുശ്രൂഷയിൽ പങ്കാളികളാവാനും, അതു തുടരുവാനുമായി പന്ത്രണ്ട് അപ്പൊസ്തോലന്മാരെയും എഴുപത്തിരണ്ട് അറിയിപ്പുകാരെയും തെരഞ്ഞെടുത്തു. സ്വർഗ്ഗാരോഹണത്തിനു ശേഷം അപ്പൊസ്തലന്മാർ ഒരു പുതിയ തലമുറയെ അവരുടെ ശുശ്രൂഷയിൽ പങ്കാളികളാക്കുന്നതാണ് ഇവിടുത്തെ വിഷയം. അപ്പോസ്തോലന്മാരുടെ കൂട്ടാളികളായി അവരുടെ ശുശ്രൂഷയിൽ സഹായികളായി ഏഴു പേരെ – ഏഴു ശെമ്മാശന്മാരെ തെരഞ്ഞെടുക്കുന്നു. കർത്താവ് നാന്ദി കുറിച്ച ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ ഒരു സംഘം ചെറുപ്പക്കാരെ പങ്കാളികളാക്കുന്ന ഈ സംഭവം സഭയിലെ ആദ്യത്തെ 'പട്ടംകൊട' ശുശ്രൂഷയാണ്. ദൈവരാജ്യത്തിന്റെ ശുശ്രൂഷ തുടരുന്നതും, അതിനു നേതൃത്വം നൽകുന്നതുമാണ് പുരോഹിതരുടെ കർത്തവ്യം.

### (1) അവരെ തെരഞ്ഞെടുക്കാനുള്ള സാഹചര്യം

6:1: "അക്കാലത്ത് ശിഷ്യന്മാർ പെരുകിവരുമ്പോൾ തങ്ങളുടെ വിധവമാരെ ദിനമ്പ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്ന് യവനഭാഷക്കാർ എബ്രായഭാഷക്കാരുടെ നേരെ പിറുപിറുത്തു."

ഇത് ക്രിസ്തീയ സഭ അഭിമുഖീകരിച്ച ആദ്യത്തെ പ്രശ്നമായിരുന്നിരിക്കണം. സാധുസംരക്ഷണം ആദിമസഭയുടെ ശുശ്രൂഷയുടെ പ്രധാന ഭാഗമായിരുന്നു. യഹൂദപാരമ്പര്യത്തിൽ നിന്നും സഭയ്ക്ക് കിട്ടിയതാണിത്. മുട്ടുള്ള സഹോദരങ്ങളെ സഹായിക്കുന്നത് വലിയ കടപ്പാടായി ഓരോ യഹൂദനും കരുതിയിരുന്നു. സുനഗോഗുകളിൽ സാധുക്കൾക്കായി പ്രത്യേകം ധർമ്മശേഖരം നടത്തിയിരുന്നു. ശാബതിന്റെ തലേദിവസം (വെള്ളിയാഴ്ച) രണ്ടു പേർ ചന്തയിലും വീടുകളിലും കയറിയിറങ്ങി പണവും സാധനങ്ങളും ശേഖരിച്ചിരുന്നു. വെള്ളിയാഴ്ച ഉച്ചക

ഴിഞ്ഞ് ഈ പണവും സാധനങ്ങളും സാധുക്കൾക്ക് ഭാഗിച്ചു കൊടുത്തിരുന്നു. അംഗവൈകല്യം നിമിത്തം ജോലിചെയ്യാൻ സാധിക്കാത്തവർക്ക് ദിനംപ്രതി രണ്ടു ദിവസം ഭക്ഷണം കഴിക്കുവാൻ തക്കവണ്ണം പതിനാലു ഭക്ഷണത്തിനുള്ള വക നല്കിയിരുന്നു. ഇങ്ങനെയുള്ള സാധു സംരക്ഷണത്തിനുള്ള ഫണ്ടിന് യഹൂദന്മാർ കുപ്പാ (Kuppa = Basket) എന്നാണ് പറഞ്ഞിരുന്നത്.

ഈ രീതി ക്രിസ്തീയ സഭയും പിന്തുടർന്നു എന്നു വേണം ചിന്തിക്കുവാൻ. പ്രാർത്ഥനയ്ക്കായി ഒരുമിച്ചു കൂടുന്നവർക്ക്, പ്രത്യേകിച്ച് വിധവമാർക്ക്, ഭക്ഷണം നൽകുന്നതിനെപ്പറ്റിയാണ് ഈ വേദഭാഗത്ത് പരാമർശിച്ചിരിക്കുന്നത്. ദിനമ്പ്രതി ഒരുമിച്ചു കൂടി പ്രാർത്ഥിക്കുന്നത് അപ്പൊസ്തലിക സഭയുടെ ജീവിതത്തിന്റെ സുപ്രധാന ഘടകമായിരുന്നു (അ.പ്ര. 2:42; 46-47). അനുദിനം ആരാധനയ്ക്കായി കൂടിവരുന്നവർക്ക് ഭക്ഷണം നൽകുന്നതാണ് 'മേശയിലെ ശുശ്രൂഷ.' അതിന്റെ നടത്തിപ്പിനോടനുബന്ധിച്ചുള്ള ഒരു പ്രശ്നമാണ് അപ്പൊസ്തലിക സഭ നേരിട്ടത്.

ആരാധനയോടനുബന്ധിച്ചുള്ള ഭക്ഷണം അഥവാ 'സ്നേഹവിരുന്ന്' (Agape - Love Feast) ആദിമസഭയുടെ പ്രത്യേകതയായിരുന്നു. വി. പൗലോസും യൂദാ ശ്ലീഹായും ഈ സ്നേഹവിരുന്നിനെപ്പറ്റി സൂചിപ്പിക്കുന്നുണ്ട് (1 കൊരി. 11:17-34; യൂദാ, വാ. 12). സ്നേഹവിരുന്ന് ക്രമമായും ഭംഗിയായും നടക്കുന്നതിനാണ് ഏഴുപേരെ തെരഞ്ഞെടുത്തത്. വിരുന്നിൽ എബ്രായ ഭാഷക്കാർ യവനഭാഷക്കാരായ വിധവമാരെ അവഗണിക്കുന്നു എന്നായിരുന്നു പരാതി. യവനഭാഷക്കാർ യെറുശലേമിൽ കുടിയേറിപ്പാർത്ത ന്യൂനപക്ഷമായിരുന്നിരിക്കണം. ന്യൂനപക്ഷത്തെ നാട്ടുകാരായ യഹൂദക്രിസ്ത്യാനികൾ അവഗണിക്കുന്നു എന്നതായിരുന്നു പരാതി. അപ്പൊസ്തലിക സഭയിലും ചെറിയ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവർ അത് പരിഹരിച്ച രീതി ശ്രദ്ധേയമാണ്.

പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ (സഭയെ) വിളിച്ചുവരുത്തി (6:2). 'ശിഷ്യന്മാർ' എന്നത് വിശ്വാസികളുടെ പൊതുവായ പേരാണ്. അവരെ മുഴുവനായി, അതായത് സഭയെ ആകമാനമായി വിളിച്ചുകൂട്ടി ആലോചിച്ച് പ്രശ്നപരിഹാരം തേടുന്നു.

അപ്പൊസ്തലന്മാർ സ്വേഛാധിപതികൾ (autocrats) ആയിരുന്നില്ല. സ്വേഛാധിപത്യം ക്രിസ്തീയ വിശ്വാസത്തിന് നിരക്കുന്നതല്ല. പിതാവാം ദൈവം സ്വേഛാധിപതി (autocrat) അല്ല. മുടിയനായ പുത്രന്റെ ഉപമയിൽ നിന്നും ലഭിക്കുന്ന ദൈവത്തിന്റെ ചിത്രം ഇതാണ് (ലൂക്കോസ് 15). ആ ഉപമയിൽ ഇളയവനോടുള്ള പിതാവിന്റെ മനോഭാവം നോക്കൂ. അവൻ ചോദിച്ച ഉടനെ സ്വത്തു ഭാഗിച്ചുകൊടുക്കുന്നു. അവനെ പിന്തി

രിപ്പിക്കുവാൻ പിതാവു ശ്രമിച്ചില്ല, മകന്റെ വ്യക്തിത്വത്തെയും സ്വാതന്ത്ര്യത്തെയും പിതാവ് പൂർണ്ണമായി ബഹുമാനിച്ചു. ഇളയവന്റെ തിരിച്ചുവരവിൽ നീരസപ്പെട്ട മൂത്തമകനോടും പിതാവ് കോപിഷ്ഠനായില്ല. ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അതേ രീതിയിൽ സഭയുടെ മുഴുവനും അഭിപ്രായം കണക്കിലെടുത്തുകൊണ്ടാണ് അപ്പൊസ്തലന്മാർ പുതിയ ശുശ്രൂഷകരെ തെരഞ്ഞെടുത്തത്. സഭാംഗങ്ങളുടെ അഭിപ്രായത്തിന് അവർ പരമമായ പ്രാധാന്യം നൽകിയിരുന്നു. തത്ഫലമായി “വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു” (അ.പ്ര. 4:32). അവരുടെ ഐക്യത്തിന്റെ അടിസ്ഥാനം പരസ്പര സ്നേഹവും കരുതലുമായിരുന്നു. സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനം സ്നേഹമാണ്. സ്നേഹത്തിലല്ലാതെ അധികാരത്തിൽ അധിഷ്ഠിതമായ ഐക്യം ക്രിസ്തീയമല്ല. ഒരു ഇടവകയുടെ ഐക്യവും, പരസ്പര സ്നേഹത്തിലും, കരുതലിലും അധിഷ്ഠിതമാണ്.

അപ്പൊസ്തലന്മാരുടെ പ്രതികരണത്തെപ്പറ്റി വി. ലൂക്കോസ് പറയുന്നു (6:2–4). അപ്പൊസ്തലന്മാർ ഒരു പക്ഷേ അതുവരെ സ്നേഹവിരുന്നുകളിൽ മേശകളിൽ ശുശ്രൂഷിച്ചിരുന്നിരിക്കാം. അതേപ്പറ്റി വ്യക്തമായി ഇവിടെ പറഞ്ഞിട്ടില്ല. ഏതായാലും ആ ചുമതല പുതിയ ആളുകളെ ഏല്പിക്കുന്നു. ഉത്തരവാദിത്വങ്ങൾ പങ്കിടുന്നത് (sharing of responsibilities), മറ്റുള്ളവർക്ക് അവസരങ്ങൾ നൽകുന്നത് അപ്പൊസ്തലിക കാലം മുതലുള്ള ഒരു പാരമ്പര്യമാണ്. ഒരു നല്ല നേതൃത്വത്തിന്റെ ലക്ഷണമാണിത്.

നല്ല നേതാവിന്റെ ലക്ഷണം എത്ര കാലം അധികാരത്തിൽ ഇരുന്നു എന്നുള്ളതല്ല. നേതൃനിരയിലേക്ക് എത്ര പേരെ കൊണ്ടുവന്നു എന്നതാണ്.

## (2) ഏഴുപേരുടെ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം

“ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ നിന്നു തന്നെ തിരഞ്ഞു കൊൾവീൻ” (6:3). ‘ആത്മാവ്, ജ്ഞാനം, നല്ല സാക്ഷ്യം’ എന്നിവയായിരുന്നു സഭയിലെ ആദ്യത്തെ ശുശ്രൂഷകരുടെ യോഗ്യത.

(1) ആത്മാവ് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. പുതിയനിയമത്തിൽ, പ്രത്യേകിച്ച് ലൂക്കോസിന്റെ ചിന്തയിൽ നേതൃത്വത്തിനുവേണ്ട പ്രധാന ഗുണം ആത്മനിറവാണ്. ലൂക്കോസിന്റെ സുവിശേഷത്തിൽ പ്രധാന കഥാപാത്രങ്ങളെല്ലാം ആത്മാവിൽ നിറഞ്ഞവരായിരുന്നു. മറിയം (ലൂക്കോ. 1:35), എലിസബത്ത് (1:41), സെഖര്യാവ് (1:67), യോഹന്നാൻ

(1:80), ഉപരി യേശുക്രിസ്തു (2:40, 4:1; 14 etc) എന്നിവരിലെ ആത്മനിറവിനെപ്പറ്റി ലൂക്കോസ് എടുത്തു പറയുന്നു.

ഏഴു ശെമ്മാശന്മാരുടെ ഒന്നാമത്തെ യോഗ്യത ആത്മനിറവാണ്. ആത്മനിറവിന്റെ തെളിവെന്താണ്? അന്യഭാഷയിൽ സംസാരിക്കുന്നതോ, പ്രവചിക്കുന്നതോ അല്ല പരിശുദ്ധാത്മ സാന്നിധ്യത്തിന്റെ പ്രധാന തെളിവ്. നേരെമറിച്ച് ഒരാളിലെ സ്വഭാവശുദ്ധിയാണ് (1 കൊരി. 13:1–2). ആത്മനിറവ് ആത്മാവിന്റെ ഫലത്തിൽ കൂടിയാണ് വെളിപ്പെടുന്നത് (ഗലാ. 5:22).

ആത്മാവിന്റെ പ്രവർത്തനത്തെപ്പറ്റി ധാരാളം പറയാനുണ്ടെങ്കിലും സഭാശുശ്രൂഷകരുടെ കാര്യത്തിൽ പ്രസക്തമായ ഒന്നു രണ്ടു കാര്യങ്ങൾ മാത്രം ചൂണ്ടിക്കാണിക്കട്ടെ.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റി യേശു ഇങ്ങനെ അരുളിച്ചെയ്യുന്നു: "ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും" (യോഹ. 16:7–8). പരിശുദ്ധാത്മാവിന്റെ ഒരു പ്രവർത്തനം വിശ്വാസികളിൽ പാപബോധം വരുത്തുകയാണ്. അതായത് അനുതാപമുണ്ടാക്കുകയാണ്. പരിശുദ്ധാത്മാവ് നിറഞ്ഞ ഒരു വ്യക്തി തന്റെ കുറവുകളെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യും. അനുതാപം, നന്മയിലേക്കുള്ള വളർച്ചയുടെയും ദൈവസംസർഗത്തിന്റെയും പ്രഥമപടിയാണ്. പാപബോധമുള്ളയാൾ തന്നെ ശുദ്ധീകരിച്ച് ദൈവം വസിക്കുന്ന ആലയമാക്കിത്തീർക്കുവാൻ പ്രാർത്ഥിക്കുന്നു.

സഭാശുശ്രൂഷകർക്ക് ഉണ്ടായിരിക്കേണ്ട ഒരു പ്രധാന യോഗ്യത (quality) യാണ് കുറവുകളെപ്പറ്റി ബോധമുണ്ടായിരിക്കുകയും അവയെ വിനയപുരസ്സരം അംഗീകരിച്ച് തിരുത്തുകയും ചെയ്യുന്നത്. അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന നിനവെയിലെ ഇസഹാക്ക് എന്ന സുറിയാനി പിതാവ് പറയുന്നു: "സ്വന്ത പാപങ്ങളുടെ ആഴത്തെ ദർശിച്ചവൻ മരിച്ചവരെ ഉയിർപ്പിക്കുന്നവനേക്കാൾ ശ്രേഷ്ഠനാണ്."

ഈജിപ്തിലെ മണലാരണ്യങ്ങളിൽ വസിച്ചിരുന്ന മത്തിയാസ് എന്നൊരു താപസശ്രേഷ്ഠൻ പറയുന്നത് ശ്രദ്ധേയമാണ്. "ഒരാൾ എത്ര കണ്ട് ദൈവത്തോട് അടുക്കുന്നുവോ അത്ര കണ്ട് സ്വന്തം പാപത്തെപ്പറ്റി അയാൾ ബോധവാനായിത്തീരുന്നു. കാരണം യെശയ്യാ പ്രവാചകൻ ദൈവത്തെ ദർശിച്ചപ്പോഴാണ് 'ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ' എന്നു പറഞ്ഞത്." ആത്മീയനായ വ്യക്തി സ്വന്തം കുറവുകളെ അംഗീകരിക്കുകയും തിരുത്തുകയും ചെയ്യും. നേതൃസ്ഥാന

ത്തുള്ളവരുടെ ആത്മനിറവ് വെളിവാകുന്ന പല തെളിവുകളിൽ ഒന്നാണിത്.

(2) ശുശ്രൂഷകരുടെ രണ്ടാമത്തെ യോഗ്യത ജ്ഞാനമാണ്. ജ്ഞാനം എന്നത് അറിവു മാത്രമല്ല. വേദശാസ്ത്രത്തിൽ ഉന്നത ബിരുദങ്ങൾ നേടിയതു കൊണ്ട് ജ്ഞാനം ഉണ്ടാകണമെന്നില്ല. ജ്ഞാനമുള്ളവർ എന്നു പറഞ്ഞാൽ വിവേകവും പക്വതയുമുള്ളവർ എന്ന് അർത്ഥമാക്കാം. സംസാരത്തിലും പെരുമാറ്റത്തിലും മാന്യത പുലർത്തുന്നവരായിരിക്കണം ശുശ്രൂഷകർ. ശെമ്മാശന്മാരെപ്പറ്റി വി. പൗലൂസ് പറയുന്നു: "ശുശ്രൂഷകന്മാർ ഘനശാലികൾ (serious) ആയിരിക്കണം, ഇരുവാക്കുകാരും (double-tongued) ദുർലാഭമോഹികളും (greedy for gain) അരുത്" (1 തീമോ 3:8).

ഇരുവാക്കുകാർ ആയിരിക്കരുത് എന്നു പറഞ്ഞാൽ ഒന്നു പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുന്നവർ ആയിരിക്കരുത്. ആത്മാർത്ഥതയില്ലാതെ സംസാരിക്കുന്നവർ ആയിരിക്കരുത് എന്നാണർത്ഥം.

"ദുർലാഭമോഹികൾ" (greedy for gain) ആകരുത്. പണത്തെ സ്നേഹിക്കുന്നവരാകരുത്. അധികാരത്തിനുവേണ്ടി ഓടിനടക്കുന്നവരാകരുത്. സ്ഥാനമോഹികളാകരുതെന്നർത്ഥം. ഇംഗ്ലീഷിലെ Lust എന്ന വാക്ക് സാധാരണ 'കാമം' എന്നാണ് വിവർത്തനം ചെയ്യുന്നത്. എന്നാൽ ഈ വാക്ക് പണത്തോടും അധികാരത്തോടും ചേർത്ത് ഉപയോഗിക്കാറുണ്ട്. ധനമോഹവും അധികാരഭ്രമവും (lust for money, lust for power), ജഡമോഹം പോലെ തന്നെ അപകടകരങ്ങളാണ്.

വിവേകം അഥവാ ജ്ഞാനം അറിവിനേക്കാൾ ഉപരി, ആത്മീയ ജീവിതത്തെ നശിപ്പിക്കുന്ന പ്രവണതകളെ തിരിച്ചറിയുവാനുള്ള കഴിവാണ്.

(3) മൂന്നാമത്തെ യോഗ്യത നല്ല സാക്ഷ്യമാണ്. സഭാംഗങ്ങളുടെ ഇടയിൽ നല്ല മതിപ്പുള്ളവരായിരിക്കണം. വി. പൗലൂസ്, തീമോത്തിയോസിനെ ഉദ്ബോധിപ്പിക്കുന്നു. "ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്കുക" (1 തീമോ. 3:12).

മറ്റുള്ളവർക്ക് ഇടർച്ച വരുത്താത്തത് ആയിരിക്കണം സഭാ ശുശ്രൂഷകന്റെ നടപടികൾ. പ്രത്യേകിച്ച് ആരാധനാസമയത്ത് കാണിക്കുന്ന ആത്മാർത്ഥത, അച്ചടക്കം, പക്വത, ദൈവസാന്നിധ്യബോധം ഇവ വളരെ പ്രധാനമാണ്. 'മതം ആദ്യം മരിക്കുന്നത് പുരോഹിതന്റെ ഹൃദയത്തിലാണ്' എന്ന് ആരോ പറഞ്ഞത് വാസ്തവമാണ്. ആത്മാവ്, ജ്ഞാനം, നല്ല സാക്ഷ്യം എന്നീ യോഗ്യതകൾ വൈദിക സ്ഥാനികൾക്കു മാത്രമല്ല,

ഇടവകയിലെ ആത്മീയ സംഘടനാപ്രവർത്തകർക്കും, ഭരണസമിതി അംഗങ്ങൾക്കും, സഭാമാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്കും ബാധകമാണ്.

## (3) തെരഞ്ഞെടുത്ത രീതി

ആത്മാവും, ജ്ഞാനവും, സാക്ഷ്യവും ഉള്ളവരെ അപ്പൊസ്തലന്മാർ നാമനിർദ്ദേശം ചെയ്യുകയല്ല. 'നിങ്ങളിൽ നിന്നു തന്നെ തെരഞ്ഞുകൊൾവീൻ' എന്ന് സഭാംഗങ്ങളോട് നിർദ്ദേശിക്കുകയാണ് അവർ ചെയ്തത്.

അവരെ തെരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്തം ജനങ്ങൾക്കാണ്. ഈ രീതി ആദിമസഭയിൽ പരക്കെ നിലനിന്നിരുന്നു. പള്ളിയോഗം കൂടി വൈദികസ്ഥാനിളെ തെരഞ്ഞെടുക്കുന്ന രീതിയാണ് കഴിഞ്ഞ നൂറ്റാണ്ടു വരെ മലങ്കരയിൽ ഉണ്ടായിരുന്നത്. മലങ്കര അസോസിയേഷൻ കൂടി മേൽപ്പട്ടസ്ഥാനികളെ തെരഞ്ഞെടുക്കുന്ന രീതിയും ഈ പാരമ്പര്യത്തിൽ അധിഷ്ഠിതമാണ്. സഭാനേതൃത്വത്തെ ഇടവകതലത്തിലും സഭാതലത്തിലും ജനങ്ങൾ തെരഞ്ഞെടുക്കുന്നതാണ് വേദപുസ്തകാധിഷ്ഠിതമായ പാരമ്പര്യം.

യെറുശലേമിലെ ആദ്യത്തെ ക്രിസ്ത്യാനികൾ തെരഞ്ഞെടുത്തത് ഗ്രീക്കു വംശജരായ ചെറുപ്പക്കാരെയായിരുന്നു. കാരണം, ഗ്രീക്കു പേരുകളേ ഏഴു പേരുടെ ലിസ്റ്റിൽ കാണുന്നുള്ളു. പരാതിപ്പെട്ട സമൂഹത്തിൽ നിന്നു തന്നെ ചുമതലക്കാരെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. അസംതൃപ്തരെ, പരാതിക്കാരെ അവഗണിക്കുവാനോ, ഒതുക്കുവാനോ അല്ല അപ്പൊസ്തലിക സഭ ശ്രമിച്ചത്. അവർക്ക് പ്രവർത്തിക്കുവാനും, നേതൃത്വത്തിലേക്കു വരാനുമുള്ള സന്ദർഭം നൽകുകയാണ് ചെയ്തത്.

"ഞങ്ങളോ പ്രാർത്ഥനയിലും വചന ശുശ്രൂഷയിലും ഉറ്റിരിക്കും" (6:4). സഭയ്ക്ക് പ്രാർത്ഥനാപൂർവ്വമായ നേതൃത്വം നൽകുകയാണ് തങ്ങളുടെ ദൗത്യമെന്ന് അപ്പൊസ്തലന്മാർക്ക് അറിയാമായിരുന്നു. സഭയിൽ മേൽപ്പട്ടക്കാരുടെയും വൈദികരുടെയും ചുമതല പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കുകയാണ്. ആരാധന നയിക്കുന്നതിനോടൊപ്പം സഭാംഗങ്ങളെ വേദപുസ്തകവും വിശ്വാസവും പഠിപ്പിക്കുകയാണ് അവരുടെ മുഖ്യ ദൗത്യം.

ആദിമസഭ ആരാധിക്കുന്ന സമൂഹമായിരുന്നു (അ. പ്ര. 2:42-46). അതിൽ നേതൃത്വം നൽകുന്നതിൽ അവർക്ക് മുടക്കം വരാതിരിക്കുവാനാണ് ഏഴു പേരെ തെരഞ്ഞെടുത്തത്. അപ്പൊസ്തലന്മാരുടെ ഈ വാക്കു കൂട്ടത്തിനു ഒക്കെയും ബോദ്ധ്യമായി. വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ ഏഴു പേരെ തെരഞ്ഞെടുത്തു - അതിൽ സ്തേഫാനോസും ഉൾപ്പെടുന്നു. "അപ്പൊസ്തലന്മാരുടെ മുമ്പാകെ നിറുത്തി അവർ

പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ചു", അതായത് പട്ടംകൊടുത്തു വാഴിച്ചു. സഭയിലെ ആദ്യത്തെ 'പട്ടംകൊട ശുശ്രൂഷ' ആയിരുന്നു അത്. ക്രിസ്തീയ സഭാ ശുശ്രൂഷകർക്ക്, ആ ഏഴു പേർ എക്കാലവും മാതൃകയാണ്. നല്ല വിശ്വാസവും, ആത്മാവുമുള്ള ശുശ്രൂഷകരെ ദൈവം സഭയിൽ എഴുന്നേൽപ്പിക്കട്ടെ.

❑

# 7

# ദൈവത്തിനു പ്രീതികരമായ യാഗം

*“നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ” (റോമ. 12:1).*

‘നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു യാഗമായി അർപ്പിക്കുവിൻ. അതിലൂടെ നിങ്ങൾ ബുദ്ധിയുള്ള ആരാധന ദൈവത്തിനു സമർപ്പിക്കുന്നു’: ഇതാണ് വി. പൗലൂസ് പറയുന്നത്. നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ഉള്ളതാക്കി ദൈവത്തിനു സമർപ്പിക്കുമ്പോൾ നിങ്ങൾ യഥാർത്ഥ ആരാധന അർപ്പിക്കുന്നു. അപ്പോൾ യഥാർത്ഥ ആരാധനയുടെ ലക്ഷ്യമെന്താണ്? മനുഷ്യർ ജീവനും വിശുദ്ധിയും ഉള്ളവരായിത്തീരണമെന്നതാണ്.

### 1. ആരാധനയുടെ ലക്ഷ്യം

ദൈവസംസർഗ്ഗമാണ് ആരാധന. ദൈവവുമായി നമ്മെ ബന്ധിപ്പിക്കുന്ന ഓരോ വാക്കും ചിന്തയും പ്രവർത്തിയും ആരാധനയാണ്. വാക്കുകൾ ഉരുവിടുന്നതു മാത്രമല്ല ആരാധന. ദൈവത്തെപ്പറ്റിയുള്ള ചിന്ത തന്നെ ആരാധനയാണ്. ദൈവത്തിനു പ്രസാദകരമായ ഓരോ പ്രവർത്തിയും ആരാധനയാണ്.

ഇനി ആരാധനയുടെ ലക്ഷ്യമെന്താണെന്നു ചിന്തിക്കാം. നമ്മുടെ ജീവിതപരിവർത്തനമാണ് ആരാധനയുടെ ലക്ഷ്യം. ജീവിതത്തിന്റെ ലക്ഷ്യം എന്താണെന്ന് ഗിരിപ്രഭാഷണത്തിൽ നമ്മുടെ കർത്താവ് വ്യക്തമാക്കുന്നു: “നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണസമ്പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ സമ്പൂർണ്ണരാകുവീൻ” (മത്തായി 5:48). സ്വർഗ്ഗീയ പിതാവിന്റെ നന്മയിലേക്കുള്ള വളർച്ചയാണ് ജീവിതലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയിട്ടാണ് നാം പ്രാർത്ഥിക്കുന്നത്. ഉപവസിക്കുന്നതിന്റെയും, പള്ളിയിൽ പോകുന്നതിന്റെയും എല്ലാം ആത്യന്തിക ലക്ഷ്യം ഇതാണ്.

വി. പത്രോസ് പറയുന്നതുപോലെ “ ദിവ്യസ്വഭാവത്തിൽ കൂട്ടാളികളായിത്തീരുകയാണ്” നമ്മുടെ ജീവിതലക്ഷ്യം (2 പത്രോ. 1:4). അതായത് പരിശുദ്ധാത്മാവിന്റെ മന്ദിരങ്ങളായിത്തീരുന്നതിനാണ് നാം പ്രാർത്ഥി

ക്കേണ്ടത്. ദൈവാത്മാവ് നമ്മിൽ വസിച്ച് ആത്മാവിന്റെ ഫലം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്നതിനാണ് നാം പ്രാർത്ഥിക്കേണ്ടത് (ഗലാ. 5:22: ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം).

'ദിവ്യസ്വഭാവത്തിൽ പങ്കാളികളാവുക' എന്നു പറഞ്ഞാൽ ആത്മാവിന്റെ ഫലം നമ്മിൽ ഉണ്ടാവുക എന്നാണ് അർത്ഥം. സ്വർഗ്ഗീയ പിതാവിന്റെ സൽഗുണസമ്പൂർണ്ണതയിലേക്ക് വളരുക എന്നു പറയുന്നതിന്റെ അർത്ഥം ആത്മാവിന്റെ ഫലങ്ങളാകുന്ന ദിവ്യഗുണങ്ങളെ പ്രാപിക്കുക എന്നാണ്.

എന്നാൽ നാം പ്രാർത്ഥിക്കുന്നത് ഈ ലക്ഷ്യത്തിലല്ല, നമ്മുടെ മാനസാന്തരത്തിനല്ല നാം പ്രാർത്ഥിക്കുന്നത്. നേരെമറിച്ച് ദൈവത്തെ മാനസാന്തരപ്പെടുത്തുവാനാണ്. നമ്മുടെ ഹിതമനുസരിച്ച് ദൈവം പ്രവർത്തിക്കുന്നതിന്, ദൈവത്തിന്റെ മേൽ സമ്മർദ്ദം ചെലുത്തുവാനുള്ള ഒരു ഉപാധിയായിട്ടാണ് നാം പ്രാർത്ഥനയെ കണക്കാക്കുന്നത്.

നമ്മുടെ മാനസാന്തരത്തെ ലക്ഷ്യമാക്കിയുള്ള പ്രാർത്ഥനയ്ക്കാണ് വി. പൗലൂസ് "ബുദ്ധിയുള്ള ആരാധന" എന്നു പറയുന്നത്. നന്മയിലുള്ള ജീവിതം തന്നെ ദൈവത്തിനു പ്രീതികരമായ ഒരു യാഗമാണ്. യഥാർത്ഥത്തിൽ നന്മയിലുള്ള ജീവിതമാണ് ദൈവവിശ്വാസത്തിന്റെ അടയാളം.

മരുവാസികളായ താപസശ്രേഷ്ഠന്മാരുടെ ജീവിതം വിവരിക്കുന്ന ഒരു പുസ്തകത്തിൽ (The Desert fathers) ഒരു സംഭവത്തെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഒരു യുവസന്യാസി, പീമോൻ എന്ന സന്യാസപിതാവിനോടു ചോദിച്ചു. 'ഗുരോ എന്താണ് വിശ്വാസം?' 'ആർദ്ര കരുണയിലും, വിനയത്തിലും ജീവിച്ച്, തന്റെ അയൽക്കാരന് നന്മ ചെയ്യുന്നതാണ്' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

## 2. "ദൈവത്തിനു പ്രസാദമുള്ള യാഗം"

'നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ' എന്ന് വി. പൗലൂസ് ആഹ്വാനം ചെയ്യുന്നു. നമ്മുടെ ശരീരങ്ങൾ എങ്ങനെയാണ് ദൈവത്തിന് പ്രസാദമുള്ള യാഗമായിത്തീരുന്നത്? ഇതിന്റെ ഉത്തരത്തെപ്പറ്റി ചിന്തിക്കുന്നതിനു മുമ്പ് യഹൂദപാരമ്പര്യത്തിൽ യാഗത്തിന്റെ അർത്ഥം എന്തെന്നു ചിന്തിക്കാം.

### (1) യാഗം യഹൂദ പാരമ്പര്യത്തിൽ

യഹൂദ ആരാധനയിലെ ഏറ്റവും പ്രധാനപ്പെട്ട ചടങ്ങ് യാഗമായിരുന്നു.

ദൈവസംസർഗ്ഗത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയായിട്ടാണ് യാഗത്തെ യഹൂദന്മാർ കണക്കാക്കിയിരുന്നത്. മനുഷ്യന്റെ ഭോജ്യവസ്തുക്കളായ മാംസം, അപ്പം, വീഞ്ഞ്, എണ്ണ എന്നിവയാണ് യാഗമായി അർപ്പിച്ചിരുന്നത്. ഭക്ഷണത്തിന്റെ (= അപ്പത്തിന്റെ) സമ്പാദനത്തിനാണ് മനുഷ്യൻ സമയവും അദ്ധ്വാനവും പ്രധാനമായി ചെലവഴിക്കുന്നത്. മനുഷ്യന്റെ അദ്ധ്വാനഫലമാണ് ഭക്ഷണം. "നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നീ അപ്പം ഭക്ഷിക്കും" (ഉല്പ. 3:19) എന്നാണല്ലോ ദൈവം ആദാമിനോട് കല്പിച്ചത്? മാംസമോ അപ്പമോ അർപ്പിക്കുമ്പോൾ മനുഷ്യൻ തന്റെ അദ്ധ്വാനഫലമാണ് അർപ്പിക്കുന്നത്. അതായത് തന്റെ ജീവിതം ദൈവത്തിനു സമർപ്പിക്കുന്നു. മനുഷ്യൻ സ്വയം സമർപ്പിക്കുന്നു എന്ന അർത്ഥത്തിലാണ് തന്റെ അദ്ധ്വാനഫലം, അതായത് 'നെറ്റിയിലെ വിയർപ്പിന്റെ ഫലം' അർപ്പിക്കുന്നത്.

പാപപരിഹാരത്തിനും, ദൈവസംസർഗ്ഗത്തിനുമായിട്ടാണ് യഹൂദന്മാർ ബലിയർപ്പിച്ചിരുന്നത്. പാപമോചനം ലഭ്യമാകുന്നത് അർപ്പിക്കുന്നയാളിന്റെ മാനസാന്തരത്തിലൂടെ മാത്രമാണ്. മനഃപരിവർത്തനമുണ്ടാകാതെ, അതായത് ജീവിതത്തിൽ നന്മയുണ്ടാകാതെ അർപ്പിക്കുന്ന ബലികളെ പഴയനിയമത്തിൽ വിമർശിക്കുന്നുണ്ട്. സങ്കീർത്തനക്കാരന്റെ ചിന്തയിൽ, ദൈവത്തിന് ഏറ്റവും പ്രസാദകരമായ യാഗം തകർന്ന ഹൃദയം, അതായത് പാപബോധമുള്ള, അനുതപിക്കുന്ന ഹൃദയമാണ്. "ഹനനയാഗം നീ ഇച്ഛിക്കുന്നില്ല; അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല" (സങ്കീ. 51:16-17).

പാപഭാരത്താൽ ദുഃഖിച്ച്, നന്മയിലേക്ക് തിരിയുവാൻ വെമ്പുന്ന ഹൃദയമാണ് ഹോമയാഗത്തേക്കാളും ഹനനയാഗത്തേക്കാളും ദൈവം ഇഷ്ടപ്പെടുന്നത്. പ്രവാചകന്മാർ ഈ ആശയം ആവർത്തിച്ചു പറയുന്നു. "യാഗത്തിലല്ല, ദയയിലും ഹോമയാഗത്തേക്കാൾ ദൈവപരിജ്ഞാനത്തിലും ഞാൻ പ്രസാദിക്കുന്നു" (ഹോശയ 6:6). യാഗത്തിന് അർത്ഥം നൽകുന്നത് അർപ്പകന്റെ ജീവിതപരിവർത്തനമാണ്. ദൈവിക ചിന്തയുടെ വെളിച്ചത്തിൽ പ്രവർത്തനശൈലിക്ക് മാറ്റം വരുന്നില്ലെങ്കിൽ യാഗം നിരർത്ഥകമാണ്. മീഖാ പ്രവാചകൻ ഇത് വിശദമാക്കുന്നു: "ആയിരം ആയിരം ആട്ടുകൊറ്റനിലും, പതിനായിരം പതിനായിരം തൈലനദിയിലും യഹോവ പ്രസാദിക്കുമോ?... മനുഷ്യാ നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചുതന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും, ദയാതൽപ്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്" (മീഖാ 6:6-8).

നീതിബോധമുള്ളവരും, ദയയുള്ളവരും, വിനയമുള്ളവരും ആയി ജീവിക്കണമെന്നാണ് ദൈവം മനുഷ്യരിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ജീവിതത്തിൽ നന്മയുണ്ടാകാതെ, ഒരു ബാഹ്യചടങ്ങായി ആരാധിക്കുന്നതും യാഗം കഴിക്കുന്നതും പഴയനിയമം വിമർശിക്കുന്നു. നമ്മുടെ കർത്താവു തന്നെ ഈ നിലപാട് അംഗീകരിച്ച് സംസാരിക്കുന്നു (മർക്കോസ് 12:28-34 കാണുക).

പഴയനിയമത്തിൽ 'അപ്പൊക്രീഫാ' എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന പുസ്തകമാണ് "മഹാജ്ഞാനം." "പ്രഭാഷകൻ" (Ecclesiasticus), സീറാക്കിന്റെ മകനായ യോശുവയുടെ ജ്ഞാനം (Wisdom of Jesus, Bar Sirach) എന്നും ഇതിന് പേരുണ്ട്. അതിൽ പറയുന്നു (34:18) "അന്യായമായി സമ്പാദിച്ചിട്ടുള്ളവയിൽ നിന്ന് അർപ്പിക്കുന്ന യാഗം കളങ്കിതമാണ്. നിയമനിഷേധിയുടെ വഴിപാടുകൾ സ്വീകാര്യമല്ല; വഷളന്റെ ബലികളിൽ അത്യുന്നതൻ പ്രസാദിക്കുന്നില്ല; എത്ര യാഗം അർപ്പിച്ചാലും അയാൾ പാപവിമുക്തനാകുന്നില്ല."

യാഗാർപ്പണം അതിൽ തന്നെ ഒരന്ത്യമല്ല. ദൈവത്തിന് നല്കുന്ന കൈക്കൂലിയല്ല യാഗം. നാണയത്തുട്ടുകളുടെ കിലുക്കത്തിൽ പ്രസാദിക്കുന്നവനല്ല ദൈവം. കുറെ യാഗങ്ങൾ കഴിച്ചാൽ ദൈവം സംപ്രീതനാകുമെന്ന മിഥ്യാസങ്കൽപ്പത്തിനെതിരെ പ്രവാചകന്മാർ എന്നും പോരാടിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച 'മഹാജ്ഞാനം' എന്ന ഗ്രന്ഥത്തിൽ (38-ാം അദ്ധ്യായം) വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവരെപ്പറ്റി പറയുന്നു. നിലം ഉഴുന്നവർ, ശില്പികൾ, കുശവന്മാർ, കെട്ടിടങ്ങൾ പണിയുന്നവർ എന്നിവരെപ്പറ്റി പറഞ്ഞിട്ട് കൂട്ടിച്ചേർക്കുന്നു (38:34): "എന്നാൽ അവർ ഈ ലോകത്തിന്റെ കെട്ടുറപ്പ് നിലനിർത്തുന്നു; അവരുടെ തൊഴിൽ തന്നെയാണ് അവരുടെ പ്രാർത്ഥന."

ആത്മാർത്ഥതയോടെ, ചെയ്യുന്ന ഓരോ ജോലിയും ദൈവത്തിന് സമർപ്പിക്കുന്ന ആരാധനയാണ്. ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗം നമ്മുടെ ജീവിതമാണ്. നീതിയിലും, വിനയത്തിലും ദൈവാശ്രയത്തിലും നാം ജീവിക്കുമ്പോൾ നാം തന്നെ ദൈവത്തിന് പ്രീതികരമായ യാഗമായിത്തീരുന്നു.

## 2. വി. കുർബ്ബാനയുടെ അർത്ഥം

പഴയനിയമ ബലികൾ മനുഷ്യന്റെ സ്വയസമർപ്പണത്തിന്റെ പ്രതീകങ്ങളായിരുന്നു എന്ന് നാം കണ്ടു. സ്വയസമർപ്പണമില്ലാതെ, ജീവിതത്തിൽ നന്മയുണ്ടാകുവാൻ ആഗ്രഹിക്കാതെ നടത്തുന്ന ബലികൾ നിരർത്ഥക

ങ്ങളാണെന്ന് പഴയനിയമം ആവർത്തിച്ച് പറയുന്നുവെന്നും നാം മനസ്സിലാക്കി. ഈ പശ്ചാത്തലത്തിൽ വി. കുർബാനയുടെ അർത്ഥം നമുക്ക് പരിശോധിക്കാം.

മനുഷ്യന്റെ ഭോജ്യവസ്തുക്കളായ അപ്പവും വീഞ്ഞുമാണല്ലോ വി. കുർബാനയിൽ നാം അർപ്പിക്കുന്നത്. അവ സമർപ്പിക്കുമ്പോൾ മനുഷ്യന്റെ അദ്ധ്വാനഫലമാണ് ദൈവത്തിന് അർപ്പിക്കുന്നത്. അപ്പം ദൈവത്തിന്റെ ദാനമാണ്. ദൈവത്തിൽ നിന്ന് ലഭിച്ചത് നന്ദിസൂചകമായി ദൈവമുമ്പാകെ സമർപ്പിക്കുന്നു. അതിലൂടെ മനുഷ്യൻ ദൈവത്തോടുള്ള വിധേയത്വം പ്രകടിപ്പിക്കുന്നു.

വി. കുർബാനയിൽ അർപ്പിക്കുന്ന ഒരപ്പം സഭയുടെ ഐക്യത്തിന്റെ പ്രതീകമാണ്. സഭയുടെ സ്വയസമർപ്പണത്തിന്റെ അടയാളമാണ് ഒറ്റ അപ്പം. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുതിയ 'ഡിഡാക്കെ' എന്ന ഗ്രന്ഥത്തിലെ വി. കുർബ്ബാനയിലെ ഒരു പ്രാർത്ഥന ഇങ്ങനെയാണ്: "ഒരിക്കൽ പല കുന്നുകളിന്മേൽ ചിതറികിടന്നിരുന്ന (ധാന്യങ്ങൾ) ഒന്നുചേർന്ന് ഈ ഒരപ്പം ഉണ്ടായതുപോലെ ഭൂമിയുടെ അറ്റങ്ങളിൽ ചിതറിക്കിടക്കുന്ന നിന്റെ സഭയെ നിന്റെ രാജ്യത്തിൽ ഒരുമിച്ചു കൊണ്ടുവരേണമേ."

പല ധാന്യമണികളിൽ നിന്നുണ്ടായ ഒരപ്പം ഏക സഭയുടെ പ്രതീകമാണ്. നമ്മുടെ പ്രതീകമാണ്, നമ്മുടെ സ്വയസമർപ്പണത്തിന്റെ പ്രതീകമാണ്. വി. കുർബാനയുടെ ആരംഭത്തിൽ ഒരു സെദ്റായിൽ ഇങ്ങനെ പ്രാർത്ഥിക്കുന്നു: "ഞങ്ങൾ തന്നെ നിനക്ക് സ്വീകാര്യബലിയായി ഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ." വി. കുർബാനയിലെ ഒരുക്കശുശ്രൂഷയിൽ (തൂയോബോ) ഒരു പ്രാർത്ഥനയിൽ നാം ചൊല്ലുന്നു: "കർത്താവേ നിനക്ക് സുഗന്ധവാസനയായി സ്തോത്രബലികൾ സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായി തീരണമേ. ഞങ്ങളുടെ വിചാരങ്ങളും വചനവും പ്രവർത്തിയും ദഹനയാഗങ്ങളായും ഭവിക്കണമേ."

ദൈവം പ്രീതിപ്പെടുന്ന യാഗം നന്മയിലുള്ള ജീവിതമാണ്. അതിന്റെ പ്രതീകമായും, അതിനുള്ള ഉപാധിയുമായിട്ടാണ് അപ്പവീഞ്ഞുകൾ അർപ്പിക്കുന്നത്. വി. കുർബാനയ്ക്ക് സാധാരണ നല്കുന്ന പേര് 'സ്തോത്രബലി' (eucharist) എന്നാണ്. ദൈവം ചെയ്ത വൻകാര്യങ്ങൾക്ക് നന്ദി പറയുകയാണ് വി. കുർബാനയുടെ കാതലായ വശം. ലോകത്തെ സൃഷ്ടിച്ചതിനും, തന്റെ പുത്രന്റെ ജഡധാരണം വഴി തിന്മയിൽ നിന്ന് അതിനെ രക്ഷിച്ചതിനും വി. കുർബാനയിൽ ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു. കേവലം ഒരു പൂജാകർമ്മമായി (cult) തുടരുവാനല്ല കർത്താവ് വി. കുർബാന സ്ഥാപിച്ചത്. തന്റെ തിരുശരീരരക്തങ്ങളിലുള്ള പങ്കാളിത്തം വഴി നാം ദൈവസ്വഭാവമുള്ളവരായിത്തീരുന്നതിനാണ്.

വി. കുർബ്ബാനയെപ്പറ്റി നമ്മുടെ കർത്താവ് പഠിപ്പിച്ചത് യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ കർത്താവ് പറയുന്നു: "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്" (യോഹ. 6:54). ദൈവം നമ്മിൽ വസിക്കുന്ന അവസ്ഥയാണ് നിത്യജീവൻ. യോഹന്നാന്റെ സുവിശേഷത്തിൽ 'ജീവൻ' എന്നത് ക്രിസ്തുവിന്റെ സ്വഭാവമാണ്. ക്രിസ്തു നമ്മിൽ വസിക്കുന്ന അവസ്ഥയാണ് നിത്യജീവൻ (യോഹ. 6:56–57). ക്രിസ്തുവിന്റെ സ്വഭാവം ഉണ്ടാകുന്നതാണ് നിത്യജീവന്റെ ലക്ഷണം. വി. കുർബാനാനുഭവത്തിന്റെ ലക്ഷ്യം ക്രിസ്തു നമ്മിൽ വസിച്ച്, നമ്മിൽ നിത്യജീവൻ ഉണ്ടാവുകയാണ്. അതായത് ക്രിസ്തുവിൽ കാണപ്പെട്ട ദൈവികഗുണങ്ങളായ സ്നേഹവും കരുണയും ത്യാഗ മനസ്ഥിതിയും നമ്മിൽ ഉണ്ടാവുകയാണ്.

വി. കുർബാനയുടെ ആരംഭത്തിലുള്ള ഒരു പ്രൊമിയോനിൽ ഈ ആശയം കാണുന്നു: "മഹത്തരമായ നിന്റെ സാദൃശ്യത്തിലേയ്ക്ക് ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. ഞങ്ങളെ നിന്റെ വാസത്തിന് ആലയവും ഈ സ്ഥലത്തെ നിന്റെ ബഹുമാന്യതയുടെ നിവാസത്തിനുള്ള സ്ഥാനവുമാക്കിത്തീർക്കണമേ."

വി. കുർബാനാനുഭവത്തിലൂടെ നാം തന്നെ ദൈവം വസിക്കുന്ന ആലയങ്ങളായിത്തീരണം. വി. പൗലൂസിന് പ്രിയങ്കരമായ ഒരാശയമാണിത്: "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" (1 കൊരി. 3:16). ദൈവം വസിക്കുവാൻ ഇഷ്ടപ്പെടുന്ന യഥാർത്ഥ ആലയം മനുഷ്യരാണ്. മനുഷ്യഹൃദയം ഒരു മദ്ബഹാ ആയി രൂപാന്തരപ്പെടണം. ഹൃദയത്തിലെ വിചാരങ്ങളും വാക്കുകളും പ്രവർത്തികളും ദൈവത്തിന് പ്രസാദമുള്ള യാഗമായിത്തീരണം. ബുദ്ധിയുള്ള ആരാധന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഇതാണ്.

### 3. ധൂപാർപ്പണത്തിന്റെ അർത്ഥം

പൗരസ്ത്യ ആരാധനയിലെ സുപ്രധാനഘടകമാണ് ധൂപാർപ്പണം. വി. കുർബാനയിലും, കൂദാശാനുഷ്ടാനങ്ങളിലും, യാമപ്രാർത്ഥനകളിലും ധൂപാർപ്പണത്തിന് പ്രധാന സ്ഥാനമുണ്ട്. പഴയനിയമ ആരാധനയിൽ ധൂപാർപ്പണമുണ്ടായിരുന്നു (പുറ. 30). പ്രത്യേക ധൂപവർഗ്ഗമുണ്ടായിരുന്നു. യറുശലേം ദേവാലയത്തിലെ ധൂപപീഠത്തിൽ ദിവസേന രാവിലെയും, വൈകിട്ടും, ധൂപാർപ്പണം നടത്തണമെന്ന് ദൈവം മോശയോടു കല്പിച്ചു (പുറ. 30:7–8). ഈ ധൂപാർപ്പണം യിസ്രായേലിന്റെ പ്രാർത്ഥനയുടെ പ്രതീകമായിരുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന സൗരഭ്യധൂപമായി ദൈവ

സന്നിധിയിലേയ്ക്ക് ഉയരുന്നു എന്നായിരുന്നു ധൂപാർപ്പണത്തിന്റെ അർത്ഥം. "എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും, എന്റെ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ" എന്ന് സങ്കീർത്തനക്കാരൻ (141:12) പറയുന്നത് ഈ അർത്ഥത്തിലാണ്.

വി. സഭയുടെ ആരാധന നിർമ്മലധൂപമായും നിർമ്മല യാഗമായും ദൈവസന്നിധിയിലേക്കു ഉയരുന്നു എന്ന അർത്ഥത്തിലാണ് ധൂപം അർപ്പിക്കുന്നത്. വിശുദ്ധന്മാരുടെ പ്രാർത്ഥന (സഭയുടെ പ്രാർത്ഥന) ദൈവസന്നിധിയിൽ അർപ്പിക്കപ്പെടുന്ന "ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശ"മാണെന്ന് വെളിപ്പാടിൽ യോഹന്നാൻ പറയുന്നു (വെളി. 5:8).

ഹൃദയത്തിലെ നന്മയിൽ നിന്നുയരുന്ന പ്രാർത്ഥനയാണ് സുഗന്ധധൂപം. നമ്മുടെ മനസ്സിലെ നന്മയും മാനസാന്തരവും സുഗന്ധധൂപമായി ദൈവസന്നിധിയിൽ എത്തുന്നു. വലിയ നോമ്പിന്റെ ആരംഭത്തിലെ ശുബ്ക്കോനോ (അനുരഞ്ജന) ശുശ്രൂഷയിലെ ധൂപപ്രാർത്ഥനയിൽ ഇങ്ങനെ ചൊല്ലുന്നു:

"ഞങ്ങൾ നിർവ്വഹിക്കുന്ന ഈ ശുശ്രൂഷയിൽ തെരഞ്ഞെടുക്കപ്പെട്ട ധൂപത്തിലും, ആനന്ദപരിമളത്തിലും ഹിതകരമായ ധൂപത്തിലും എന്നപോലെ തിരുവിഷ്ടം പ്രീതിപ്പെടുമാറാകണമേ."

നോമ്പിനു മുമ്പുള്ള അനുരഞ്ജന ശുശ്രൂഷ നമ്മുടെ മാനസാന്തരത്തിന്റെ അടയാളമാണ്. നന്മയിലേക്ക് തിരിയുന്നതിന്റെ പ്രഥമപടിയാണ്. അത് പരിമളധൂപം പോലെ സ്വീകരിക്കണമേയെന്നാണ് ഇവിടെ പ്രാർത്ഥിക്കുന്നത്.

വി. കുർബാനയ്ക്ക് മുമ്പുള്ള തൂയോബോയിലെ ഒരു പ്രാർത്ഥനയിൽ ചൊല്ലുന്നു: "എന്റെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകളുടെ സൗരഭ്യം എപ്പോഴും നിന്നെ ആനന്ദിപ്പിക്കുകയും ഞങ്ങളുടെ സുഗന്ധധൂപം നിന്നെ പ്രീതിപ്പെടുത്തുകയും ചെയ്യണമേ."

നമ്മുടെ ജീവിതത്തിൽ നന്മ ഉണ്ടാകുമ്പോഴാണ്, നമ്മുടെ പ്രാർത്ഥനകളുടെ സൗരഭ്യം ദൈവമുമ്പാകെ പ്രവേശിക്കുന്നത്. വി. പൗലൂസിന്റെ ചിന്തയിൽ സ്നേഹത്തിലുള്ള ജീവിതം ദൈവത്തിനർപ്പിക്കുന്ന സൗരഭ്യവാസനയായ വഴിപാടും യാഗവുമാണ്:

"ക്രിസ്തുവും നിങ്ങളെ സ്നേഹിച്ച് നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവുമായ് അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പീൻ" (എഫെ. 5:1).

പൗലൂസിന്റെ ബുദ്ധിമുട്ടിൽ ഫിലിപ്യർ സഹായിച്ചത് "സൗരഭ്യവാ

സനയായി ദൈവത്തിന് പ്രസാദവും സുഗ്രാഹ്യവുമായ യാഗ"മാണെന്ന് പറയുന്നു (ഫിലി. 4:18).

### 4. സൗരഭ്യയാഗം

മറ്റുള്ളവർക്ക് നാം എത്തിക്കുന്ന സഹായം ദൈവത്തിനർപ്പിക്കുന്ന യാഗമാണെന്ന് സെന്റ് ജോൺ ക്രിസോസ്റ്റം പറയുന്നു. സദൃശ്യവാക്യങ്ങളിൽ ഇതേ ആശയം മറ്റൊരുവിധത്തിൽ അവതരിപ്പിക്കുന്നു. "എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു."

നമ്മുടെ ആരാധനയ്ക്കും യാഗത്തിനും അർത്ഥം നൽകുന്നത് നമുക്ക് ചുറ്റും ഉള്ളവരോട് കാണിക്കുന്ന ദയയും സ്നേഹവുമാണ്. കരുണയില്ലാതെ അർപ്പിക്കുന്ന ബലിയിലോ ആരാധനയിലോ ദൈവം സംപ്രീതനാകുന്നില്ല. "യാഗത്തിലല്ല കരുണയിലത്രെ ഞാൻ പ്രസാദിക്കുന്നു" എന്ന് കർത്താവ് ചൂണ്ടിക്കാണിക്കുന്നു (മത്താ. 9:13; ഹോശയ 6:6).

ദൈവസാന്നിദ്ധ്യമുള്ള യാഗപീഠമാണ് ദരിദ്രരും, വിധവമാരും, അനാഥരും, നിന്ദിതരും, പീഢിതരും. അവർക്ക് നൽകുന്ന ഒരു സഹായം, ഒരു സന്ദർശനം, സ്നേഹനിർഭരമായ ഒരു വാക്ക്, ഒരു പുഞ്ചിരി, ഒരു ചെറിയ സഹായം ദൈവത്തിനർപ്പിക്കുന്ന സൗരഭ്യയാഗമാണ്, അതിന്റെ പരിമളം ദൈവസന്നിധിയിൽ തീർച്ചയായും എത്തിച്ചേരും. അന്ത്യന്യായവിധിയെപ്പറ്റി കർത്താവ് പറയുന്നതിന്റെ പൊരുൾ ഈ അർത്ഥത്തിൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു (മത്താ. 25:35-40).

ആരാധനയുടെ പ്രാധാന്യത്തെ ഞാൻ വിസ്മരിക്കുന്നില്ല. ആരാധനയെ അർത്ഥവത്താക്കുന്നത് സ്നേഹത്തിലും കരുണയിലും അധിഷ്ഠിതമായ സേവനമാണ്. സ്നേഹവും കരുണയും നമ്മിലുണ്ടാക്കി, നമുക്ക് ചുറ്റുമുള്ളവരെ കാണുവാൻ നമ്മുടെ കണ്ണുകളെ തുറക്കുവാൻ ആരാധന പര്യാപ്തമാകണം.

നമ്മുടെ ആരാധന സ്വർഗ്ഗീയമാണെന്ന് നാം വിശ്വസിക്കുന്നു. സ്വർഗ്ഗത്തിൽ, ദൈവസിംഹാസനത്തിന് മുമ്പാകെ പ്രവേശിച്ച് ദൈവത്തെ ആരാധിക്കുന്നു എന്നതാണ് പൗരസ്ത്യ ആരാധനയുടെ അടിസ്ഥാനതത്ത്വം. സ്വർഗ്ഗത്തിന്റെ അനുഭവം ആരാധനയിലൂടെ ലഭ്യമാകുന്നുവെന്ന് നാം വിശ്വസിക്കുന്നു.

സ്വർഗ്ഗത്തിലെ സന്തോഷത്തെ ഒരു വിരുന്നിനോടാണ് സുവിശേഷങ്ങളിൽ ഉപമിച്ചിരിക്കുന്നത്. വിരുന്നിൽ അതിഥികളുടെ ആവശ്യങ്ങളെപ്പറ്റി ആതിഥേയൻ ബോധവാനായിരിക്കും; ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് നടത്തിക്കൊടുക്കും. അതിഥികളുടെ സന്തോഷമാണ് ആതിഥേയന്റെ ആഗ്രഹം.

ഈ ലോകം ദൈവരാജ്യത്തിന്റെ വിരുന്നുശാലയാണ്. ഓരോ മനുഷ്യനും അതിലെ അതിഥിയാണ്. ദൈവത്തിന്റെ ആതിഥേയ ശുശ്രൂഷയിൽ സഭ പങ്കുചേരുന്നു. ഓരോ മനുഷ്യന്റെയും ആവശ്യങ്ങളും സന്തോഷവും കണക്കിലെടുത്ത് നാം പ്രവർത്തിക്കുന്നുവെങ്കിൽ, ഈ ലോകം ദൈവരാജ്യമായി രൂപാന്തരപ്പെടും; ഇതൊരു വിരുന്നുശാലയായിത്തീരും. അതിലെ സന്തോഷത്തിൽ ദൈവവും സന്തോഷിക്കും.

സ്വർഗ്ഗത്തിന്റെ ഒരു പ്രത്യേകത മറ്റുള്ളവരെപ്പറ്റിയുള്ള കരുതലാണ്. ഒരു വിശുദ്ധൻ പ്രാർത്ഥിച്ചു: "ദൈവമേ സ്വർഗ്ഗവും നരകവും കാണിച്ചു തരേണമേ." ദൈവം ഒരു ദർശനത്തിൽ കാണിച്ചുകൊടുത്തു.

ആദ്യം നരകമാണ് അദ്ദേഹം കണ്ടത്. നരകവാസികൾ പന്തിയായി ഭക്ഷണത്തിനിരിക്കുന്നു. ഓരോരുത്തരുടെയും മുമ്പിൽ ഓരോ പാത്രത്തിൽ കഞ്ഞി വിളമ്പിവച്ചിരിക്കുന്നു. എന്നാൽ വിചിത്രമെന്ന് പറയട്ടെ, ഓരോരുത്തരുടെയും കൈമുട്ട് മടക്കാനാകാത്തവിധത്തിൽ, നീണ്ട ഓരോ തവി കൈയോട് ചേർത്ത് കെട്ടിയിരിക്കുന്നു. ഓരോരുത്തരും പാത്രത്തിൽ നിന്ന് കഞ്ഞി കോരിക്കുടിക്കുവാൻ വൃഥാ ശ്രമം നടത്തുന്നു. ആർക്കും കഞ്ഞി കുടിക്കാനാവാതെ തട്ടിത്തൂവി കളയുന്നു.

പിന്നീട് വിശുദ്ധൻ സ്വർഗ്ഗം കണ്ടു. അവിടെയും കാഴ്ച ഇതു തന്നെ. കഞ്ഞിക്ക് മുമ്പിൽ, തവി കൈയോട് ചേർത്ത് കെട്ടിയിരിക്കുന്ന മനുഷ്യർ നിരന്നിരിക്കുന്നു. ഒരാൾ കോരി സമീപത്തിരിക്കുന്നവന് കൊടുക്കുന്നു. അവൻ തിരിച്ചും. കഞ്ഞി ഒട്ടും നഷ്ടപ്പെടാതെ എല്ലാവരും കുടിച്ച് തൃപ്തരാകുന്നു.

ചുറ്റുമുള്ളവരെ കാണുവാനും അവരുടെ ആവശ്യങ്ങളെപ്പറ്റി ബോധവാന്മാരാകുവാനും സാധിക്കുന്നവർ സ്വർഗത്തിലാണ് ജീവിക്കുന്നത്. പരസ്പര സ്നേഹവും ബഹുമാനവുമുള്ള സ്ഥലമാണ് സ്വർഗം.

നരകത്തിന് ഇംഗ്ലീഷിൽ 'Hades' (underworld, hell) എന്നാണല്ലോ പറയുന്നത്. ഗ്രീക്കിലെ aides ആണ് ഇതിന്റെ മൂലപദം. id എന്ന ധാതുവിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. ഇതേ ധാതുവിൽ നിന്ന് ഉത്ഭവിച്ചതാണ് ലാറ്റിനിലെ videre (ശൂന്യത) എന്ന വാക്ക്. ഈ അർത്ഥത്തിൽ ചിന്തിച്ചാൽ 'നരകം' എന്നത് മനുഷ്യന് കണ്ണ് കാണാൻ സാധിക്കാത്ത സ്ഥലമാണ്. ചുറ്റുമുള്ളവരെ അവഗണിക്കുന്ന സ്ഥലമാണ്. സഹോദരനെ കാണാൻ കഴിയാത്ത അവസ്ഥയാണ് നരകം. അവിടെ സ്വാർത്ഥത കൊടികുത്തി വാഴുന്നു. അന്യന്റെ സാമീപ്യം തന്നെ അരോചകമായി കാണുന്നു. "നരകം എന്റെ അയൽക്കാരനാണ്" (hell! It is my neighbour) എന്ന് ഫ്രഞ്ച് തത്വചിന്തകനായ ജോൺപോൾ സാർത്ര് പറഞ്ഞത് ഈ അർത്ഥത്തിലാണ്.

“ഓരോരുത്തനും സഹോദരനെ തന്നേക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊൾവീൻ” എന്ന് വി. പൗലൂസ് പറയുന്നു. ഈ മനോഭാവമുള്ള സ്ഥലമാണ് സ്വർഗം. നമ്മുടെ ജീവിതം സ്വർഗീയമായിത്തീരുന്നത് അതായത് ദൈവസാന്നിദ്ധ്യമുള്ളതായിത്തീരുന്നത് ആരാധനയും സേവനവും സമന്വയിക്കപ്പെടുമ്പോഴാണ്.

പേഴ്സിനെ ബാധിക്കാത്ത ഭക്തിജീവിതം നയിക്കുന്നവരാണ് ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും. അങ്ങനെയുള്ളവരെ വി. ബസ്സേലിയോസ് നിശിതമായി വിമർശിക്കുന്നു: “ഉപവസിക്കുകയും, പ്രാർത്ഥിക്കുകയും, വിലപിക്കുകയും തങ്ങളുടെ പോക്കറ്റിനെ ബാധിക്കാത്ത ഭക്തിപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന അനേകരെ എനിക്കറിയാം. അതേസമയം മുട്ടുള്ളവരെ അവർ സഹായിക്കുന്നതേയില്ല. അവരുടെ പ്രവർത്തികൾക്ക് എന്ത് മേന്മയാണുള്ളത്? ദൈവരാജ്യം അവർക്ക് അടയ്ക്കപ്പെട്ടിരിക്കുന്നു.”

ദുരിതമനുഭവിക്കുന്നവരെ വിസ്മരിച്ചുകൊണ്ടുള്ള ഭക്തിപ്രകടനങ്ങളിൽ ദൈവം പ്രീതിപ്പെടുന്നില്ല. അവർക്ക് ദൈവരാജ്യം അപ്രാപ്യമാണ്. വലിയ നോമ്പിലെ ഒരു പ്രാർത്ഥനയിൽ പറയുന്നതുപോലെ അവരുടെ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുന്നില്ല. “നോമ്പ് ബലഹീനമാകുന്നു; സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ, അത് അത്യുന്നതന്റെ അടുത്തെത്തുന്നില്ല.”

ഈ ആശയം അല്പം കഠിനമായ ഭാഷയിൽ രവീന്ദ്രനാഥ ടാഗോർ ‘ഗീതാഞ്ജലിയിൽ പ്രകടിപ്പിക്കുന്നു. ‘നീ കണ്ണ് തുറന്ന് നോക്കുക; നിന്റെ ദൈവം നിന്റെ മുമ്പിൽ ഇല്ലെന്ന് നീ കാണുന്നു. നീ മുറിയുടെ മൂലയിൽ കയറിയിരുന്ന് ആരെയാണ് പൂജിക്കുന്നത്? എന്തിനാണ് മന്ത്രങ്ങളും സങ്കീർത്തനങ്ങളും ഉരുവിടുന്നത്? വഴിപ്പണിക്ക് കല്ല് വെട്ടുന്ന മനുഷ്യനെയും പാടത്ത് പണിയെടുക്കുന്ന കർഷകനെയും നീ കാണുക. നിന്റെ ദൈവം അവിടെയാണ്. അവിടുന്ന് വെയിലത്തും മഴയത്തും അവരോട് കൂടിയുണ്ട്. അവിടുത്തെ വസ്ത്രങ്ങൾ മുഷിഞ്ഞതാണ്.”

വിയർപ്പിന്റെ മണവും, മുഷിഞ്ഞ വസ്ത്രത്തിന്റെ മണവും ഉള്ള ഒരു ലോകത്തെ വിസ്മരിച്ചുള്ള ആരാധനയിൽ ദൈവം പ്രസാദിക്കുന്നില്ല.

മരുവാസികളായ സന്യാസപിതാക്കന്മാരുടെ ചരിത്രത്തിൽ പറയുന്ന ഒരു കഥയുണ്ട്;

“ഒരിക്കൽ ഒരു യുവസന്യാസി ഗുരുവിനോട് ചോദിച്ചു: ‘രണ്ട് സന്യാസിമാർ ഒരിടത്ത് ജീവിച്ചിരുന്നു. ഒരാൾ മുറിയിൽ നിന്ന് പുറത്തിറങ്ങുകയില്ല. ആറ് ദിവസം തുടർച്ചയായി ഉപവസിക്കും. ശരീരത്തെ കഠിനമായി

പീഡിപ്പിക്കും. അപരൻ രോഗികളെ ശുശ്രൂഷിക്കുന്നു. അതല്ലാതെ മറ്റൊന്നും അയാൾ ചെയ്തിരുന്നില്ല. ആരുടെ പ്രവർത്തിയിലാണ് ദൈവം പ്രസാദിക്കുന്നത്?' എന്നായിരുന്നു യുവസന്യാസിയുടെ ചോദ്യം. ഗുരു പറഞ്ഞു: ആറ് ദിവസം തുടർച്ചയായി ഉപവസിക്കുന്നവൻ മൂക്കിൽ കയർ തുളച്ച് തൂങ്ങികിടന്ന് തപസ്സ് ചെയ്താലും രോഗികളെ ശുശ്രൂഷിക്കുന്ന വന് സമനാകയില്ല."

ഇമ്പകരമായി പാടി, ചിട്ടയോടെ ആരാധന നടത്തിയാൽ ദൈവത്തിന് സന്തോഷമാകുമെന്ന് പലർക്കും മിഥ്യാധാരണയുണ്ട്. ആരാധനയുടെ ബാഹ്യ സൗന്ദര്യത്തിലല്ല ദൈവം പ്രസാദിക്കുന്നതെന്ന് പ്രവാചകനായ ആമോസ് പറയുന്നു. "നിന്റെ പാട്ടുകളുടെ സ്വരം എന്റെ മുമ്പിൽ നിന്ന് നീക്കുക; നിന്റെ വീണാനാദം ഞാൻ കേൾക്കുകയില്ല. എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോട് പോലെയും കവിഞ്ഞൊഴു കട്ടെ" (ആമോസ് 6:23-24).

നീതിയും ന്യായവും അംഗീകരിക്കാത്ത ജനതയുടെ ആരാധനയെ പ്പറ്റിയാണ് ആമോസ് പറയുന്നത്. നീതിയും ന്യായവും മറിച്ചുകളഞ്ഞ്, ബാഹ്യമായ ശ്രവണസുന്ദരമായ ആരാധനയിൽ മാത്രമാണ് നാം ശ്രദ്ധി ക്കുന്നതെങ്കിൽ, അത് ദൈവമുമ്പാകെ എത്തുന്നില്ലെന്ന് നാം മനസ്സിലാ ക്കണം.

ആരാധനയും സേവനവും പരസ്പരപൂരിതങ്ങളാണ്. പരിശുദ്ധനായ പരുമല തിരുമേനിയും പാമ്പാടി തിരുമേനിയും പള്ളിക്കുള്ളിൽ മാത്രം ജീവിച്ച് പ്രാർത്ഥനകൾ ഉരുവിട്ട് ജീവിതം തള്ളിനീക്കിയവർ അല്ലായി രുന്നു. തങ്ങൾ ജീവിച്ച സമൂഹത്തിന്റെ പ്രശ്നങ്ങളെ ഉൾക്കൊണ്ട് ജീവിച്ച കർമ്മനിരതരായ മഹർഷിമാരായിരുന്നു ഈ പിതാക്കന്മാർ. തങ്ങളുടെ ജീവിതം ദൈവത്തിന് സൗരഭ്യവാസനയായി, ബുദ്ധിയുള്ള ആരാധന യായി അവർ അർപ്പിച്ചു.

മരുവാസികളായ സന്യാസപിതാക്കന്മാരുടെ ജീവിതത്തിൽ പ്രാർത്ഥ നയ്ക്കും അദ്ധ്വാനത്തിനും, തുല്യസ്ഥാനമാണ് ഉണ്ടായിരുന്നത്. അവർ കൃഷിപ്പണിയിലോ, ഈന്തപനയോലകൊണ്ടുള്ള പായ് അല്ലെങ്കിൽ കുട്ട നെയ്യുന്നതിലോ വ്യാപൃതരായിരുന്നു. ഉല്പന്നങ്ങൾ വിറ്റ് കിട്ടുന്ന തുച്ഛ മായ വരുമാനം കൊണ്ട് ഉപജീവനം കഴിക്കുകയും, സാധുക്കളെ സഹാ യിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ 'അഗാത്തോ' എന്ന സന്യാസ പിതാവ് കുട്ടകൾ വില്ക്കുവാൻ പട്ടണത്തിൽ വന്നപ്പോൾ അപരിചിത നായ ഒരു രോഗി അവശനായി വഴിയരുകിൽ കിടക്കുന്നത് കണ്ടു. അയാളെ നോക്കുവാൻ ആരുമില്ലെന്ന് അദ്ദേഹത്തിന് മനസ്സിലായി. വൃദ്ധ നായ അഗാത്തോ പട്ടണത്തിൽ താമസിച്ച് അയാളെ ശുശ്രൂഷിക്കുവാൻ

തീരുമാനിച്ചു. അടുത്തുള്ള സത്രത്തിൽ ഒരു മുറി വാടകയ്ക്കെടുത്തു. പകൽസമയം പുറത്ത് പോയി പണിയെടുത്ത് പണമുണ്ടാക്കി സത്രത്തിന്റെ വാടകയും, രോഗിക്കുള്ള മരുന്നിന്റെ ചിലവും വഹിച്ചു. ഇങ്ങനെ നാലു മാസം അദ്ദേഹം രോഗിയെ പരിചരിച്ചു. രോഗി പൂർണ്ണ സൗഖ്യം പ്രാപിച്ചപ്പോൾ 'അഗാത്തോ' മരുഭൂമിയിലേയ്ക്ക് മടങ്ങി.

❑

# 8

# നിലനിൽക്കുന്നതും നീങ്ങിപ്പോകുന്നതും

### (2 കൊരിന്ത്യർ 3-ാം അദ്ധ്യായം)

വി. പൗലൂസിന്റെ കൃതികളിൽ ഒന്നും രണ്ടും കൊരിന്ത്യ ലേഖനങ്ങൾക്ക് മുഖ്യസ്ഥാനമുണ്ട്. 2 കൊരിന്ത്യർ മൂന്നാം അദ്ധ്യായത്തിൽ പൗലൂസ് അവതരിപ്പിക്കുന്ന ആശയം മനസ്സിലാക്കുവാൻ അതിന്റെ പശ്ചാത്തലം വിശദമാക്കേണ്ടതായിട്ടുണ്ട്.

കൊരിന്തിലെ സഭയുടെ സ്ഥാപകൻ വി. പൗലൂസാണ്. എന്നാൽ അദ്ദേഹത്തെ ഏറ്റവും കൂടുതൽ ദുഃഖിപ്പിച്ചതും കൊരിന്ത്യരാണ്. കൊരിന്തിലെ ചില സഭാംഗങ്ങൾ അദ്ദേഹത്തെ വിമർശിക്കുകയും, കുറെയൊക്കെ ആക്ഷേപിക്കുകയും ചെയ്തു. എല്ലാവരും അങ്ങനെ ചെയ്തു എന്നർത്ഥമില്ല. ചിലയാളുകൾ മാത്രം. ഇന്നും നമ്മുടെ ഇടവകകൾക്ക് ദുഷ്പേരുണ്ടാകുന്നത് ചുരുക്കം ചില ആളുകളുടെ പ്രവർത്തനം കൊണ്ടാണല്ലോ?

കൂടാതെ പാലസ്റ്റീനിൽ നിന്ന് വന്ന ചില യഹൂദപക്ഷപാതികൾ കുഴപ്പങ്ങൾ ഉണ്ടാക്കി. ക്രിസ്തുമതവും യഹൂദമതവും തമ്മിൽ അവർ കാര്യമായ അന്തരം കണ്ടില്ല. ക്രിസ്തുമതത്തെ യഹൂദമതത്തിന്റെ വേലിക്കെട്ടുകൾക്കുള്ളിൽ ഒതുക്കിനിർത്തുവാൻ അവർ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു. പാലസ്റ്റീനിൽ നിന്നുള്ളവർ അധികാരപത്രങ്ങൾ അഥവാ അവരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള കത്തുകളുമായിട്ടാണ് വന്നിരിക്കുന്നത്. പൗലൂസിനും കൂട്ടുവേലക്കാർക്കും അത്തരം അധികാരപത്രങ്ങൾ (ശ്ലാഘ്യപത്രം: letters of recommendation) ഇല്ലാത്തതിനാൽ അവരുടെ ഉപദേശങ്ങളെ സ്വീകരിക്കേണ്ടതില്ലെന്ന് യഹൂദപക്ഷപാതികൾ പഠിപ്പിച്ചു. ഈ പശ്ചാത്തലത്തിലാണ് വി. പൗലൂസ് ഈ വേദഭാഗം എഴുതിയത്.

1. "ഞങ്ങൾ പിന്നെയും ഞങ്ങളെ തന്നെ ശ്ലാഘിപ്പാൻ തുടങ്ങുന്നുവോ?" (3:1). പൗലൂസിനെപ്പറ്റിയുള്ള ഒരു ആരോപണം, ആത്മപ്രശംസക്കാരനും അഹങ്കാരിയുമാണ് എന്നുള്ളതായിരുന്നെന്ന് തോന്നുന്നു. അതിനുള്ള മറുപടിയാണിത്. തനിക്ക് സ്വയം പ്രശംസിക്കേണ്ട ആവശ്യമില്ലെന്ന് പൗലൂസ് സൂചിപ്പിക്കുന്നു. പ്രൊഫഷണൽ സുവിശേഷ പ്രസംഗകരുടെയിടയിൽ സാധാരണ കാണുന്ന ഒന്നാണ് ആത്മപ്രശംസ.

കൺവൻഷൻ പന്തലുകളിൽ തന്റെ തിരക്കേറിയ സുവിശേഷ പ്രസംഗ പര്യടനങ്ങളെപ്പറ്റിയും, വിവിധ സ്ഥലങ്ങളിൽ അതുണ്ടാക്കിയ പ്രതികരണങ്ങളെപ്പറ്റിയും വീമ്പിളക്കുന്നവർ സ്വയം ശ്ലാഘിക്കുകയാണ്. ദൈവത്തേക്കാൾ സ്വന്തം ആത്മീയതയാണ് അത്തരക്കാരുടെ പ്രസംഗത്തിന്റെ വിഷയം. ദൈവവചന ഘോഷണത്തേക്കാൾ അഹങ്കാരപ്രഘോഷണമായി, സുവിശേഷ പ്രസംഗങ്ങൾ അധഃപതിക്കുന്നില്ലേ?

"അല്ല ചിലർ ചെയ്യുന്നതുപോലെ നിങ്ങൾക്ക് ശ്ലാഘ്യപത്രം കാണിപ്പാനാകട്ടെ, നിങ്ങളോടു വാങ്ങുവാനാകട്ടെ ഞങ്ങൾക്കു ആവശ്യമോ?" (3:1). അധികാരപത്രമില്ലാതെ പൗലൂസ് സുവിശേഷഘോഷണം നടത്തുന്നു എന്ന ആരോപണത്തിനുള്ള മറുപടിയാണിത്. ആദിമസഭയിൽ പരിചയപ്പെടുത്തിക്കൊണ്ടുള്ള കത്തുമായി വരാത്ത ശുശ്രൂഷകരെ സ്വീകരിച്ചിരുന്നില്ല. ഒരാളുടെ സത്യവിശ്വാസം, ജീവിതവിശുദ്ധി എന്നിവ സാക്ഷ്യപ്പെടുത്തുന്ന ശുപാർശക്കത്തുകളുമായി വരാത്ത ശുശ്രൂഷകരെ പള്ളികളിൽ പഠിപ്പിക്കുന്നതിന് അനുവദിച്ചിരുന്നില്ല. സ്വന്തം ഇടവകയുടെ തലവനിൽ നിന്നുള്ള കത്ത് കൂടാതെ യാതൊരു ശുശ്രൂഷകനും സഞ്ചരിച്ചിരുന്നില്ല. പൗലൂസ് ഇത്തരം കത്ത് ഇല്ലാതെ പ്രവർത്തിക്കുന്നു എന്ന ആരോപണത്തിന് അദ്ദേഹം മറുപടി പറയുന്നു.

"ഞങ്ങളുടെ ഹൃദയങ്ങളിൽ ... നിങ്ങൾ തന്നെ" (3:2): 'കൊരിന്തിലെ ക്രിസ്ത്യാനികളെത്തന്നെ ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നതിനാൽ, ഞങ്ങൾക്ക് ശുപാർശക്കത്ത് ആവശ്യമില്ല' എന്നാണ് പൗലൂസ് പറയുന്നത്. ഹൃദയത്തിൽ എഴുതിയിരിക്കുന്നു എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്? കൊരിന്തിലെ ഓരോ ക്രിസ്ത്യാനിയേയും തന്റെ ഹൃദയത്തിൽ പൗലൂസ് പേറുന്നു. അവരോട് തനിക്ക് നിഷ്കളങ്കമായ സ്നേഹമുണ്ട്. തന്റെ സ്നേഹത്തിൽ താൻ അവരെ എന്നും ഓർക്കുന്നു.

ഒരു നല്ല ഇടയന്റെ ചുമതല തന്റെ ആടുകളുടെ ഹൃദയത്തിൽ വഹിക്കുകയാണ്. ഇടവകയിലെ ഓരോ കുടുംബത്തിന്റെയും വിവരങ്ങൾ, കുടുംബാംഗങ്ങളുടെ പേരുകൾ തുടങ്ങിയ എല്ലാ കാര്യങ്ങളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ എഴുതപ്പെടണം. ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെ പേരുകൾ കൊത്തിയ കല്ലുകൾ നെഞ്ചിൽ പതിപ്പിച്ചുകൊണ്ടായിരുന്നു യഹൂദ മഹാപുരോഹിതൻ ദൈവമുമ്പാകെ പ്രാർത്ഥിച്ചിരുന്നത്. അതുപോലെ ഒരു വൈദികൻ തന്റെ ഇടവകയിലെ ജനങ്ങളുടെ പേരുകൾ ഹൃദയത്തിൽ വഹിച്ചുകൊണ്ടായിരിക്കണം ദൈവമുമ്പാകെ നിൽക്കേണ്ടത്.

"സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ

പത്രം നിങ്ങൾ തന്നെ" (3:2-3). പൗലൂസിന്റെ ശുപാർശക്കത്ത് കൊരിന്തിലെ ജനങ്ങളാണ്. "ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ" (3:3). പൗലൂസിന് ശുപാർശക്കത്ത് നൽകിയിരിക്കുന്നത് ക്രിസ്തു തന്നെയാണ്. ക്രിസ്തു നൽകിയ കത്ത് കൊരിന്തിലെ സഭ തന്നെയാണ്. പൗലൂസിന്റെ സുവിശേഷ തീക്ഷ്ണതയുടെയും ക്രിസ്തുവിനോടുള്ള വിധേയത്വത്തിന്റെയും ഏറ്റവും വലിയ തെളിവ് കൊരിന്തിലെ ക്രിസ്ത്യാനികളാണ്, അവർ ജീവനുള്ള ശുപാർശക്കത്താണ്. കാരണം അവരിൽ പലരേയും ക്രിസ്തുവിൽ വീണ്ടും ജനിപ്പിച്ചത് വി. പൗലൂസാണ് (1 കോരി. 4:15).

ഇതിൽ ആത്മപ്രശംസയുടെ ധ്വനിയുണ്ടെങ്കിൽ അത് തിരുത്തുവാനായി പൗലൂസ് തുടർന്നു പറയുന്നു: "ഞങ്ങളിൽ നിന്ന് തന്നെ വരുമ്പോലെ സ്വയമായി വല്ലതും സങ്കൽപ്പിക്കുവാൻ ഞങ്ങൾ പ്രാപ്തർ എന്നല്ല, ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ'' (3:5). പൗലൂസും കൂട്ടുവേലക്കാരും എന്തെങ്കിലും കാര്യമായി കൊരിന്തിൽ ചെയ്തു എങ്കിൽ അത് അവരുടെ കഴിവു കൊണ്ടല്ല; ദൈവം അവരിലൂടെ പ്രവർത്തിച്ചതുകൊണ്ടാണ്. ദൈവത്തിന്റെ കൈയിലെ ഒരു ഉപകരണം മാത്രമാണ് താനെന്ന് വിനയപുരസ്സരം പൗലൂസ് പറയുന്നു. ഇതേ ലേഖനത്തിൽ ഇക്കാര്യം അദ്ദേഹം വീണ്ടും ആവർത്തിച്ച് പറയുന്നുണ്ട് (4:7).

(2) തുടർന്ന് ഈ അദ്ധ്യായത്തിലെ പ്രധാന ആശയം പൗലൂസ് അവതരിപ്പിക്കുന്നു. "അവൻ ഞങ്ങളെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി, അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രെ. അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു" (3:6).

ഈ വാക്യം മുതൽ പഴയനിയമവും പുതിയനിയമവും തമ്മിൽ പൗലൂസ് താരതമ്യപ്പെടുത്തുന്നു. പുതിയനിയമത്തിന്റെ ശ്രേഷ്ഠത അദ്ദേഹം ഉയർത്തിക്കാണിക്കുന്നു. ഇവിടെ അക്ഷരം എന്നു പറയുന്നത് പഴയനിയമമാണ്; ആത്മാവ് പുതിയനിയമവും. പഴയനിയമം അക്ഷരം പ്രതി ആചരിക്കണം എന്ന് യഹൂദന്മാർ നിഷ്കർഷിക്കുന്നു. എന്നാൽ അവരത് ചെയ്യുന്നില്ല, പദാനുപദമായി വായിച്ച് വ്യാഖ്യാനിക്കുന്നതിനും ഉപദേശിക്കുന്നതിനും അവർക്ക് വളരെ താല്പര്യമുണ്ട്. എന്നാൽ അത് അനുസരിക്കുന്നില്ല.

'അക്ഷരം കൊല്ലുന്നു': പഴയനിയമം മരണത്തിലേയ്ക്ക് നയിക്കുന്നു. പഴയനിയമം മനുഷ്യനിലെ പ്രത്യാശയെ കൊല്ലുന്നതാണ്. പഴയനിയമത്തിലെ കല്പനകളിൽ മിക്കതും ആചരിക്കുവാൻ സാധിക്കുകയില്ലെന്ന്

വായിക്കുന്നവർക്കു തന്നെ അറിയാം. അവ ആചരിക്കാത്തതിനാൽ ദൈവ മുമ്പാകെ നീതീകരണം ഉണ്ടാകുന്നില്ല; തൻനിമിത്തം രക്ഷ അപ്രാപ്യ മാണെന്ന് യഹൂദന്മാർ ചിന്തിക്കുന്നു. പഴയനിയമം ('അക്ഷരം') പ്രത്യാ ശയെ കൊല്ലുന്നു എന്നു പറഞ്ഞതിന്റെ അർത്ഥം ഇതാണ്. അതിനാൽ പഴയനിയമം വായിക്കുന്നതും പഠിക്കുന്നതും ഒരു 'മരണശുശ്രൂഷ' യാണ്. 3:7-ൽ പഴയനിയമത്തെ "കല്ലിൽ അക്ഷരമായി കൊത്തിയിരി ക്കുന്ന മരണശുശ്രൂഷ" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ചുരുക്ക ത്തിൽ രോഗനിർണയം നടത്താൻ പഴയനിയമത്തിന് കഴിഞ്ഞിരുന്നു. എന്നാൽ രോഗശമനം വരുത്തുവാൻ അത് അപര്യാപ്തമായിരുന്നു. അതി നാൽ "അക്ഷരം കൊല്ലുന്നു; ആത്മാവോ ജീവിപ്പിക്കുന്നു."

നേരെമറിച്ച് പുതിയനിയമം ജീവന്റെ സന്ദേശമാണ്. മരണത്തിൽ നിന്നും ജീവനിലേക്കുള്ള പാതയാണ് അതു തുറന്നുകാട്ടുന്നത്. പുതി യനിയമം ("ആത്മാവ്") ജീവിപ്പിക്കുന്നു എന്നു പറയുവാനുള്ള കാരണം സ്നേഹത്തെപ്പറ്റിയാണ് അതു പഠിപ്പിക്കുന്നത്. പഴയനിയമം യജമാനനും ദാസനും തമ്മിലുള്ള ഉടമ്പടിയാണ്. എന്നാൽ പുതിയനിയമം പിതാവും പുത്രന്മാരും തമ്മിലുള്ള ബന്ധമാണ്. അതിന്റെ അടിത്തറ സ്നേഹമാണ്. ഉടമ്പടി അഥവാ നിയമാവലി ശിക്ഷ നിഷ്കർഷിക്കുന്നു. എന്നാൽ സ്നേഹ ബന്ധം മാനസാന്തരത്തെ ആഗ്രഹിക്കുന്നു. പുത്രന്മാർ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ആത്മാവ് ജീവിപ്പിക്കുന്നു എന്ന് പറ ഞ്ഞിരിക്കുന്നത്.

(3) വാ. 7-11: ഈ വേദഭാഗത്തിന്റെ പഴയനിയമപശ്ചാത്തലം വിശദ മാക്കേണ്ടിയിരിക്കുന്നു. പുറപ്പാട് 34-35 അദ്ധ്യായങ്ങളിൽ വിവരിക്കുന്ന മോശയുടെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് പൗലൂസ് ഇതെഴുതി യിരിക്കുന്നത്. മോശ 40 രാവും 40 പകലും സീനായ് പർവ്വതത്തിൽ ദൈവസന്നിധിയിൽ ചെലവഴിച്ചു. 'ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശയോടു അഭിമുഖമായി സംസാ രിച്ചു' (പുറ. 33:11) എന്നാണ് ഇതെപ്പറ്റി എഴുതിയിരിക്കുന്നത്. ഒടുവിൽ മോശ ദൈവത്തോട് ഒരു കാര്യം അപേക്ഷിച്ചു: 'നിന്റെ തേജസ് എനിക്കു കാണിച്ചു തരണമേ' എന്നായിരുന്നു അപേക്ഷ (33:18). "നിനക്കു എന്റെ മുഖം കാണ്മാൻ കഴിയുകയില്ല; ഒരു മനുഷ്യനും എന്നെ കണ്ട് ജീവ നോടെയിരിക്കയില്ല" എന്ന് യഹോവ കൽപ്പിച്ചു (33:20). എങ്കിലും മോശ യുടെ വിശുദ്ധിയും വിനയവും നിമിത്തം ദൈവം പറഞ്ഞു: "ഇതാ എന്റെ അടുക്കൽ ഒരു സ്ഥലം ഉണ്ട്; അവിടെ ആ പാറ മേൽ നീ നിൽക്കണം. എന്റെ തേജസ്സ് കടന്നുപോകുമ്പോൾ ഞാൻ നിന്നെ പാറയുടെ പിളർ പ്പിൽ ആക്കി ഞാൻ കടന്നുപോകുവോളം എന്റെ കൈകൊണ്ട് നിന്നെ മറയ്ക്കും; പിന്നെ എന്റെ കൈ നീക്കും; നീ എന്റെ പിൻഭാഗം കാണും; എന്റെ മുഖമോ കാണാവതല്ല" (33:20-23).

ദൈവത്തോട് അഭിമുഖമായി സംസാരിച്ചുവെങ്കിലും ദൈവത്തെ മോശ നേരിട്ടു കണ്ടിട്ടില്ല. ദൈവതേജസിന്റെ പിൻഭാഗം കാണുവാനേ സാധിച്ചുള്ളു. ആ ദർശനം മൂലം മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു (പുറ. 35:29-35). സാക്ഷ്യത്തിന്റെ പലകകളുമായി സീനായി പർവ്വതത്തിൽ നിന്നും ഇറങ്ങിവന്നപ്പോൾ മോശയുടെ മുഖം പ്രകാശിക്കുന്നുണ്ടായിരുന്നു. യിസ്രായേല്യർക്ക് മോശയെ സമീപിക്കുവാൻ തന്നെ ഭയമായി. അതിനാൽ അഹറോനും യിസ്രായേൽ മൂപ്പന്മാരും മുഖത്ത് ഒരു മൂടുപടമിടുവാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. മൂടുപടമിട്ടുകൊണ്ടാണ് മോശ ജനങ്ങളുടെ നേരെ തിരിഞ്ഞിരുന്നത്. ദൈവസന്നിധിയിൽ നിൽക്കുമ്പോൾ മൂടുപടം നീക്കിയിരുന്നു.

ഈ സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് വി. പൗലൂസ് ഈ ഭാഗം (2 കൊരി. 3:7-18) എഴുതിയിരിക്കുന്നത്. മോശയുടെ മുഖതേജസ്സ് നീക്കം വരുന്നതാണ് (3:7). താത്ക്കാലികമാണ്. പഴയനിയമത്തിന്റെ തേജസ്സ് താത്ക്കാലികമാണ്; നീക്കം വരുന്നതാണ്. പഴയനിയമം മോശയ്ക്ക് ലഭ്യമായത് തേജസ്സിൽ ആണ്. അതിന്റെ ഫലമായിട്ടാണ് മോശയുടെ മുഖം തേജസ്സുറ്റതായത്. കല്ലിൽ കൊത്തിയിരുന്ന - രണ്ടു കൽപ്പലകകളിൽ ആലേഖനം ചെയ്യപ്പെട്ട - മരണശുശ്രൂഷ അതായത് ന്യായപ്രമാണം വഴി മോശയുടെ മുഖം തേജസ്സുറ്റതായി. എങ്കിൽ ആത്മാവിന്റെ ശുശ്രൂഷ, അതായത് പുതിയനിയമം, അതിനേക്കാൾ തേജസ്സുറ്റതായി തീരും എന്നാണ് പൗലൂസ് പറയുന്നത് (3:9-11).

പഴയനിയമം ശിക്ഷാവിധിയുടെ ശുശ്രൂഷയാണ്. അത് തേജസ്സുള്ളതായിരുന്നുവെങ്കിൽ, ജീവന്റെയും പാപക്ഷമയുടെയും ശുശ്രൂഷയായ പുതിയനിയമം എത്രയധികം തേജസ്സുറ്റതായിരിക്കും! "നീക്കം വരുന്നത് തേജസ്സുള്ളതായിരുന്നെങ്കിൽ നിലനിൽക്കുന്നത് എത്രയധികം തേജസ്സുള്ളതായിരിക്കും" (3:11).

പഴയനിയമം നീക്കം വരുന്നതാണ്; പുതിയനിയമം നിത്യവും. അതിനാൽ പഴയനിയമത്തേക്കാൾ മഹത്തരമാണ് പുതിയനിയമം - യഹൂദപക്ഷപാദികൾക്കുള്ള മറുപടിയാണിത്. പഴയനിയമം ക്രിസ്തുവിൽ പൂർത്തിയായിരിക്കുന്നു. പഴയനിയമത്തിന്റെ സാധുതയെ പൗലൂസ് നിഷേധിക്കുന്നില്ല. പഴയനിയമം ഒരു ചെറുവിളക്കു മാത്രമായിരുന്നു. നീതിസൂര്യനായ ക്രിസ്തുവിന്റെ പ്രകാശം ലോകത്തിന് ലഭിച്ചിരിക്കുന്നതിനാൽ ചെറുവിളക്കിന് ഇനി പ്രസക്തിയില്ലെന്നാണ് പൗലൂസിന്റെ വാദം.

(4) 3:12-14: പുറപ്പാട് പുസ്തകത്തിലെ സംഭവം തന്നെയാണ് വീണ്ടും പരാമർശിച്ചിരിക്കുന്നത്. ഇവിടെ പൗലൂസ് യഹൂദന്മാരെ അല്പം കളിയാക്കുന്നുണ്ട്. മോശ ഇസ്രായേൽ ജനത്തോടു സംസാരിക്കുമ്പോൾ

മുഖത്തു മൂടുപടമിട്ടു എന്നാണ് പുറപ്പാട് 34-ൽ പറയുന്നത്. അതിന് പൗലൂസ് ഒരു പുതിയ വ്യാഖ്യാനം നൽകുന്നു. തന്റെ മുഖത്തെ തേജസ്സ് അൽപ്പാല്പമായി നഷ്ടപ്പെടുന്നുവെന്ന് മോശയ്ക്ക് അറിയാമായിരുന്നു. അതുകൊണ്ട് തേജസ്സ് കുറയുന്നത് യിസ്രായേല്യർ അറിയാതിരിക്കുവാൻ അവരുടെ നേരെ തിരിയുമ്പോൾ മൂടുപടമിട്ടു എന്നാണ് പൗലൂസിന്റെ ഭാഷ്യം.

യഹൂദന്മാരെ സംബന്ധിച്ചിടത്തോളം മോശ ന്യായപ്രമാണത്തിന്റെ പ്രതീകമാണ്. ന്യായപ്രമാണത്തെപ്പറ്റി പരാമർശിക്കുമ്പോൾ 'മോശ' എന്നു മാത്രമേ യഹൂദന്മാർ പറഞ്ഞിരുന്നുള്ളു. മോശയുടെ മുഖം പോലെ പഴയനിയമം മൂടുപടത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. പഴയനിയമം വായിക്കുമ്പോൾ യഹൂദന്മാരുടെ ഹൃദയങ്ങളിൽ മൂടുപടം വീണുകിടക്കുന്നു. ഈ മൂടുപടത്തിലൂടെ അൽപാല്പമായി മാത്രമേ യഹൂദന്മാർ ദൈവത്തെ അറിഞ്ഞിട്ടുള്ളു. ആ മൂടുപടം നീങ്ങണമെങ്കിൽ ക്രിസ്തുവിങ്കലേക്കു തിരിയണം (3:14-18). ക്രിസ്തുവിങ്കലേക്കു തിരിയുമ്പോൾ പരിശുദ്ധാത്മാവ് ഹൃദയങ്ങളിലെ മൂടുപടം നീക്കിത്തരും. അപ്പോൾ പഴയനിയമത്തിന്റെ അർത്ഥം വ്യക്തമാകും.

പഴയനിയമത്തിന്റെ ശരിയായ അർത്ഥം, അതു ക്രിസ്തുവിനെപ്പറ്റിയുള്ള വെളിപാടാണെന്നുള്ളതാണ്. ആ അർത്ഥം യഹൂദന്മാർക്കു മനസ്സിലായിട്ടില്ല. കാരണം അവരുടെ ഹൃദയങ്ങളിൽ മുൻവിധിയുടെ മൂടുപടം വീണുകിടക്കുന്നു.

യഹൂദന്മാരെപ്പോലെ നമ്മുടെ ഹൃദയങ്ങളിലും മുൻവിധിയുടെ മൂടുപടങ്ങൾ വീണുകിടപ്പില്ലേ? തിരുവചനത്തിന്റെ അർത്ഥം ശരിക്കു ഗ്രഹിക്കുവാൻ സാധിക്കാത്തവിധത്തിൽ നമ്മുടെ ഹൃദയകണ്ണുകളും ആവൃതങ്ങളല്ലേ? നമ്മുടെ സ്വന്തം കാഴ്ചപ്പാടുകൾക്കും, താത്പര്യങ്ങൾക്കും അനുസൃതമായി തിരുവെഴുത്ത് നാം വ്യാഖ്യാനിക്കുകയാണ്. ദൈവത്തിന്റെ സത്യം മനസ്സിലാക്കുവാനല്ല, നേരെമറിച്ച് നമ്മുടെ മുൻവിധികളെ ന്യായീകരിക്കുവാനാണ് നാം ദൈവവചനം വായിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്.

നമ്മുടെ ഹൃദയത്തിൽ വീണുകിടക്കുന്ന മുൻവിധിയുടെ മൂടുപടം നീങ്ങണമെങ്കിൽ കർത്താവിങ്കലേക്കു തിരിയണം. "കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും. കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട്" (3:16-17).

ക്രിസ്തുവിങ്കലേക്കു തിരിയുമ്പോൾ പരിശുദ്ധാത്മാവ് എല്ലാ മൂടുപടവും മാറ്റിത്തരും. അപ്പോൾ തിരുവെഴുത്തിന്റെ അർത്ഥം നമുക്കു മനസ്സിലാകും. പരിശുദ്ധാത്മാവ് നമ്മെ അഹങ്കാരത്തിൽ നിന്നും, സ്വാർത്ഥ

തയിൽ നിന്നും മുൻവിധികളിൽ നിന്നും സ്വതന്ത്രരാക്കും. ആ അവസ്ഥ യിൽ നാം ക്രിസ്തുവിന്റെ തേജസ്സ് പ്രാപിക്കും (3:18). യഥാർത്ഥ സ്വാതന്ത്ര്യം ക്രിസ്തുവിനെപ്പോലെ ആയിത്തീരുന്നതാണ്; ക്രിസ്തു വിന്റെ തേജസ്സ്, അതായത് ക്രിസ്തുവിന്റെ നന്മയും സ്നേഹവും പ്രാപി ക്കുന്നതാണ്. വിശ്വാസികൾ ക്രിസ്തുവിന്റെ തേജസ് പ്രാപിക്കുമെന്നത് പൗലൂസിന് പ്രിയങ്കരമായ ആശയമാണ്. റോമർ 8:14-20-ൽ ഇതേ ആശയം അദ്ദേഹം അവതരിപ്പിക്കുന്നു.

തേജസ്സു പ്രാപിക്കുന്നത്, അഥവാ നന്മ ഉള്ളവരായിത്തീരുന്നത് വേദ നകളിലൂടെ കടന്നുപോകുമ്പോഴാണ്. മനുഷ്യനെ കൂടുതൽ ദൈവാശ്ര യവും, വിനയവും, നന്മയും ഉള്ളവനാക്കുവാൻ ദൈവം നടത്തുന്ന ചികി ത്സാപദ്ധതിയുടെ ഭാഗമാണ് വേദനകൾ. അതുകൊണ്ടാണ് പൗലൂസ് പറയുന്നത് "നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന് അവ നോടുകൂടി കഷ്ടമനുഭവിക്കണം" (റോമർ 8:17). യേശുക്രിസ്തു കുരിശു മരണത്തിലൂടെ കടന്നുപോയിട്ടാണ് തേജസു പ്രാപിച്ചത്. മറുരൂപമല യിൽ വച്ച് മോശയും ഏലിയാവും യേശുവിനോടു സംസാരിച്ചത് തനിക്ക് യറുശലേമിൽ ഉണ്ടാകാനിരിക്കുന്ന മരണത്തേയും തേജസ്ക്കരണ ത്തേയും പറ്റിയാണെന്നുള്ളത് ശ്രദ്ധേയമാണ് (ലൂക്കോ. 9:31).

യേശുവിനെപ്പോലെ ആയിത്തീരുവാനാണ് നാം വിളിക്കപ്പെട്ടിരിക്കു ന്നത്. പൂർണ്ണമായ ദൈവജ്ഞാനം നമുക്ക് ലഭ്യമാകുന്നത് യേശുവിന്റെ തേജസ്സിൽ പങ്കാളികളായിത്തീരുമ്പോൾ മാത്രമാണ്. ആരാധനയുടെയും, കൂദാശകളുടെയും എല്ലാം ലക്ഷ്യം വിശ്വാസികളെ ഇതിനായി ഒരുക്കു കയാണ്.

❑

# 9

# ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം

## (ഗലാത്യർ 5:13–24)

ഗലാത്യലേഖനത്തിലെ പ്രധാന പ്രമേയം ക്രിസ്തുവിൽ മനുഷ്യർക്കു ലഭ്യമായ സ്വാതന്ത്ര്യമാണ്. ക്രിസ്തീയ സ്വാതന്ത്ര്യം വിനിയോഗിക്കേണ്ടത് എങ്ങനെയാണെന്ന് വി. പൗലൂസ് ഈ വേദഭാഗത്തിൽ പ്രതിപാദിക്കുന്നു.

(1) 5:13:"സ്വാതന്ത്ര്യം ജഡത്തിനു അവസരമാക്കരുത്" എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? വെറും ശരീരം എന്ന അർത്ഥത്തിലല്ല വി. പൗലൂസ് ജഡം എന്ന വാക്ക് ഉപയോഗിക്കുന്നത്. ദൈവത്തിൽ നിന്നും മനുഷ്യനെ അകറ്റുന്ന സംഗതികളെയാണ് അദ്ദേഹം ജഡം എന്ന വാക്കു കൊണ്ട് വിവക്ഷിക്കുന്നത്. ഗലാ. 5:19–21–ൽ ജഡത്തിന്റെ പ്രവൃത്തികളെപ്പറ്റി അദ്ദേഹം പറയുന്നുണ്ട്. മനുഷ്യനെ തിന്മയിലേക്കു നയിക്കുന്ന പ്രവണതകൾക്കും ശക്തികൾക്കും വി. പൗലൂസ് നൽകുന്ന പേരാണ് ജഡം.

സ്വാതന്ത്ര്യം എന്തും ചെയ്യാനുള്ള ലൈസൻസല്ല. സ്വാതന്ത്ര്യമെന്നു പറഞ്ഞാൽ മറ്റൊരാളെ ഉപദ്രവിക്കാനുള്ള അനുവാദമെന്ന് അർത്ഥമില്ല. തിന്മ ചെയ്യുന്നത് സ്വാതന്ത്ര്യത്തിന്റെ അടയാളമല്ല; നേരെമറിച്ച് തിന്മയുടെ ദാസ്യത്തിന്റെ അടയാളമാണ്. നന്മ ചെയ്യുന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷ ലക്ഷണം. മറ്റൊരാൾക്ക് നന്മയും സന്തോഷവും ഉണ്ടാകുന്ന പ്രവൃത്തിയാണ് സ്വാതന്ത്ര്യത്തിന്റെ അടയാളം. 'സ്നേഹത്താൽ അന്യോന്യം സേവിക്കുന്നതാണ്' (5:13f) സ്വാതന്ത്ര്യത്തിന്റെ അടയാളം.

യഥാർത്ഥ സ്വാതന്ത്ര്യം വിനിയോഗിക്കേണ്ടത് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിനും സേവിക്കുന്നതിനുമാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ സേവനത്തിനു സന്നദ്ധനായ വ്യക്തിക്കു മാത്രമേ താൻ സ്വതന്ത്രനാണെന്ന് അവകാശപ്പെടാനാവൂ. ശരിയായ വ്യക്തിബന്ധങ്ങൾ പുലർത്തുന്ന ഒരാൾക്കു മാത്രമേ സ്വതന്ത്രനെന്ന് അവകാശപ്പെടാനാവൂ. സമസൃഷ്ടിയെ തന്നെപ്പോലെ തന്നെ സ്നേഹിക്കുകയും, സഹായിക്കുകയും ചെയ്യുന്നവനാണ് പൗലൂസിന്റെ ചിന്തയിൽ സ്വതന്ത്രൻ. "കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കേണം. ... അടങ്ങിയിരിക്കുന്നു" (5:14) എന്ന് വി. പൗലൂസ് പറയുന്നത് അതുകൊണ്ടാണ്. ദൈവം ഇസ്രായേലിനു ന്യായപ്രമാണം നൽകിയത് അവരെ തിന്മയിൽ നിന്നും, പാപത്തിൽ

നിന്നും, സ്വതന്ത്രരാക്കുവാനായിരുന്നു. ദൈവം വാഗ്ദാനം ചെയ്ത സ്വാതന്ത്ര്യം പ്രാപിക്കാനുള്ള വഴികാട്ടിയായിരുന്നു ന്യായപ്രമാണം. “നിന്റെ വചനം എന്റെ കാലിനു ദീപവും, എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു” (സങ്കീ. 119:105) എന്ന് സങ്കീർത്തനക്കാരൻ പറയുന്നത് ഈ അർത്ഥത്തിലാണ്. എന്നാൽ നിർഭാഗ്യവശാൽ അതേ ന്യായപ്രമാണം മനുഷ്യനെ അടിമയാക്കിത്തീർക്കുന്ന ഒരു തത്വസംഹിതയായിത്തീർന്നു എന്നത് വിസ്മരിക്കുന്നില്ല. മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യർ തമ്മിലുമുള്ള ബന്ധങ്ങളെ പരിരക്ഷിക്കുവാനാണ് ന്യായപ്രമാണം നൽകപ്പെട്ടത്. പൗലൂസ് പറയുന്നതിന്റെ (ഗലാ. 5:14) അർത്ഥമിതാണ്. ഇവിടെ വി. പൗലൂസ് ഉദ്ധരിക്കുന്നത് ലേവ്യർ 19:18 ആണ്.

യേശുക്രിസ്തു തന്നെ ഇതേ വസ്തുത അരുളിച്ചെയ്തിരിക്കുന്നു: “മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്വീൻ. ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നെ” (മത്തായി 7:12).

മറ്റുള്ളവർ നമ്മോട് വിശ്വസ്തതയോടും സ്നേഹത്തോടും സൗമ്യതയോടും പെരുമാറണമെന്ന് നാം പ്രതീക്ഷിക്കുന്നുണ്ട്. അതേ രീതിയിൽ നാം അവരോടും പെരുമാറണമെന്നാണ് ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നത്.

മറ്റൊരവസരത്തിൽ യേശുക്രിസ്തു ഈ ആശയം അല്പം കൂടി വിശദമായി പഠിപ്പിച്ചു. ഒരു ശാസ്ത്രി, അതായത് ഒരു ന്യായപ്രമാണ പണ്ഡിതൻ യേശുവിനോട് ചോദിക്കുന്നു: ‘എല്ലാറ്റിലും മുഖ്യകൽപ്പന ഏത്?’ യേശുവിന്റെ ഉത്തരം ഇങ്ങനെയായിരുന്നു: (മർക്കോസ് 12:29-34 കാണുക).

വർഷംതോറും  വലിയ സുവിശേഷമേളകൾ കേരളത്തിലെ വിവിധ സഭകൾ നടത്താറുണ്ട്. മണിക്കൂറുകൾ നീണ്ട ആരാധനകൾ നടത്തുന്ന സഭകളുണ്ട്. എന്നാൽ ഇവയ്ക്ക് നമ്മെ സ്വതന്ത്രരാക്കുവാൻ കഴിയുന്നുണ്ടോ? സഭാംഗങ്ങളിൽ പരിവർത്തനമുണ്ടാക്കുവാൻ കഴിയുന്നുണ്ടോ? ഓരോ സഭയുടെയും ശക്തിപ്രകടനങ്ങൾ എന്നതിനേക്കാൾ സുവിശേഷമേളകൾ കൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുന്നുണ്ടോ? പ്രൊഫഷണൽ കൺവെൻഷൻ പ്രസംഗകരുടെ ‘അഹങ്കാര പ്രഘോഷണ’ങ്ങളായി സുവിശേഷയോഗങ്ങൾ അധഃപതിച്ചു പോയിട്ടില്ലേ?

നമ്മുടെ ആരാധനയുടെയും, സുവിശേഷയോഗങ്ങളുടെയും, പെരുന്നാളാഘോഷങ്ങളുടെയും എല്ലാം ആത്യന്തിക ലക്ഷ്യം മനുഷ്യനെ നന്മയിലേക്കു നയിക്കുകയാണ്. അതായത് സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയാണ്.

ഗിരിപ്രഭാഷണത്തിൽ കർത്താവു പറയുന്നു: (മത്താ. 5:23–24): "നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ, സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെവച്ച് ഓർമ്മവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചിട്ട്, ഒന്നാമതു ചെന്ന് നിന്റെ സഹോദരനോട് നിരന്നുകൊൾക, പിന്നെ വന്ന് നിന്റെ വഴിപാട് കഴിക്കുക." വ്യക്തിബന്ധങ്ങളെ വിസ്മരിച്ച് വിദ്വേഷത്തിന്റെ ആത്മാവിലാണ് നാം ആരാധിക്കുന്നതെങ്കിൽ അതിന് അർത്ഥമില്ല. യഹൂദന്മാരുടെ ആരാധനകളും യാഗങ്ങളും ദൈവനിശ്വസിതങ്ങളായിരുന്നുവെങ്കിലും, അവ ഫലശൂന്യങ്ങളായത് ഇക്കാരണം കൊണ്ടാണ്. മനുഷ്യനെ സ്വതന്ത്രനാക്കുവാൻ യഹോവ അംഗീകരിച്ച ആരാധനാസംഹിത, മനുഷ്യനെ അടിമയാക്കുന്ന പൂജാവിധികളായി പരിണമിച്ചു.

വി. കുർബ്ബാന സഭയുടെ ഐക്യത്തിന്റെ പ്രകാശനമാണ്. ക്രിസ്തുവിൽ നാം ഒന്നാണ്; ഒരേ ആത്മാവിലും, ഒരേ മനസ്സിലും ജീവിക്കുന്നു എന്നതിന്റെ പ്രഖ്യാപനമാണ്. വി. പൗലൂസ് പറയുന്നതുപോലെ: "അപ്പം ഒന്ന് ആകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു, നാം എല്ലാവരും ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ?" (1 കൊരി. 10:17). സഭയുടെ ഐക്യത്തിന്റെയും സഭാംഗങ്ങളുടെ പരസ്പര സ്നേഹത്തിന്റെയും കൗദാശികമായ ആഘോഷമാണ് വി. കുർബ്ബാന. അതുകൊണ്ടാണ് സ്നേഹചുംബനത്തോടെ വി. കുർബ്ബാന ആരംഭിക്കുന്നത്. ഓർത്തഡോക്സ് സഭയിലെ വലിയ നോമ്പ് ആരംഭിക്കുന്നത് 'ശുബ്ക്കോനോ' ശുശ്രൂഷയോടുകൂടിയാണ്. 'ശുബ്ക്കോനോ' എന്ന സുറിയാനി വാക്കിന് 'അനുരഞ്ജനം' എന്നാണർത്ഥം. നോമ്പിന്റെ ലക്ഷ്യം ദൈവവും ഇതരമനുഷ്യരുമായിട്ടുള്ള നമ്മുടെ അനുരഞ്ജനമാണെന്ന് ഈ ശുശ്രൂഷ അനുസ്മരിപ്പിക്കുന്നു. എന്നാൽ ഇന്ന് വി. കുർബ്ബാനയും, ആരാധനയും, നോമ്പും, ശുബ്ക്കോനോയും, സ്നേഹചുംബനവുമെല്ലാം വെറും ബാഹ്യമായ ചടങ്ങുകളായി അധഃപതിച്ചിരിക്കുകയല്ലേ?

നമ്മുടെ മിക്ക ഇടവകകളിലും, പ്രത്യേകിച്ച് പട്ടണങ്ങളിൽ, ആരാധനയിൽ സംബന്ധിക്കുന്നവർ പരസ്പരം ഒന്നു പരിചയപ്പെടുവാൻ, സൗഹൃദത്തിന്റെ ഒരു വാക്ക് അന്യോന്യം ഉച്ചരിക്കുവാൻ ശ്രമിക്കാറില്ല. പള്ളിയിൽ കഴിയുന്നത്ര താമസിച്ച് എത്തി, കുറെ സമയം നിന്നോ ഇരുന്നോ സമയം ചെലവഴിച്ച്, ചില നാണയത്തുട്ടുകളോ, നോട്ടുകളോ കാണിക്കയിട്ട് ധൃതിയിൽ സ്ഥലം വിടുന്നവരാണ് ഇന്ന് പള്ളിയിൽ വരുന്നവരിൽ മുഖ്യപങ്കും. സംസർഗ്ഗം (communion) ഇല്ലാത്ത സമൂഹങ്ങളായി (communities) നമ്മുടെ ഇടവകകൾ അധഃപതിച്ചിരിക്കുന്നു. വ്യക്തിബന്ധങ്ങൾക്ക് സ്ഥാനം നൽകാത്ത സമൂഹങ്ങളിലെ ആരാധന വെറും പൂജ (cult) ആണ്.

നമ്മുടെ ഇടവകകൾ ആത്മീയമായി തളർന്നുകിടക്കുകയാണെന്ന് പലരും പരാതിപ്പെടാറുണ്ട്. വ്യക്തിബന്ധങ്ങൾ തകരുന്നതാണ് ഈ തളർച്ചയ്ക്കു കാരണം. ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ സ്നേഹമില്ലെങ്കിൽ ആ കുടുംബം തകരുകയാണ്. അതേ രീതിയിൽ ഇടവകയിലെ അംഗങ്ങൾ തമ്മിലുള്ള അകൽച്ചയാണ് ആത്മീയ തളർച്ചയ്ക്കു കാരണം.

## (2) ഗലാത്യർ 5:16-23

ജഡവും ആത്മാവും തമ്മിലുള്ള ഒരു താരതമ്യം വി. പൗലൂസ് നടത്തുന്നു (5:16-18). ജഡമെന്നത്, ദൈവത്തിൽ നിന്നും മനുഷ്യനെ അകറ്റുന്ന പ്രവൃത്തികളാണ്. അവയുടെ ഒരു പട്ടിക പൗലൂസ് നൽകുന്നു (5:19-21). 'ആത്മാവ്' എന്ന് പൗലൂസ് പറയുന്നത് പരിശുദ്ധാത്മാവിനെപ്പറ്റിയാണ്. മാമോദീസായിൽ വിശ്വാസികൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിച്ചു (യോഹ. 3:3; 5). ദൈവാത്മാവിൽ നാം ക്രിസ്തുവിൽ ഒന്നായിത്തീർന്നിരിക്കുന്നു. എന്നാൽ 'ദൈവാത്മാവ് നമ്മിൽ വസിക്കുന്നു' എന്നതിന്റെ തെളിവെന്താണ്? ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരിൽ (ഗലാ. 5:19-21) പരിശുദ്ധാത്മാവ് വസിക്കുന്നില്ല. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും തെളിവ് ആത്മാവിന്റെ ഫലമാണ് (ഗലാ. 5:22-23).

ഒരു വ്യക്തിയിലെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ മുഖ്യ തെളിവ് അയാളുടെ സ്വഭാവപരിവർത്തനമാണ്. വിശുദ്ധിയുടെയും ആത്മീയതയുടെയും, ക്രിസ്തുവിൽ ലഭ്യമായ സ്വാതന്ത്ര്യത്തിന്റെയും തെളിവ് ഒരു വ്യക്തിയിലെ നന്മയാണ്. അന്യഭാഷകളിൽ സംസാരിക്കുന്നതും, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതും മാത്രമാണ് പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന്റെ ഏറ്റവും വലിയ തെളിവെന്ന് പുതിയനിയമം പഠിപ്പിക്കുന്നില്ല. പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന്റെ ഏറ്റവും വലിയ തെളിവ് സ്നേഹമാണ്. ഇത് വിശദമാക്കുവാനാണ് വി. പൗലൂസ് 1 കൊരിന്ത്യർ 13-ാം അദ്ധ്യായം എഴുതിയത്. പരിശുദ്ധാത്മാവിന്റെ ഏറ്റവും വലിയ വരം സ്നേഹമാണ് (13:1-2). പരിശുദ്ധാത്മ വരങ്ങളിൽ നിത്യമായത് സ്നേഹം മാത്രമാണ്. ഇതര വരങ്ങൾ താത്ക്കാലികങ്ങളാണ്. "സ്നേഹം ഒരു നാളും ഉതിർന്നു പോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും, ഭാഷാവരമോ അതു നിന്നുപോകും...." (13:8).

വി. പൗലൂസിന്റെ ചിന്തയിൽ യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം തന്നെ പരിശുദ്ധാത്മ ദാനമാണ്; അതായത് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ തെളിവാണ് (1 കൊരി. 12:3). ദൈവാത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ തെളിവ് ആത്മാവിന്റെ ഫലമാണ്; സ്വഭാവവൈശിഷ്ട്യമാണ് (ഗലാ. 5:22), വ്യക്തിബന്ധങ്ങളെ ഉറപ്പിക്കുന്ന കണ്ണികളാണ്

ഈ ലിസ്റ്റിൽ കാണുന്ന ഓരോ ഗുണവും. ഇവയിൽ സൗമ്യത (gentleness) നെപ്പറ്റി മാത്രം ഒരു വാക്കു പറയട്ടെ.

Gentleness-ന് മാന്യത എന്ന അർത്ഥമാണ് നാം നൽകുന്നത്. “Gentleman” - “മാന്യൻ” എന്നുള്ളതാണല്ലോ, നാം മറ്റുള്ളവർക്കു നൽകുന്ന ഏറ്റവും വലിയ വിശേഷണങ്ങളിൽ ഒന്ന്. മാന്യത പലരും നടിക്കാറുണ്ട്. തലക്കനം കാണിച്ചാൽ മാന്യതയായി എന്നാണ് പലരുടേയും ധാരണ, യഥാർത്ഥ മാന്യത (gentleness) സൗമ്യതയാണ്.

മറ്റൊരാളെ വ്രണപ്പെടുത്താതെ സംസാരിക്കുക; ബഹുമാനത്തോടെ സംസാരിക്കുക, കേൾക്കുവാൻ താത്പര്യം കാണിക്കുക എന്നിവയാണ് ‘സൗമ്യത’ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. ‘കുലീനത’ (nobility) ഇതുമായി ബന്ധപ്പെട്ടതാണ്. യഥാർത്ഥ കുലീനത സംസാരത്തിലും പെരുമാറ്റത്തിലും പ്രകടമാകുന്ന സൗമ്യതയാണ്. സൗമ്യതയ്ക്ക് മിതത്വം, ലാളിത്യം എന്നീ അർത്ഥങ്ങളും നൽകാം. സംസാരത്തിലും ജീവിതത്തിലും കാണിക്കുന്ന ലാളിത്യവും കുലീനതയുടെ ഭാഗമാണ്.

ചുരുക്കത്തിൽ ‘സ്വാതന്ത്ര്യം പ്രാപിക്കുക’ എന്നു പറഞ്ഞാൽ ‘ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കുക’ എന്നാണർത്ഥം. ജഡത്തിന്റെ പ്രവൃത്തികൾ അടിമത്തത്തിന്റെ അടയാളമാണ്. നാം പാപത്തിനും, സാത്താനും ദാസരാണെന്ന് അവ വെളിവാക്കുന്നു. പരിശുദ്ധാത്മാവ് നമ്മിൽ വസിച്ച്, നാം നന്മയിൽ ജീവിക്കുകയും ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുകയും ചെയ്യുമ്പോൾ നാം സ്വതന്ത്രരായിത്തീരുന്നു.

❑

# 10

# ഒരു സുവിശേഷകന്റെ ദുഃഖം

(യോനാ 4:1–4): “യോനെക്ക് ഇതു അനിഷ്ടമായി. അവനു കോപം വന്നു. അവൻ യഹോവയോടു പ്രാർത്ഥിച്ചു: അയ്യോ യഹോവേ, ഞാൻ എന്റെ ദേശത്തു ആയിരുന്നപ്പോൾ ഞാൻ പറഞ്ഞ വാക്ക് ഇതു തന്നെ അല്ലയോ? അതുകൊണ്ടായിരുന്നു ഞാൻ തർശീശിലേക്കു ബദ്ധപ്പെട്ടു ഓടിപ്പോയതു; നീ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയു മുള്ള ദൈവമായി അനർത്ഥത്തെക്കുറിച്ചു അനുതപിക്കുന്നവൻ എന്നു ഞാൻ അറിഞ്ഞു. ആകയാൽ യഹോവേ എന്റെ പ്രാണനെ എടുത്തു കൊള്ളേണമെ; ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതു എനിക്കു നന്നു എന്നു പറഞ്ഞു.”

(1) മൂന്നു നോമ്പിൽ നാം ഓർക്കുന്നത് യോനാ പ്രവാചകന്റെ പ്രസം ഗവും നിനവെക്കാരുടെ മാനസാന്തരവുമാണല്ലോ. സുറിയാനി പാരമ്പ ര്യത്തിൽ മൂന്നു നോമ്പ് “നിനവെ നോമ്പ്”, “കന്യകമാരുടെ നോമ്പ്” എന്നീ പേരുകളിൽ അറിയപ്പെടുന്നു. ഹൂദായക്കാനോനിൽ “നിനവെ നോമ്പ്” എന്നാണ് പേര്. ഇന്ന് മൂന്നു ദിവസം ആണല്ലോ നാം ഇത് ആചരിക്കുന്നത്. പതിമൂന്നാം നൂറ്റാണ്ടിൽ ചിലർ മൂന്നു ദിവസവും, മറ്റു ചിലർ അഞ്ചു ദിവസവും ആചരിച്ചിരുന്നുവെന്ന് ഹൂദായക്കാനോനിൽ ബാറെബ്രായ പറയുന്നു. കൽദായ സുറിയാനി സഭയിൽ മൂന്നു ദിവ സവും, കോപ്റ്റിക് സഭയിൽ അഞ്ചു ദിവസവുമാണ് നിനവെ നോമ്പ്.

നിനവെ നോമ്പിന്റെ ഉത്ഭവത്തെപ്പറ്റി പല ഐതീഹ്യങ്ങളുണ്ട്. ബാറെ ബ്രായയുടെ സഭാചരിത്രത്തിൽ രണ്ടു കഥകൾ കൊടുത്തിരിക്കുന്നു. ഒന്നാമത്തേത് ഇങ്ങനെയാണ്.

പണ്ടൊരിക്കൽ ബേത് ഗർമ്മേ എന്ന സ്ഥലത്ത് ഒരു പകർച്ചവ്യാധി ബാധിച്ചു. ജനങ്ങളിൽ നല്ലൊരു പങ്ക് ചത്തൊടുങ്ങി. അവിടുത്തെ മെത്രാ നായിരുന്ന സാബ്രീശോ ജനങ്ങളെ വിളിച്ചുകൂട്ടി പറഞ്ഞു: “നല്ലവനായ ദൈവം നിനവെക്കാരോട് കരുണ കാണിക്കുകയും പ്രവാചകനായ യോനായുടെ വാക്കനുസരിച്ച് നടപ്പാക്കാനിരുന്ന ശിക്ഷ നീക്കിക്കളയു കയും ചെയ്തു. ആ ദൈവം തീർച്ചയായും നമ്മോടു കരുണ കാണിക്കും.”

ബിഷപ്പിന്റെ വാക്കനുസരിച്ച് ജനങ്ങൾ മൂന്നു ദിവസം ഉപവസിച്ചു. പകർച്ചവ്യാധി മാറി. നെസ്തോറിയൻ സഭയിലെ പല എഴുത്തുകാരും

രേഖപ്പെടുത്തുന്ന ഈ കഥയ്ക്ക് ആസ്പദമായ സംഭവം എന്നാണ് നടന്നതെന്നു വ്യക്തമല്ല.

ഇതിന് 'കന്യകമാരുടെ നോമ്പ്' എന്ന പേര് ഉണ്ടാകാനുള്ള കാരണവും ബാറെബ്രായ സഭാചരിത്രത്തിൽ വിവരിക്കുന്നു. പണ്ടൊരിക്കൽ ഒരു അറബി രാജാവ്, അന്നാട്ടിലെ ഒരു മെത്രാനെ വിളിച്ചു പറഞ്ഞു: 'കൊട്ടാരത്തിലെ ദാസിമാരാകുവാൻ നാല്പതു കൊച്ചുപെൺകുട്ടികളെ കണ്ടുപിടിച്ചു കൊടുക്കണം.' വിശുദ്ധനായ ബിഷപ്പ് മൂന്നു ദിവസത്തെ സമയം ആവശ്യപ്പെട്ടു, തന്റെ കീഴിലുള്ള ജനങ്ങളെ വിളിച്ചുകൂട്ടി പ്രാർത്ഥനയും കഠിനമായ ഉപവാസവും തുടങ്ങി, മൂന്നാം ദിവസമായപ്പോൾ ബിഷപ്പ് ഉപവാസവും ജാഗരണവും നിമിത്തം തികച്ചും അവശനായി. പ്രാർത്ഥനയ്ക്കിടയിൽ സുവിശേഷം വായിക്കുമ്പോൾ അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി: "കന്യകമാരെ ആവശ്യപ്പെട്ട രാജാവ് ഡമാസ്ക്കസിൽ വച്ച് മരിച്ചു." ബിഷപ്പ് സുവിശേഷ വായന നിറുത്തി. ദർശനത്തിന്റെ വിവരം ജനങ്ങളെ അറിയിച്ചു. തുടർന്ന് സുവിശേഷ വായന പൂർത്തിയാക്കി, വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് ഈ സംഭവം അനുസ്മരിക്കുവാൻ എല്ലാ വർഷവും മൂന്നു ദിവസം നോമ്പ് ആചരിച്ചു തുടങ്ങി.

(2) ആദ്യം വായിച്ച വേദഭാഗം യോനെയുടെ സ്വഭാവം വെളിപ്പെടുത്തുന്നതാണ്. ആ ഭാഗം വിശദീകരിക്കുന്നതിനു മുമ്പായി യോനെയുടെ സ്വഭാവം മനസ്സിലാക്കേണ്ടതുണ്ട്.

'അമിത്ഥായുടെ മകനായ യോനാ' എന്നാണ് കഥാപുരുഷനെ പരിചയപ്പെടുത്തിയിരിക്കുന്നത്. സുറിയാനിയിൽ "മത്തായിയുടെ മകനായ യോന" എന്നാണ് കാണുന്നത്. യിസ്രായേൽ രാജാവായ യെരോബയാമിന്റെ കാലത്ത് (787-747 ബി.സി.) പ്രവചിച്ച അമിത്ഥായുടെ മകനായ യോനായെപ്പറ്റി 2 രാജാ. 14:25-ൽ പരാമർശനമുണ്ട്. ആ പ്രവാചകനെ നായകനാക്കി എഴുതിയ ഒരു കഥയാണ് യോനായുടെ പുസ്തകമെന്നാണ് പണ്ഡിതമതം.

ദൈവം യോനായെ വിളിച്ച് ഒരു പ്രസംഗദൗത്യം ഏൽപ്പിക്കുന്നു: "നീ പുറപ്പെട്ട് മഹാനഗരമായ നിനെവേയിലേക്കു ചെന്ന് അതിന്നു വിരോധമായി പ്രസംഗിക്ക. അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു" (1:2). കഥയുടെ ബാക്കി ഏവർക്കും സുപരിചിതമാണ്. നിനെവേയിലേക്കു പോകേണ്ട യോനാ തർശീശിലേക്കു പോയി. പോകാനുള്ള കാരണം ആദ്യഭാഗത്തു പറയുന്നില്ല. കപ്പൽയാത്രയ്ക്കും അപകടത്തിനും ശേഷം യോനെയ്ക്ക് വീണ്ടും ദൈവകല്പന ഉണ്ടായി (3:2), അതനുസരിച്ച് യോനാ നിനെവേയിൽ എത്തി, "ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നിനെവേ ഉന്മൂലമാകും" എന്നു പ്രസംഗിച്ചു (3:4). താൻ

പ്രസംഗിച്ചതുപോലെ നിനെവേ നശിക്കണമെന്ന് യോനാ ആഗ്രഹിച്ചു. എന്നാൽ നിനെവേക്കാർ അനുതപിച്ചപ്പോൾ ദൈവത്തിന്റെ മനസ്സു മാറി, നിനെവേയെ നശിപ്പിച്ചില്ല. അപ്പോൾ യോനാ നിരാശയോടെ നടത്തുന്ന പ്രതികരണമാണ് നാലാമദ്ധ്യായത്തിന്റെ ഉള്ളടക്കം. ഈ കഥയിലെ ഏറ്റവും രസകരമായ ഭാഗമാണിത്.

ഒരു പ്രൊഫഷണൽ 'കൺവെൻഷൻ' പ്രസംഗകന്റെ മനോഭാവമാണ് യോനായിൽ കാണുന്നത്. തന്റെ പ്രസംഗം കൊണ്ട് ജനങ്ങൾക്ക് നന്മ ഉണ്ടാകണമെന്ന് യോനാ ആഗ്രഹിച്ചതായി തോന്നുന്നില്ല. സ്വന്തമഹത്വ ത്തിൽ മാത്രം യോനാ തത്പരനായിരുന്നു. നിനെവേ നിവാസികൾക്ക് മാനസാന്തരത്തിന്റെ സന്ദേശം എത്തിക്കുവാനാണ് ദൈവം പ്രവാചകനെ അയച്ചത്. എന്നാൽ യോനാ പ്രസംഗിച്ചത് മാനസാന്തരത്തിന്റെ ദൂതല്ല. നിനെവേ നശിക്കുവാൻ പോകുന്നു എന്നുള്ള വിധിയുടെ അറിയിപ്പാണ് നൽകിയത് (3:4). 'നിനെവേക്ക് വിരോധമായി പ്രസംഗിക്കുവാനാണ്' ദൈവം കല്പിച്ചത് (1:2; 3:2). ദൈവകോപത്തെപ്പറ്റി മനസ്സിലാക്കി നിനെവേ നിവാസികൾ മാനസാന്തരപ്പെടണമെന്നായിരുന്നു ദൈവഹിതം. അത് യോനാ മനസ്സിലാക്കിയില്ല. ദൈവഹിതത്തേക്കാൾ സ്വന്ത ഇഷ്ട മാണ് യോനാ പ്രസംഗിച്ചത്. അഹങ്കാരത്തോടെ ആയിരിക്കാം അദ്ദേഹം നിനെവേക്കാരെ അഭിസംബോധന ചെയ്തത്. 'നിനെവേക്കാരായ നിങ്ങൾ പാപികളും അധമന്മാരുമാണ്. വിശുദ്ധനായ ഞാൻ പറയുന്നു; നിങ്ങൾ നിശ്ചയമായും നശിക്കും' എന്ന മനോഭാവത്തിലായിരിക്കാം അദ്ദേഹം പ്രസംഗിച്ചത്.

എന്നാൽ നിനെവേ നശിക്കാതിരുന്നതിനാൽ യോനാ കോപിഷ്ടനായി. നിരാശയിൽ നിന്നാണ് അദ്ദേഹത്തിന് കോപം ഉണ്ടായത്. എന്റെ വാക്കു കൾ വ്യർഥാവായല്ലോ എന്ന് അദ്ദേഹം ചിന്തിച്ചു കാണും. ഇനി ജനങ്ങ ളുടെ മുഖത്ത് എങ്ങനെ നോക്കും എന്ന് യോനാ ചിന്തിച്ചിരിക്കാം.

വാക്കു ഫലിക്കാതെ പോയതിനാൽ ഒരു നല്ല പ്രവാചകനായി ജന ങ്ങൾ കണക്കാക്കുകയില്ലെന്നു യോനാ ഭയപ്പെട്ടിരിക്കാം. ദൈവഹിതം ജനങ്ങളെ അറിയിക്കേണ്ട ആളാണ് പ്രവാചകൻ. അതിനു പകരം, സ്വന്തം മഹത്വം പ്രഘോഷിക്കാനുള്ള അവസരമായി പ്രസംഗത്തെ യോനാ ദുരുപയോഗപ്പെടുത്തി.

ഇന്നത്തെ സുവിശേഷ പ്രസംഗകർക്ക് ഉണ്ടാകുന്ന ഒരു പ്രലോഭന മാണിത്. രോഗശാന്തിയും അത്ഭുതങ്ങളും നടക്കുന്നു എന്ന് പത്രങ്ങ ളിലും മറ്റും പരസ്യപ്പെടുത്തി നടത്തുന്ന യോഗങ്ങൾ ഇന്ന് സാധാരണ യാണ്. അവയിൽ പലതും ദൈവമഹത്വത്തേക്കാൾ പ്രസംഗകരുടെ പ്രശ സ്തിക്കു വേണ്ടി നടത്തുന്നതാണ്. ദൈവവചനത്തിന്റെ പ്രഘോഷണം

അഹങ്കാര പ്രഘോഷണമായി അധഃപതിക്കുന്നു. 'സാക്ഷ്യം' എന്ന പേരിൽ സ്വയത്തെ ഊതി വീർപ്പിക്കാനുള്ള വേദിയായി സുവിശേഷ പ്രസംഗവേദിയെ ധാരാളംപേർ ഉപയോഗിക്കുന്നു. വിശുദ്ധി അഭിനയിച്ചുകൊണ്ട്, കാപട്യത്തോടെ സ്വന്തം ആത്മീയ കഴിവുകളെപ്പറ്റി വീമ്പിളക്കുന്ന 'ദൈവദാസന്മാർ' ഇന്ന് ധാരാളമുണ്ട്.

യോനായുടെ തർശീശിലേയ്ക്കുള്ള കപ്പൽയാത്രയും ഇത്തരത്തിലുള്ളതായിരുന്നിരിക്കാം. പ്രത്യേക ലക്ഷ്യമില്ലാതെ തർശീശിലേക്കു ഓടിപ്പോയത് താൻ തിരക്കിലാണെന്ന് കാണിക്കുവാനായിരിക്കാം. പല സുവിശേഷ പ്രസംഗകരും തങ്ങളുടെ തിരക്കിട്ട പ്രസംഗ പരിപാടികളെപ്പറ്റി കൺവൻഷൻ പന്തലുകളിൽ വീമ്പടിക്കാറുണ്ട്. പ്രത്യേകിച്ചും വിദേശയാത്രകളെപ്പറ്റി നടത്തുന്ന പരാമർശനങ്ങൾ ഇത്തരത്തിലുള്ളവയാണ്.

അപകടങ്ങളിൽ പെട്ടിട്ടും യോനായുടെ അഹങ്കാരത്തിനു മാറ്റമില്ല. അതുകൊണ്ടാണ് നിനെവേ നശിക്കുന്നത് നേരിട്ടു കാണുവാൻ അദ്ദേഹം ഒരു കുടിൽ കെട്ടി താമസിച്ചത് (4:5).

നിനെവേക്കാരുടെ മാനസാന്തരം ആഗ്രഹിച്ച ദൈവം യോനായുടേയും മാനസാന്തരം ആഗ്രഹിക്കുന്നു.

യോനെയെപ്പോലെയാണ് പല സുവിശേഷ പ്രസംഗകരും. ജനങ്ങളുടെ പാപത്തെപ്പറ്റി അട്ടഹസിക്കുകയും, വികാരഭരിതരായി മൈക്കിന്റെ മുമ്പിൽ അഭിനയിച്ചു കാണിക്കുകയും ചെയ്യും. ഈ അഭിനയത്തിന്റെ ലക്ഷ്യം ജനങ്ങളുടെ മാനസാന്തരമല്ല; 'നല്ല പ്രസംഗമായിരുന്നു' എന്നു പറയിക്കണം. പ്രസംഗമാർക്കറ്റിൽ 'ഡിമാന്റ്' ഉണ്ടാക്കണം. പണവും പ്രശസ്തിയും ആണ് പലരെയും കൺവൻഷൻ പ്രസംഗരംഗത്തേക്ക് ആകർഷിക്കുന്ന പ്രധാന ഘടകങ്ങൾ.

പേരിനും പ്രശസ്തിക്കും വേണ്ടി വളരെ താണരീതിയിൽ പ്രവർത്തിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. ചെയ്യുന്ന കൊച്ചു കൊച്ചു കാര്യങ്ങൾ പെരുപ്പിച്ചു കാണിക്കുന്ന ഒരു കൂട്ടം ആളുകളാണ് പലരുടേയും മാതൃക.

ഓർത്തഡോക്സ് വിശ്വാസത്തിന്റെ മാതൃക ഇങ്ങനെ പ്രസംഗവേദികളിൽ അഹങ്കാരപ്രഘോഷണത്തോടെ വിലസുന്നവരല്ല. സാധുവായ പാമ്പാടി തിരുമേനി, മൈലപ്രയിൽ ഒതുങ്ങിക്കൂടിയ മാത്യൂസ് റമ്പാച്ചൻ എന്നിവരെപ്പോലുള്ള നന്മയുടെ മൂർത്തിമദ്ഭാവങ്ങളായ വിശുദ്ധരിൽ കൂടിയാണ് സഭ നിലനിന്നിട്ടുള്ളത്.

പ്രസംഗവേദികളിൽ വിലസുന്നവരുടെ സ്മരണ ജലരേഖപോലെ വേഗം അപ്രത്യക്ഷമാകും. ശാന്തരായി, വിനയത്തോടെ ജീവിച്ച മേൽപ്പ

റഞ്ഞ പിതാക്കന്മാരെപ്പോലെയുള്ളവരുടെ ഓർമ്മ പരിശുദ്ധാത്മാവ് വിശ്വാസികളുടെ ഹൃദയത്തിൽ നിത്യമായി ആലേഖനം ചെയ്യും.

❑

# 11

# പരിമിതികളുടെ അർത്ഥം

"അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺക യാലും, ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹി ക്കയാലും ആശ്ചര്യപ്പെട്ടു" (അപ്പൊ. പ്രവൃത്തികൾ 4:13).

1. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം അപ്പൊസ്തലന്മാർ നടത്തിയ പ്രേക്ഷിതവൃത്തിയാണ് അപ്പൊസ്തല പ്രവൃത്തികളുടെ പ്രമേയം. പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചിട്ട് അപ്പസ്തലന്മാർ യെറു ശലേമിലും, യഹൂദ്യയിൽ എല്ലായിടത്തും, ശമര്യയിലും, ഭൂമിയുടെ അറ്റ ത്തോളവും ക്രിസ്തുവിന്റെ സാക്ഷികൾ ആയത് (അ. പ്ര. 1:8) എങ്ങനെ യാണെന്ന് വി. ലൂക്കോസ് പ്രതിപാദിക്കുന്നു. അവരുടെ സാക്ഷ്യയാത്ര യിലെ, ആദ്യത്തെ ഒരു സംഭവമാണ് നാലാം അധ്യായത്തിൽ വിവരിക്കു ന്നത്.

മൂന്നാം അധ്യായത്തിൽ പത്രോസും യോഹന്നാനും യെറുശലേം ദേവാലയത്തിൽ വെച്ച് ഒരു മുടന്തനെ സൗഖ്യമാക്കുന്ന സംഭവം നാം വായിക്കുന്നു. ജനങ്ങൾ അത്ഭുതപ്പെട്ട് അവർക്കു ചുറ്റും കൂടി. ആ ജന ങ്ങളോട് വി. പത്രോസ് യേശുക്രിസ്തുവിനെപ്പറ്റി പ്രസംഗിച്ചു. അതിൽ കോപിഷ്ടരായ യഹൂദ നേതാക്കന്മാർ പത്രോസിനെയും, യോഹന്നാ നെയും പിടികൂടി ദേവാലയത്തിൽ തടവിലാക്കി. പിറ്റെദിവസം യഹൂദ നേതാക്കന്മാർ അവരെ ചോദ്യം ചെയ്തു. അവർ സധൈര്യം ക്രിസ്തു വിനെപ്പറ്റി സംസാരിച്ചു. പഴയനിയമഭാഗങ്ങൾ കൃത്യമായി ഉദ്ധരിച്ചു കൊണ്ട് വരുവാനിരിക്കുന്ന മശിഹാ, നസ്രായനായ യേശുവാണെന്ന് പ്രസംഗിച്ചു. ഇതുകേട്ട യഹൂദ മതനേതാക്കളുടെ പ്രതികരണമാണ് മുക ളിൽ വായിച്ച ഭാഗം (അ. പ്ര. 4:13).

2. ലോകചരിത്രത്തിന് സമൂലമായ പരിവർത്തനമുണ്ടാക്കിയ സംഭവ മാണ് ദൈവപുത്രന്റെ മനുഷ്യാവതാരം. സഭയെ പണിയുവാൻ കർത്താവ് തെരഞ്ഞെടുത്തത് ദരിദ്രരും വിദ്യാവിഹീനരുമായ മുക്കുവരെയാണ്. അവ രിലൂടെയാണ് ദൈവരാജ്യത്തിന്റെ സുവിശേഷം യഹൂദ്യയിലും ലോക ത്തിന്റെ അറ്റത്തോളം എത്തിയത്. ഇതര പ്രധാന ലോകമതങ്ങളിൽ നിന്നും ക്രിസ്തുമതത്തെ വ്യത്യസ്തമാക്കുന്നത് വിദ്യാവിഹീനരായ ആദ്യകാല സുവിശേഷകരാണ്.

ബുദ്ധമതസ്ഥാപകൻ ശ്രീബുദ്ധൻ രാജകുടുംബത്തിൽ ജനിച്ചു വളർ

ന്നയാളാണ്. മുഹമ്മദ്നബി ധനാഢ്യനായ കച്ചവടക്കാരനായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികൾ വാളിന്റെ ശക്തിയാൽ വെട്ടിപ്പിടിച്ച നാടുകളിൽ ഇസ്ലാംമതം എത്തിച്ചു. മറ്റു പല മതസ്ഥാപകരും അതിപണ്ഡിതന്മാരായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ശിഷ്യന്മാർ വിദ്യാവിഹീനരായ മുക്കുവന്മാരായിരുന്നു. ദൈവം അവരെ ശക്തീകരിച്ചു. വി. പൗലൂസ് ഒഴികെയുള്ളവർ, സമൂഹത്തിലെ താഴേക്കിടയിൽ ഉള്ളവരായിരുന്നു. സഭയുടെ ആദ്യത്തെ നേതാക്കന്മാർ അത്തരക്കാരായിരുന്നു. നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിച്ചവർ.

സുവിശേഷങ്ങളിലെ പ്രധാന കഥാപാത്രങ്ങൾ എല്ലാം പാവപ്പെട്ടവരായിരുന്നു. ലോകചരിത്രത്തിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികളിൽ പലരും സാധാരണക്കാരോ, പാവപ്പെട്ടവരോ ആയിരുന്നു.

3. ദാരിദ്ര്യത്തിനും, പരിമിതികൾക്കും ആത്മീയമായ അർത്ഥമുണ്ട്. ജീവിതത്തിൽ മുന്നേറാനുള്ള ആഗ്രഹവും, ആവേശവും പ്രദാനം ചെയ്യുന്നത് പരിമിതികളാണ്. ആത്മീയശക്തിയും, എന്തെങ്കിലും പുതുതായി സൃഷ്ടിക്കുവാനുമുള്ള കഴിവ് (creative power) പലപ്പോഴും പ്രകടമായി കാണുന്നത് ഇത്തരം പരിമിതികൾ ഉള്ളവരിലാണ്. ലോകത്തിൽ കലാസാഹിത്യ രംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവന നൽകിയ പലരും സാമ്പത്തിക ഞെരുക്കമുള്ളവർ ആയിരുന്നു.

അവരുടെ പരിമിതികൾ, അവയെ അതിജീവിക്കാനുള്ള ശക്തിയും പ്രേരണയും അവർക്കു നൽകി. ലോകത്തിൽ നന്മ നിലനിൽക്കുന്നതിനും മറ്റുള്ളവർക്കു ആശ്വാസം പകരുന്നതിനും, ദൈവം ഉപയോഗിക്കുന്നത് സാധാരണക്കാരെയാണ്. അപ്പൊസ്തലന്മാരുടെ ജീവിതം നൽകുന്ന സന്ദേശം ഇതാണ്.

കർത്താവ് ശിഷ്യന്മാരെ പ്രേക്ഷിതവൃത്തിക്കായി അയച്ചപ്പോൾ, സമ്പൽസമൃദ്ധിയല്ല, അവർക്ക് വാഗ്ദാനം ചെയ്തത്. "മടിശീലയിൽ പൊന്നും, വെള്ളിയും, ചെമ്പും വഴിക്ക് പൊക്കണവും, രണ്ട് ഉടുപ്പും, ചെരിപ്പും വടിയും കരുതരുത്" (മത്താ. 10:10) എന്നു പറഞ്ഞാണ് അവരെ യാത്രയാക്കിയത്.

ദരിദ്രരായിരുന്ന അപ്പൊസ്തലന്മാരോട്, ദാരിദ്ര്യത്തിന്റെ ജീവിതശൈലി അവലംബിക്കുവാനാണ് കർത്താവ് ആഹ്വാനം ചെയ്തത്. ദാരിദ്ര്യം അഥവാ സാമ്പത്തിക ഞെരുക്കത്തിന് ആത്മീയമായ അർത്ഥമുണ്ടെന്നാണ് അപ്പൊസ്തലന്മാരുടെ ജീവിതം നൽകുന്ന സന്ദേശം.

4. ദാരിദ്ര്യം മനുഷ്യരിൽ ആത്മീയമായ ഒരു ഉണർവ് ഉണ്ടാക്കുന്നു.

പലപ്പോഴും ആത്മാർത്ഥമായ പ്രാർത്ഥന, പാവപ്പെട്ടവരുടെ ഇടയിലാണ് കാണുന്നത്. ദാരിദ്ര്യം മനുഷ്യനെ വിനീതനാക്കുന്നു. എന്നാൽ അധികാരവും സമ്പത്തും അഹങ്കാരത്തിലേക്ക് നയിക്കുന്നു. പണം മനുഷ്യനിൽ ഒരുതരം സുരക്ഷിതബോധം സൃഷ്ടിക്കുന്നു. അതില്ലാത്ത അവസ്ഥയിൽ ദൈവത്തെപ്പറ്റിയുള്ള ചിന്ത കൂടുതലായി ഉണ്ടാകുന്നു.

സമ്പൽസമൃദ്ധി മനുഷ്യനെ ആത്മീയനാക്കുകയില്ല. മരുഭൂമിയിൽ വെച്ച് ദൈവം ഇസ്രായേൽ ജനതക്ക് യഥേഷ്ടം മന്നായും, കാടപക്ഷിയും, വെള്ളവും നൽകി. എന്നാൽ അതു തിന്നുകഴിഞ്ഞ് അവർ അസംതൃപ്തിയോടെ ദൈവത്തിനും, മോശെക്കും എതിരായി പിറുപിറുത്തു.

സന്യാസജീവിതത്തിൽ ദാരിദ്ര്യം വിനയത്തിന്റെ അടയാളമാണ്. ആത്മാവിലുള്ള ദാരിദ്ര്യവും ഭൗതികമായ ദാരിദ്ര്യവും പരസ്പരം ബന്ധപ്പെട്ടതാണെന്ന് സന്യാസപിതാക്കന്മാർ പഠിപ്പിക്കുന്നു.

“ഒന്നുമില്ലാത്തവൻ എല്ലാവരുടെയും ദരിദ്രനായ സഹോദരനായിത്തീരുന്നു” എന്ന് തെസ്സലോനിക്കിയിലെ ശീമോൻ (14-ാം നൂറ്റാണ്ട്) പറയുന്നത് ഈ അർത്ഥത്തിലാണ്. പാവപ്പെട്ടവരിൽ സ്വയം (ego), അഹങ്കാരം എന്നിവ പൊതുവെ കുറവാണ്.

ചുരുക്കത്തിൽ ദാരിദ്ര്യം ആത്മീയശക്തി പ്രാപിക്കാനുള്ള പശ്ചാത്തലമൊരുക്കുന്നു. അതുകൊണ്ടാണ് സന്യാസ ആദർശങ്ങളിൽ ദാരിദ്ര്യവും ഉൾപ്പെടുത്തിയിരിക്കുന്നത്.

5. സാധാരണക്കാരും ദരിദ്രരുമായ ശ്ലീഹന്മാരിൽ പരിശുദ്ധാത്മാവിന്റെ ശക്തി വ്യാപരിച്ചു. അവരിലൂടെ ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെമ്പാടുമെത്തി. ഈ ആത്മീയ ശക്തിയാണ് ഇത്രയുംനാൾ ക്രിസ്തുമതത്തെ നിലനിർത്തിയത്. ഇന്നും സഭയുടെ ആത്മീയ ശക്തി പ്രകടമാവുന്നത് സാധാരണക്കാരിലും പാവപ്പെട്ടവരിലുമാണ്. സഭയിലെ പട്ടക്കാരിലും, മേൽപ്പട്ടക്കാരിലും ഭൂരിഭാഗവും സാധാരണ പശ്ചാത്തലത്തിൽ ജനിച്ചുവളർന്നവരാണ്. എന്നാൽ പലരും വളരെ പെട്ടെന്ന് അവരുടെ കഴിഞ്ഞകാലത്തെ വിസ്മരിക്കുന്നു.

സാധാരണക്കാരെ ദൈവം തെരഞ്ഞെടുക്കാനുള്ള കാരണം, ജീവിതത്തിലെ പരിമിതികൾ അവർക്ക് അധ്വാനിക്കാനും, പ്രതിസന്ധികളെ നേരിടുവാനുമുള്ള പ്രേരകശക്തിയായിത്തീരുന്നതാണ്. ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും ലോകത്തിൽ വെളിപ്പെടുന്നത് സാധാരണക്കാരിൽ കൂടിയാണ്.

സന്യാസിമാർ ഒരു സാക്ഷ്യമായിട്ടാണ് ദാരിദ്ര്യത്തെ കണക്കാക്കുന്നത്. സുവിശേഷമനുസരിച്ച് ദരിദ്രർ ക്രിസ്തുവിന്റെ പ്രതിരൂപമാണ് (മത്തായി 25:34–45, മാർക്കോസ് 9:41).

അപ്പോസ്തലന്മാരുടെ ജീവിതം അനുകരിക്കുന്നതാണ് സന്യാസ ജീവിതം. അതായത് ദാരിദ്ര്യത്തിലും പരിമിതമായ സൗകര്യങ്ങളിലും അടിത്തറയുള്ള ജീവിതം. ക്രിസ്തീയ ജീവിതവും അതുതന്നെയാണ്.

# 12

# ശലോമോന്റെ പ്രാർത്ഥന

## (1 രാജാ. 3:4–15)

1. ഗിബെയോനിൽ വെച്ച് യഹോവ ശലോമോന് സ്വപ്നത്തിൽ പ്രത്യക്ഷനായി സംസാരിക്കുന്നതാണ് ഈ വേദഭാഗത്തിലെ സംഭവം. യിസ്രായേലിലെ പ്രധാന പൂജാഗിരി (Sanctuary), അഥവാ പ്രാർത്ഥനാ സ്ഥലമായിരുന്നു ഗിബെയോൻ. അവിടെ ശലോമോൻ ആയിരം യാഗങ്ങൾ കഴിച്ചു. അഖണ്ഡ പ്രാർത്ഥനായജ്ഞമായിരുന്നു അത്.

യഹോവ സ്വപ്നത്തിൽ പ്രത്യക്ഷനായി, “നിനക്കു വേണ്ടുന്ന വരം ചോദിച്ചുകൊൾക” എന്ന് ആവശ്യപ്പെടുന്നു. വേദപുസ്തകത്തിൽ ‘വരം ചോദിച്ചുകൊൾക’ എന്ന് യഹോവ ഒരാളോട് പറയുന്ന ഏക സംഭവമാണിത്. ഹൈന്ദവ പുരാണങ്ങളിൽ ഇത്തരം സംഭവങ്ങൾ സാധാരണയാണ്. തപസ്സുചെയ്ത് ദേവീദേവന്മാരെ പ്രീതിപ്പെടുത്തി, പ്രത്യക്ഷരാക്കി, വരം ചോദിക്കുന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ ഹൈന്ദവപുരാണങ്ങളിൽ നൽകുന്നുണ്ട്.

ശലോമോൻ ഒരേ ഒരു കാര്യം മാത്രം ചോദിക്കുന്നു. “ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിനു ന്യായപാലനം ചെയ്യാൻ വിവേകമുള്ള ഹൃദയം എനിക്കു തരണമേ” (1 രാജാ. 3:9). ‘സത്യസന്ധതയോടെ, നീതിയോടെ എന്റെ ചുമതല നിറവേറ്റുവാൻ എനിക്കു ഇടയാക്കണമെ’ എന്നാണ് പ്രാർത്ഥിക്കുന്നത്. ദീർഘായുസ്സോ, സമ്പത്തോ, ശത്രുസംഹാരമോ അപേക്ഷിക്കാതെ, ‘ന്യായപാലനത്തിനുള്ള വിവേകം’ മാത്രം അപേക്ഷിച്ചതു യഹോവയ്ക്ക് പ്രീതികരമായി. ചോദിക്കാത്തതു കൂടി ശലോമോന് യഹോവ ധാരാളമായി നൽകി.

“സമ്പത്തും മഹത്വവും കൂടെ ഞാൻ നിനക്കു തന്നിരിക്കുന്നു” (3:13) എന്നാണ് ദൈവം അരുളിച്ചെയ്തത്. “നിന്റെ അപ്പനായ ദാവീദ് നടന്നതുപോലെ നീ എന്റെ ചട്ടങ്ങളും, കൽപ്പനകളും പ്രമാണിച്ച് എന്റെ വഴികളിൽ നടന്നാൽ, ഞാൻ നിനക്ക് ദീർഘായുസ്സും തരും” (3:14) എന്ന് യഹോവ വാഗ്ദാനം നൽകി.

ഉപാധികളില്ലാതെയല്ല ശലോമോന് ഇവ ദൈവം നൽകിയത്. “ദാവീദിനെപ്പോലെ ദൈവഭയത്തിൽ ജീവിച്ചാൽ തരും” എന്നായിരുന്നു വാഗ്ദാനം.

2. എന്തിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്? ദൈവത്തിനു പ്രീതികരമായ പ്രാർത്ഥന എന്താണ്? എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഈ സംഭവം നൽകുന്നത്. വ്യക്തിപരമായ കാര്യങ്ങൾ, അഥവാ നമുക്കു മാത്രം പ്രയോജനപ്പെടുന്ന കാര്യങ്ങൾ ചോദിച്ചാൽ മറുപടി കിട്ടണമെന്നില്ല.

നമ്മുടെ പ്രാർത്ഥനകൾ പലതും സ്വന്ത കാര്യത്തിനുവേണ്ടി മാത്രമാണ്. മറ്റുള്ളവരെക്കാൾ അല്പം ഉയർന്നു നിൽക്കുവാൻ വേണ്ടി മാത്രം പ്രാർത്ഥിക്കുന്നവരുണ്ട്. മറ്റുള്ളവർക്ക് ദോഷം സംഭവിക്കുവാനായി പ്രാർത്ഥിക്കുന്നവരും ഇല്ലാതില്ല. അത്തരം പ്രാർത്ഥന ഒരിക്കലും സ്വീകാര്യമായി തീരുന്നില്ല. സെബദി പുത്രന്മാരുടെ ജീവിതത്തിലെ ഒരു സംഭവത്തിൽ നിന്നും ഇതു വ്യക്തമാണ് (ലൂക്കോസ് 9:51-56).

കർത്താവും ശിഷ്യന്മാരും ശമര്യയിൽ കൂടി പോകുമ്പോൾ ശമര്യക്കാർ അവരെ സ്വീകരിച്ചില്ല. യാക്കോബും യോഹന്നാനും കോപിഷ്ടരായി. “ആകാശത്തു നിന്നും തീ ഇറങ്ങി ഇവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നത് നിനക്കു സമ്മതമോ എന്ന് ചോദിച്ചു” (ലൂക്കോസ് 9:54). കർത്താവ് അവരെ ശാസിച്ചുകൊണ്ട് പറഞ്ഞു: “മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല, രക്ഷിപ്പാനത്രെ വന്നത്.” മറ്റുള്ളവർക്ക് ദോഷം വരാനായി ആഗ്രഹിക്കുന്നതും, അതിനായി പ്രാർത്ഥിക്കുന്നതും ദൈവഹിതത്തിന് എതിരാണ്. നന്മ മാത്രമാണ് ദൈവം മനുഷ്യന് നൽകുവാൻ ആഗ്രഹിക്കുന്നത്. ദൈവത്തിന് പ്രീതികരമായ പ്രാർത്ഥന എന്താണെന്ന് കർത്താവ് പറയുന്നു.

“അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം കൊടുക്കും” (ലൂക്കോസ് 11:13). ഈ വാക്കുകൾ വി. മത്തായിയുടെ സുവിശേഷത്തിൽ, “പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും” എന്നതിനു പകരം, “നന്മ എത്ര അധികം കൊടുക്കും” എന്നാണ് നൽകിയിരിക്കുന്നത് (മത്തായി 7:11).

പ്രാർത്ഥനയ്ക്ക് ലഭിക്കുന്ന മറുപടിയെപ്പറ്റിയുള്ള സുവിശേഷ ഭാഗമാണിത്. “യാചിപ്പിൻ നിങ്ങൾക്ക് കിട്ടും. അന്വേഷിപ്പീൻ, എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും” (ലൂക്കോസ് 11:9-13). എന്തു ചോദിച്ചാലും കിട്ടുമെന്ന് ഇവിടെ പറയുന്നില്ല. മക്കൾ വല്ലതും ചോദിച്ചാൽ അവർക്കു ദോഷം സംഭവിക്കുന്നതല്ല നാം കൊടുക്കുന്നത്, അവർക്ക് പ്രയോജനപ്പെടുന്നത് മാത്രമാണ്.

കർത്താവിന്റെ ഭാഷയിൽ, ‘അപ്പം ചോദിച്ചാൽ കല്ലു കൊടുക്കാറില്ല. മീൻ ചോദിച്ചാൽ, മീനിനു പകരം പാമ്പിനെ കൊടുക്കാറില്ല.’

നാം ചോദിക്കുന്നതിനെല്ലാം ഉടനടി മറുപടി കിട്ടാത്തത് എന്തുകൊണ്ടാണെന്നുള്ള ചോദ്യത്തിനുള്ള മറുപടി ഇവിടെ അന്തർലീനമാണ്. നാം ചോദിക്കുന്നതെല്ലാം, നമുക്ക് പ്രയോജനപ്രദമായിരിക്കണമെന്നില്ല. നമുക്ക് പ്രയോജനകരമായവ എന്തൊക്കെയാണെന്നു ദൈവത്തിനറിയാം. അവ മാത്രമേ ദൈവം നമുക്ക് ഉടനടി നൽകുകയുള്ളൂ. എന്നാൽ ചോദിച്ചാൽ സമൃദ്ധമായി നൽകുന്ന ദാനം പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവ് എന്ന ദാനം നമ്മിൽ ഉണ്ടെങ്കിൽ നാം ആത്മീയരായിത്തീരുന്നു. ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുന്ന (ഗലാ. 5:22-23) ദൈവമക്കളായിത്തീരുന്നു.

എന്നാൽ ദൈവാത്മാവിനായി നാം ആത്മാർത്ഥമായി പ്രാർത്ഥിക്കാറില്ല. നമ്മുടെ മക്കൾക്ക് ദൈവാത്മാവിനെ കൊടുക്കണമേയെന്നും പ്രാർത്ഥിക്കാറില്ല. 'ശുദ്ധമുള്ള പിതാവേ' എന്ന പ്രാർത്ഥന മിക്കവരും ദിവസേന ചൊല്ലാറുണ്ട്. എന്നാൽ "ശുദ്ധമുള്ള റൂഹാ (പരിശുദ്ധാത്മാവേ) ശുദ്ധമുള്ള നിന്റെ കുടിയിരിപ്പിന്റെ ഭവനങ്ങളായി ഞങ്ങളെ നീ ചമക്കണമെ" എന്ന വാക്കുകളുടെ അർത്ഥവ്യാപ്തിയെപ്പറ്റി നാം ചിന്തിക്കാറില്ല. "പരിശുദ്ധാത്മാവേ, ഞങ്ങളെ നീ വസിക്കുന്ന ആലയങ്ങൾ ആക്കേണമെ" എന്നാണിതിന്റെ പൊരുൾ.

3. ശലോമോന്റെ രീതിയിൽ നാം പ്രാർത്ഥിക്കാറില്ല. അതുകൊണ്ടാണ് നമ്മുടെ പ്രാർത്ഥന വിരസമായിത്തീരുന്നത്. പ്രാർത്ഥനയെപ്പറ്റിയുള്ള വികലമായ കാഴ്ചപ്പാടു നിമിത്തമാണ് പലരും അവിടെയും ഇവിടെയും ഒക്കെ ഓടി നടക്കുന്നത്.

നമ്മുടെ വലിയ പ്രശ്നം അത്യാർത്തിയാണ്. മറ്റുള്ളവരെക്കാൾ നാം മോശക്കാരായിത്തീരുമെന്നുള്ള ഭയമാണ് പലർക്കും. ഈ ഭയത്തിൽ ലൗകികനേട്ടങ്ങൾക്കായി മാത്രം പ്രാർത്ഥിക്കുന്നു. ഇത്തരം പ്രാർത്ഥനയ്ക്ക് മറുപടി കിട്ടിയെന്നു വരികയില്ല. അപ്പോഴുണ്ടാകുന്ന ഇച്ഛാഭംഗത്തിന്റെ ഫലമായി പ്രാർത്ഥനാഗ്രൂപ്പുകളുടെ പിന്നാലെ പലരും പോകുന്നു. പ്രാർത്ഥനാ ഗ്രൂപ്പുകൾ ആളുകളുടെ ബലഹീനതയെ ഫലപ്രദമായി ചൂഷണം ചെയ്യുന്നു. ഇന്നു പണമുണ്ടാക്കാനുള്ള എളുപ്പവഴി ആത്മീയതയാണ്. പരസ്യം നൽകി പ്രാർത്ഥനാഗ്രൂപ്പുകൾ നടത്തുന്നത് കേരളത്തിൽ ഒരു സ്വയംതൊഴിൽ കണ്ടെത്തലായി കഴിഞ്ഞിരിക്കുന്നു. എന്തു ചോദിച്ചാലും കിട്ടുമെന്നുള്ള വാഗ്ദാനം നൽകി പ്രാർത്ഥനാഗ്രൂപ്പുകൾ ആളുകളെ ആകർഷിക്കുന്നു.

പ്രാർത്ഥനയുടെ ലക്ഷ്യം എന്തെങ്കിലും ലൗകികനേട്ടം ഉണ്ടാക്കുന്നതല്ല. ദൈവഭയത്തിലും, ദൈവാശ്രയത്തിലും ജീവിക്കുവാനുള്ള ശ്രമമാണ് പ്രാർത്ഥന. ശലോമോൻ അതു മനസ്സിലാക്കി. അതുകൊണ്ടാണ് "ജ്ഞാനിയായ ശലോമോൻ" എന്ന് അദ്ദേഹം അറിയപ്പെടുന്നത്.

പ്രാർത്ഥനയുടെ ലക്ഷ്യത്തെപ്പറ്റി ബാറാസീറാക്ക് (പ്രഭാഷകൻ) പറയുന്നു: "സത്യത്തിലൂടെ നിന്നെ നയിക്കാൻ അത്യുന്നതനോട് പ്രാർത്ഥിക്കുക" (37:15). വീണ്ടും പറയുന്നു. "ധനവും ശക്തിയും ഹൃദയത്തെ ഉത്തേജിപ്പിക്കുന്നു; എന്നാൽ കർത്താവിനോടുള്ള ഭക്തി ഉള്ളവന് ഒന്നിനും കുറവുണ്ടാകയില്ല; അതുള്ളപ്പോൾ അന്യസഹായം തേടേണ്ടതുമില്ല" (പ്രഭാഷകൻ 40:26-27).

നമ്മുടെ കാനോനിക പ്രാർത്ഥനകളിൽ സമ്പൽസമൃദ്ധിക്കായി പ്രാർത്ഥിക്കുന്നില്ലെന്നുള്ളത് ശ്രദ്ധേയമാണ്. എക്കാലത്തും ഉണ്ടായ പ്രാർത്ഥനകളിൽ അതിശ്രേഷ്ഠമാണ് സങ്കീർത്തനങ്ങൾ. അവയിൽ സമ്പൽസമൃദ്ധിക്കായി പ്രാർത്ഥിക്കുന്നില്ല.

സദൃശ്യവാക്യങ്ങളിൽ വളരെ ഹൃദയസ്പർശിയായ ഒരു പ്രാർത്ഥന കാണുന്നുണ്ട്: "രണ്ടു കാര്യം ഞാൻ നിന്നോട് അപേക്ഷിക്കുന്നു. ജീവപര്യന്തം അവ എനിക്കു നിഷേധിക്കരുതേ; വ്യാജവും ഭോഷ്ക്കും എന്നോട് അകറ്റേണമെ. ദാരിദ്ര്യവും സമ്പത്തും തരാതെ നിത്യവൃത്തി തന്ന് എന്നെ പോഷിപ്പിക്കണമെ. ഞാൻ തൃപ്തനായി തീർന്നിട്ട്, യഹോവ ആർ എന്നു നിന്നെ നിഷേധിപ്പാനും, ദരിദ്രനായി തീർന്നിട്ടു മോഷ്ടിച്ച് എന്റെ ദൈവത്തിന്റെ നാമം തീണ്ടിപ്പാനും (profane) സംഗതി വരരുതേ" (സദൃശ്യവാക്യങ്ങൾ 30:7-9).

സമ്പൽസമൃദ്ധി മനുഷ്യനെ ആത്മീയനാക്കുകയില്ല. അമിത സമ്പത്ത് അഹങ്കാരവും, ആത്മീയമായ നിസംഗതയും മനുഷ്യനിലുണ്ടാക്കുന്നു. ആ അഹങ്കാരവും അലസതയും, ആത്മീയ നിസംഗതയും മക്കളിലേക്കും വ്യാപിക്കുന്നു. അലസത തകർച്ചയിലേക്ക് വഴിയൊരുക്കുന്നു.

ബാറെബ്രായയുടെ 'നർമ്മോക്തികൾ' എന്ന ഗ്രന്ഥത്തിൽ പറയുന്നു: "വഴിഞ്ഞൊഴുകുന്ന സമ്പത്തും മേഘത്തിന്റെ നിഴലും ഒരു പോലെയാണ്. രണ്ടും ശാശ്വതമല്ല." നമുക്കു ചുറ്റും ഇതിനുള്ള ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

"ബഹു നിക്ഷേപവും അതിനോടു കൂടെ കഷ്ടതയും ഉള്ളതിനേക്കാൾ, യഹോവ ഭക്തിയോടു കൂടെ അൽപ്പധനം നന്ന്" (സദൃശ്യവാക്യങ്ങൾ 15:16).

ആർത്തിയില്ലാത്ത ജീവിതം ആത്മീയതയുടെ പ്രത്യക്ഷ ലക്ഷണമാണ്. നമുക്ക് ദൈവം തരുന്നവയിൽ സംതൃപ്തരാകുന്നത്, ദൈവവിശ്വാസത്തിന്റെ ദൃശ്യഭാവമാണ്.

ക്രിസ്തീയ ജീവിതത്തിന്റെ അന്തസത്ത വി. പൗലൂസ് വിവരിക്കുന്നു: "എല്ലാവരോടും ദീർഘക്ഷമ കാണിപ്പീൻ; ആരും തിന്മയ്ക്കു പകരം തിന്മ

ചെയ്യാതിരിപ്പാൻ നോക്കുവീൻ; തമ്മിലും, എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പീൻ; എപ്പോഴും സന്തോഷിപ്പീൻ; ഇടവിടാതെ പ്രാർത്ഥിക്കുവീൻ. എല്ലാറ്റിനും സ്തോത്രം ചെയ്വീൻ. ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം" (1 തെസ്സ. 5:14-19).

ജ്ഞാനിയായ ശലോമോനും, വേദപുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങളും ഈ സത്യം മനസ്സിലാക്കിയിരുന്നു. സമ്പൽസമൃദ്ധിയെക്കാൾ, ദൈവഇഷ്ടമനുസരിച്ചുള്ള ഒരു ജീവിതം അവർ ആഗ്രഹിച്ചു. അതിനായി പ്രാർത്ഥിച്ചു. അവരുടെ മാതൃക നമുക്ക് ഒരു വെല്ലുവിളിയായിരിക്കട്ടെ.

# 13

# നീതിമാനായ യൗസേപ്പ്

**മത്തായി 1:18–25**

1. കർത്താവിന്റെ ജീവിതവുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ട രണ്ടു വ്യക്തികളാണ് വി. മറിയാമും യൗസേപ്പും. യൗസേപ്പിനെപ്പറ്റി വളരെ കുറച്ചു മാത്രമേ സുവിശേഷങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളു. യൗസേപ്പ് പ്രത്യക്ഷപ്പെടുന്ന മൂന്ന് അവസരങ്ങളെപ്പറ്റി മാത്രമേ സുവിശേഷകന്മാർ എഴുതുന്നുള്ളു.

1. മറിയം ഗർഭിണിയാണെന്നറിഞ്ഞപ്പോൾ യൗസേപ്പിന്റെ പ്രതികരണം. 2. യേശുവിന്റെ ജനനത്തിനുശേഷം, ഹേരോദാവ്, കുഞ്ഞിനെ കൊല്ലുവാൻ തീരുമാനിച്ചിരിക്കുന്നു എന്ന വാർത്ത, സ്വപ്നത്തിൽ ദൂതൻ വെളിപ്പെടുത്തുന്ന സംഭവം. 3. പന്ത്രണ്ടാമത്തെ വയസ്സിൽ മാതാപിതാക്കളോടൊത്തു യേശു ദേവാലയത്തിൽ പോയ സംഭവം. കർത്താവിന്റെ പീഡാനുഭവം, കുരിശുമരണം എന്നിവയെപ്പറ്റിയുള്ള വിവരണങ്ങളിൽ വി. മറിയാമിനെ കാണുന്നു. എന്നാൽ അവിടെ യൗസേപ്പിനെപ്പറ്റി പരാമർശനങ്ങളില്ല. കാരണം ആ സമയമായപ്പോൾ യൗസേപ്പ് മരണമടഞ്ഞിരുന്നിരിക്കണം.

2. യൗസേപ്പ് പ്രത്യക്ഷപ്പെടുന്ന രംഗങ്ങളിൽ അദ്ദേഹം എന്തെങ്കിലും സംസാരിച്ചതായി പറയുന്നില്ല. അദ്ദേഹത്തിന്റെ വാക്കുകൾ ഒന്നുംതന്നെ സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടായിരിക്കാം, പ്രസംഗങ്ങളിൽ അദ്ദേഹം അവഗണിക്കപ്പെടുന്നത്. വാചകമടിക്കുന്നവരെ മാത്രം ശ്രദ്ധിക്കുന്ന പ്രവണത, സഭയിൽ ഉള്ളതുകൊണ്ടായിരിക്കാം യൗസേപ്പിനെ അവഗണിക്കുന്നത്.

നിശബ്ദനായി യേശുവിന്റെ ബാല്യകാലത്ത് തന്നെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്ത വ്യക്തിയാണ് അദ്ദേഹം. യേശുവിനെ സ്നേഹിക്കുവാനും, ലാളിക്കുവാനും ഭാഗ്യം ലഭിച്ച വ്യക്തി. നിശബ്ദനായി ക്രിസ്തുവിനെയും, സമൂഹത്തെയും സേവിക്കുന്ന വ്യക്തികളുടെ പ്രതീകമാണ് യൗസേപ്പ്. ഇത്തരം വ്യക്തികൾ ഇന്ന് പൊതുവെ കുറവാണ്. എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമാകാനാണ് ഭൂരിപക്ഷത്തിന്റെയും ആഗ്രഹം. നിശബ്ദനായിരിക്കുന്നത്, ഇടിച്ചുകയറാതെ അല്പം പുറകോട്ടുമാറി നിൽക്കുന്നത് ബലഹീനതയാണെന്ന് ഇന്നത്തെ ലോകം കരുതുന്നു.

3. നിശബ്ദത ഒരു ആത്മീയഭാവമാണ്. ക്രിസ്തുമതം ഇന്ന് വാചക

കസർത്തിന്റെ മതമായി പരിണമിച്ചിരിക്കുന്നു. പ്രത്യേകിച്ച് ടെലി ഇവാഞ്ചലിസം പോലുള്ള വാചകമേളകൾ അത്തരം ഒരു ധാരണയാണ് അക്രൈസ്തവരിൽ ഉണ്ടാക്കുന്നത്.

ക്രിസ്തീയ ജീവിതത്തിന്റെ കാതലായ ഒരു വശം നിശബ്ദമായ ജീവിതശൈലിയാണ്. "ഈ കാര്യങ്ങൾ എല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു" (ലൂക്കോസ് 2:51) എന്ന് മറിയാമിനെപ്പറ്റിയുള്ള പരാമർശനം ഈ ജീവിതശൈലിയെ അംഗീകരിക്കുന്നതാണ്. കൂടാതെ കുരിശിന്റെ അടുക്കൽ നിശബ്ദയായി നിന്ന്, എല്ലാം ദൈവഹിതത്തിന് സമർപ്പിക്കുന്ന മറിയാമിന്റെ ചിത്രവും ഈ ജീവിതശൈലിയെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തീയ സന്യാസിമാർ ഈ ജീവിതശൈലിയാണ് മാതൃകയാക്കിയിരിക്കുന്നത്.

ഒരിക്കൽ പ്രശസ്ത എഴുത്തുകാരൻ കുഷ്വന്ത് സിംഗ്, "ഹിന്ദു" ദിനപ്പത്രത്തിന്റെ ഞായറാഴ്ച പതിപ്പിനു നൽകിയ അഭിമുഖം വായിക്കാനിടയായി. "മൗനം അപാരമായ ശക്തി നമ്മിൽ ഉളവാക്കുന്നുവെന്ന്, കഴിഞ്ഞ കാലങ്ങളിൽ എനിക്ക് ബോദ്ധ്യമായി. സമൂഹത്തിൽ കൂടുതൽ സജീവമാകുന്നതും, പ്രയോജനമില്ലാത്ത സംസാരത്തിൽ ഏർപ്പെടുന്നതും, ആ ശക്തിയെ ഇല്ലാതാക്കുന്നു."

മൗനം ഒരു ആത്മീയശക്തി (creative power) ഉണ്ടാക്കുന്നു. നിശബ്ദമായ ജീവിതവും പ്രവർത്തനവും വിനയത്തിന്റെയും ത്യാഗത്തിന്റേയും അടയാളമാണ്. ആത്മീയമായ പക്വതയുടെയും മാന്യതയുടെയും പ്രത്യക്ഷഭാവമാണത്. കാപട്യമില്ലാത്ത അവസ്ഥയാണ്. ആത്മീയമായ പക്വത, മാന്യത എന്നു പറഞ്ഞാൽ, ജാടകളോ, കാപട്യ പ്രകടനമോ ഇല്ലാത്ത ജീവിതം എന്നാണർത്ഥം. ഇല്ലാത്ത സിദ്ധികളും, പാണ്ഡിത്യവും ഭാവിക്കാത്ത ജീവിതമാണ് നിശബ്ദതയുടേത്.

സൃഷ്ടിശക്തി (creative power) നിശബ്ദമായ ജീവിതത്തിൽ നിന്നാണ് ഉരുവാകുന്നത്. ഭാരതത്തിലെ വേദങ്ങളും, ഉപനിഷത്തുകളും പുരാണങ്ങളും അത്തരം നിശബ്ദ ജീവിതത്തിന്റെ സൃഷ്ടികളാണ്. പുരാതന മതങ്ങളിലെ തത്വചിന്തകളും, ആത്മീയ ദർശനങ്ങളും അത്തരം ജീവിതശൈലി അവലംബിച്ച വ്യക്തികളുടെ സംഭാവനകളാണ്.

പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്രവും, ആരാധനയും, സന്യാസാശ്രമങ്ങളിലെ നിശബ്ദതയിൽ നിന്നും ഉരുവെടുത്തതാണെന്നു പറയാറുണ്ട്. കാരണം, പ്രമുഖ വേദശാസ്ത്രജ്ഞന്മാർ സന്യാസിമാരോ, അവരുടെ മാതൃകയിൽ നിശബ്ദരായി ജീവിച്ച വിവാഹിതരായ വിശ്വാസികളോ ആയിരുന്നു.

നിശബ്ദതയിൽ ജീവിക്കുന്ന എല്ലാ വ്യക്തികളും എഴുത്തുകാരോ, മറ്റ് കലാസൃഷ്ടികൾ നടത്തുന്നവരോ ആകണമെന്നില്ല. അനേകർക്ക് പ്രചോദനം (inspiration) നൽകുവാൻ അത്തരം വ്യക്തികൾക്ക് കഴിയും.

നിശബ്ദ ജീവിതത്തിൽ നിന്നുള്ള ആത്മീയശക്തി യൗസേപ്പിന് ഉള്ളതുകൊണ്ടായിരിക്കാം, യേശുവിന്റെ വളർത്തുപിതാവ് അഥവാ സംരക്ഷകൻ ആകുവാൻ ദൈവം യൗസേപ്പിനെ തെരഞ്ഞെടുത്തത്.

4. ജീവിതത്തിലെ ഒരു വലിയ പ്രതിസന്ധിയെ വി. യൗസേപ്പ് അഭിമുഖീകരിച്ചത് അദ്ദേഹത്തിന്റെ ആത്മീയ ശക്തിക്ക് ഉദാഹരണമാണ്. മറിയം ഗർഭിണിയായി എന്ന വാർത്തയോട് യൗസേപ്പ് പ്രതികരിച്ചത് ശ്രദ്ധേയമാണ്. വ്യഭിചാരകുറ്റം ചുമത്തി, യഹൂദമതനേതാക്കന്മാരുടെ മുമ്പിൽ മറിയാമിനെ എത്തിച്ചാൽ തീർച്ചയായും കല്ലെറിഞ്ഞു കൊല്ലുവാൻ വിധിക്കും.

"യൗസേപ്പ് നീതിമാനാകകൊണ്ടും, അവൾക്ക് ലോകോപവാദം വരുത്തുവാൻ അവന് മനസ്സ് ഇല്ലാത്തതുകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു" (മത്തായി 1:19).

മറിയാമിനെ കുറ്റപ്പെടുത്തുവാനോ, ക്രൂരമായി ശിക്ഷയ്ക്ക് വിധേയയാക്കുവാനോ യൗസേപ്പ് തുനിഞ്ഞില്ല. കരുണയോടെ മറിയാമിനെ വീക്ഷിക്കുന്നു. നിശബ്ദമായ ജീവിതശൈലിയുടെ പ്രത്യേകതയാണിത്. ആരെയും കുറ്റപ്പെടുത്താതിരിക്കുക, പരദൂഷണം പറയാതിരിക്കുക, പ്രതികാരം ചെയ്യാതിരിക്കുക, പരാതിപ്പെടാതെ അപമാനം സമീപിക്കുക. ഇതൊരു ആത്മീയ സമീപനമാണ്.

കൊടിയപാപികളെപ്പോലും കുറ്റപ്പെടുത്താതിരിക്കുന്നത് ഒരു ആത്മീയഭാവമാണ്. വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ സംഭവം ഉദാഹരണമാണ്. "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോക; ഇനി പാപം ചെയ്യരുത്" (യോഹ. 8:11) എന്നാണ് യേശുക്രിസ്തു അവളോട് പറഞ്ഞത്.

വി. യൗസേപ്പിന് മറിയാമിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്നു. എങ്കിലും അദ്ദേഹം മാനുഷികമായ സംശയങ്ങൾക്ക് അതീതനല്ലായിരുന്നു. സെറൂഗിലെ വി. യാക്കോബ് (6-ാം നൂറ്റാണ്ട്), എഴുതിയ ഒരു മെംമ്രാ (പ്രസംഗം) മറിയം ഗർഭിണിയായി എന്ന വാർത്തയോട് യൗസേപ്പ് പ്രതികരിക്കുന്നതിനെപ്പറ്റിയാണ്. അതിൽ യൗസേപ്പിന്റെ സംശയങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നു. എന്നാൽ അതൊരു കവിഭാവനയുടെ ഭാഗമാണ്.

വി. യൗസേപ്പിന്റെ പ്രതികരണം നമുക്കൊരു മാതൃകയായിരിക്കട്ടെ. നിശബ്ദരായി മറ്റുള്ളവർക്കു നന്മ ചെയ്യാനും, ക്രിസ്തുവിനെ സാക്ഷിക്കുവാനും നമുക്ക് ഇടയാകട്ടെ.

# 14

# ക്രിസ്തുവിന്റെ പരീക്ഷകൾ

## (മത്തായി 4:1–11; ലൂക്കോസ് 4:1–13; മർക്കോസ് 1:12–13)

1. കർത്താവിന്റെ പരീക്ഷയുടെ വിശദമായ ചിത്രം വി. മത്തായിയും, വി. ലൂക്കോസും നൽകുന്നു. ഇരുവരുടെയും വിവരണങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ കാണുന്നുണ്ട്. 'പരീക്ഷ' (temptation) എന്നതിനേക്കാൾ 'പ്രലോഭനം' എന്നു പറയുന്നതാണ് ശരി. മാമോദീസാ കഴിഞ്ഞ ഉടനെ നടന്ന സംഭവമായിട്ടാണ് മൂന്നു സുവിശേഷകന്മാരും അവതരിപ്പിക്കുന്നത്.

പരീക്ഷയുടെ സമയത്ത് യേശുക്രിസ്തു ഏകനായിരുന്നു. ശിഷ്യന്മാരോട് യേശു തന്നെ പറഞ്ഞായിരിക്കണം അവർ അറിഞ്ഞത്. മൂന്നു പ്രലോഭനങ്ങളും യേശുവിന്റെ ആന്തരികമായ അനുഭവങ്ങൾ ആയിരുന്നുവെന്നു ചിന്തിക്കുന്നവരുണ്ട്. അതായത് ചിന്തയിലും ആഗ്രഹത്തിലും ഉണ്ടായ പ്രലോഭനങ്ങൾ ആണെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

തന്റെ കഴിവുകൾ, അധികാരം എന്നിവ സ്വാർത്ഥതാത്പര്യങ്ങൾക്കായി ഉപയോഗിക്കുവാനുള്ള പ്രലോഭനമാണ് യേശുവിന് ഉണ്ടായത്. ദൈവം സ്വപുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തിന്റെ രക്ഷക്കായിട്ടാണ് (യോഹ. 3:16). ദൈവസ്നേഹത്തിന്റെ അടയാളമായി ഉപയോഗിക്കേണ്ട കഴിവുകൾ സ്വാർത്ഥലാഭത്തിന് ഉപയോഗിക്കുവാനുള്ള പ്രലോഭനമാണ് കർത്താവിന് ഉണ്ടായത്. പിതാവാംദൈവം തന്നെ ഭരമേൽപ്പിച്ച ദൗത്യം എങ്ങനെ നിറവേറ്റണം എന്നുള്ള ചോദ്യമാണ് തന്റെ മുമ്പിൽ ഉയർന്നു വന്നത്. ആളുകളെ ആകർഷിച്ച്, കുറുക്കുവഴിയിലൂടെ ചില പൊടിക്കൈകൾ പ്രയോഗിച്ച് ദൗത്യം വിജയിപ്പിക്കാനുള്ള പ്രലോഭനമാണ് ഉണ്ടായത്.

2. കല്ലുകൾ അപ്പമാക്കി മാറ്റാനുള്ള പ്രലോഭനമാണ് ആദ്യത്തേത്. അപ്പം, അഥവാ ഭക്ഷണവും ഭൗതികവസ്തുക്കളും നൽകി മനുഷ്യരെ കൂടെ നിർത്താനുള്ള പ്രലോഭനം. പഴയനിയമകാലത്തു മരുഭൂമിയിൽ ഇസ്രായേൽ ജനതയെ ദൈവം മന്നാ നൽകി സംരക്ഷിച്ചതാണ്. മശിഹായുടെ വരവിൽ ഇത് വീണ്ടും ആവർത്തിക്കുമെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. "അവർക്കു വിശക്കുകയില്ല, ദാഹിക്കുകയുമില്ല" (യെശ. 49:10) എന്ന പ്രവചനം മശിഹായുടെ കാലത്തെപ്പറ്റിയുള്ളതാണെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു.

അപ്പം നൽകി ജനങ്ങളെ ആകർഷിക്കുകയെന്നു പറഞ്ഞാൽ, കൂടെ

വന്നാൽ എന്തെങ്കിലുമൊക്കെ കിട്ടുമെന്ന് വാഗ്ദാനം ചെയ്തു ജനങ്ങളെ ആകർഷിക്കുകയാണ്. പല ക്രിസ്തീയ സഭകളും ഇത്തരത്തിലുള്ള വാഗ് ദാനങ്ങൾ നൽകി, മതപരിവർത്തനം ചെയ്യുന്നുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിൽ ദളിതരിൽ ഒരു വിഭാഗം ക്രിസ്ത്യാനികളായി. അവരെ Rice Christians എന്നാണ് ഹിന്ദുക്കൾ വിളിച്ച് ആക്ഷേപിച്ചത്. അതായത് അരിക്കുവേണ്ടി, ഭക്ഷണത്തിനുവേണ്ടി മതപരിവർത്തനം ചെയ്തവരെന്നർത്ഥം. ഇന്നത്തെ പ്രാർത്ഥനാ ഗ്രൂപ്പുകൾ, ഇത്തരത്തിലുള്ള വാഗ്ദാനം നൽകി ജനങ്ങളെ ആകർഷിക്കുന്നുണ്ട്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനശൈലിയെ കർത്താവ് അംഗീകരിക്കുന്നില്ല.

മനുഷ്യരുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റാനും, ദാരിദ്ര്യവും, വിശപ്പും മാറ്റാനുമല്ല കർത്താവ് വന്നതും പരസ്യ ശുശ്രൂഷയിൽ പ്രവർത്തിച്ചതും. സമ്പൽസമൃദ്ധമായ ഒരു സമൂഹം സൃഷ്ടിക്കുവാനല്ല, താൻ ജഢധാരണം ചെയ്തത്. വിശപ്പിനും ദാരിദ്ര്യത്തിനും ആത്മീയമായ അർത്ഥമുണ്ട്. മനുഷ്യനെപ്പറ്റിയുള്ള ദൈവത്തിന്റെ കരുതലിന്റെ ഭാഗമാണ് അവ. വിശപ്പിന് അപ്പം തേടുന്നത് മനുഷ്യനെ കർമ്മനിരതനാക്കുന്നു. ദൈവത്തെപ്പറ്റിയുള്ള ചിന്ത അവനിൽ അതു അങ്കുരിപ്പിക്കുന്നു. അധ്വാനിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. അത് അവന്റെ ജീവിതത്തിന് അർത്ഥവും ലക്ഷ്യബോധവും നൽകുന്നു.

ജീവിതം സന്തോഷകരമാക്കുവാൻ, മനുഷ്യൻ കർമ്മനിരതനാകുവാൻ, സ്രഷ്ടാവിന്റെ സ്നേഹത്തേയും, കരുതലിനെയുംപറ്റി ചിന്തിക്കുവാൻ, ദൈവം ഏർപ്പെടുത്തിയ ക്രമീകരണത്തിന്റെ ഭാഗമാണ് വിശപ്പും ഭൗതികമായ ആവശ്യങ്ങളും (material needs), അവ ഇല്ലാതെയായാൽ മനുഷ്യർ ക്രമേണ ദൈവത്തിൽ നിന്ന് അകലും. വിശപ്പും ഞെരുക്കങ്ങളും, ആവശ്യങ്ങളും മനുഷ്യനെ ഒരുമിച്ച് ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു; ഒരു സമൂഹമാക്കിത്തീർക്കുന്നു. മറ്റുള്ളവരെപ്പറ്റി ചിന്തിക്കുവാനും അവരോട് ചേർന്ന് ജീവിക്കാനും പ്രേരിപ്പിക്കുന്നു. കുടുംബബന്ധങ്ങളും മറ്റ് മാനുഷികബന്ധങ്ങളും ദൃഢമായിരിക്കുന്നത് ഇത്തരത്തിലുള്ള പരിമിതികൾ ഉള്ളതുകൊണ്ടാണ്. മനുഷ്യന്റെ പരിമിതികളെ മറികടക്കാനുള്ള പ്രലോഭനമാണ് കർത്താവിനുണ്ടായത്.

3. ദേവാലയത്തിന്റെ അഗ്രത്തിൽ നിറുത്തി, "നീ ദൈവപുത്രൻ എങ്കിൽ താഴോട്ടു ചാടുക" (മത്താ. 4:6; സങ്കീ. 91:11-12).

അമിതമായ ആത്മവിശ്വാസം വളർത്താനുള്ള ശ്രമമാണ് സാത്താൻ നടത്തിയത്. ശക്തി പ്രകടനത്തിനുള്ള പ്രലോഭനം. അത്ഭുതം പ്രവർത്തിച്ച് ജനങ്ങളെ വിശ്വസിപ്പിക്കാനുള്ള പരീക്ഷ. ജനങ്ങളെ ആകർഷിക്കുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് അത്ഭുതസിദ്ധികളുണ്ടെ

ന്നുള്ള അവകാശവാദം. അത്ഭുതങ്ങൾ നടക്കുന്നുവെന്ന പ്രചരണങ്ങളുടെ ഫലമായിട്ടാണ് അമ്പലങ്ങളിലും, പള്ളികളിലും ജനങ്ങൾ തടിച്ചുകൂടുന്നത്. പ്രാർത്ഥനാഗ്രൂപ്പുകൾ ആളുകളെ ആകർഷിക്കുന്നതും ഇത്തരം പ്രചരണങ്ങൾ നടത്തിയാണ്. ടെലിവിഷനിലെ 'ഗോസ്പൽ ഷോ'കളിൽ അത്ഭുതങ്ങൾ എന്ന പേരിൽ ചില പ്രകടനങ്ങൾ നടത്താറുണ്ട്. തലയിൽ വെച്ച് പ്രാർത്ഥിച്ച് പുറകോട്ട് മറിച്ചിടുന്നത് ഇതിന്റെ ഭാഗമാണ്. അത്ഭുതങ്ങൾ നടന്നുവെന്ന് ആളുകളെക്കൊണ്ട് സാക്ഷ്യം പറയിക്കുന്നു. വായ്നാറ്റം മാറി, വിരലിന്റെ വേദന മാറി, മുറ്റത്തെ മാവ് കായ്ച്ചു തുടങ്ങിയ അത്ഭുതങ്ങളെപ്പറ്റിയാണ് സാക്ഷ്യങ്ങൾ.

അത്ഭുതങ്ങൾ ദൈവികതയുടെ അടയാളം ആകണമെന്നില്ല. മോശെ ചെയ്ത പല അത്ഭുതങ്ങളും ഫറവോന്റെ മന്ത്രവാദികളും ചെയ്തു (പുറപ്പാട് 7–8 അധ്യായങ്ങൾ). പരസ്യശുശ്രൂഷക്കാലത്ത് യേശുക്രിസ്തു അത്ഭുതങ്ങൾ പ്രവർത്തിച്ചു. എന്നാൽ ആളുകളെ ആകർഷിക്കുവാനല്ലായിരുന്നു താൻ ശ്രമിച്ചത്. വിശക്കുന്നവരെയും, രോഗികളെയും, ദുഃഖിതരെയും കണ്ട് മനസ്സലിഞ്ഞാണ് കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിച്ചത്. ദൈവരാജ്യത്തിൽ വിശപ്പും, ശാരീരികമായ ബലഹീനതകളും, ദുഃഖങ്ങളും ഇല്ലാതായിത്തീരുന്നു എന്നുള്ള യാഥാർത്ഥ്യം ജനങ്ങളെ ബോധിപ്പിക്കുവാനാണ് താൻ അവ ചെയ്തത്.

വേദനയും, രോഗവും, ശാരീരിക ബലഹീനതയുമുള്ളവരാണ് ക്രിസ്തുവിനെ സമീപിച്ചത്. സത്യവൈദ്യനായ തന്നിൽ അവർ വിശ്വസിച്ചു. രോഗവും വേദനയും നമ്മെ ദൈവത്തിങ്കലേക്ക് തിരിപ്പിക്കുന്നു എന്ന സത്യമാണ് ഇതിലൂടെ യേശു വെളിപ്പെടുത്തിയത്. തന്റെ പരസ്യശുശ്രൂഷയുടെ ലക്ഷ്യം അത്ഭുതപ്രവർത്തികൾ ചെയ്യുകയല്ലായിരുന്നു. "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവീൻ" (മത്തായി 4:17) എന്ന ആഹ്വാനത്തോടെയാണ് കർത്താവ് പരസ്യശുശ്രൂഷ ആരംഭിച്ചത്. ദൈവത്തിങ്കലേക്ക് തിരിഞ്ഞ് നന്മയിൽ ജീവിക്കുവാനാണ് താൻ ആഹ്വാനം ചെയ്തത്. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു പുതിയൊരു കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു" (യോഹ. 13:34). സ്നേഹത്തിന്റെ കൽപ്പന നൽകി ഒരൊറ്റ സമൂഹമായി, ദൈവഭക്തിയിൽ ജീവിക്കുവാനാണ് താൻ പഠിപ്പിച്ചത്. അത്ഭുതങ്ങൾ പ്രവർത്തിച്ച് ആളുകളെ സ്തബ്ദരാക്കുകയല്ല ക്രിസ്തുമതത്തിന്റെ ലക്ഷ്യം. മാനസാന്തരത്തിനും, രൂപാന്തരത്തിനുമുള്ള മാർഗ്ഗമാണ് പുതിയനിയമം കാട്ടിത്തരുന്നത്.

കർത്താവിന്റെ ചിന്തയിൽ അത്ഭുതങ്ങൾ അല്ല, മനുഷ്യന്റെ പരിവർത്തനമാണ് പ്രധാനം. നിക്കോദിമോസുമായുള്ള സംവാദത്തിൽ ഇതാണ്

സൂചിപ്പിക്കുന്നത്. "ദൈവം തന്നോടു കൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്യുവാൻ ആർക്കും കഴികയില്ല" (യോഹ. 3:2) എന്ന് നിക്കോദിമോസ് പറയുന്നു. കർത്താവ് ചെയ്ത അടയാളങ്ങൾ ദൈവികതയുടെ അടയാളമാണെന്നു അയാൾ സമ്മതിക്കുന്നു. ഉടനെ അയാളോട് കർത്താവ് പറയുന്നു. "ആമ്മേൻ, ആമ്മേൻ; ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല" (യോഹ. 3:3). അടയാളങ്ങളെക്കാൾ പ്രധാനം, പുതുതായി ജനിക്കുക, അഥവാ മാനസാന്തരപ്പെട്ടുള്ള ജീവിതമാണെന്ന് കർത്താവ് വെളിപ്പെടുത്തി.

'താഴേക്കു ചാടി' ജനങ്ങളെ വിശ്വസിപ്പിക്കുവാൻ തനിക്ക് തീർച്ചയായും സാധിക്കുമായിരുന്നു. അങ്ങനെ 'അത്ഭുതസിദ്ധികൾ' ഉള്ള ആളാണെന്നുള്ള ഖ്യാതിയും, ജനങ്ങളുടെ പിന്തുണയും തനിക്കു നേടാനാകുമായിരുന്നു. ആ മാർഗ്ഗമല്ല യേശു തെരഞ്ഞെടുത്തത്.

ചുരുക്കത്തിൽ അത്ഭുതങ്ങൾ ക്രിസ്തുമതത്തിന്റെ അന്തസത്തയുടെ ഭാഗമല്ല. അത്ഭുതങ്ങളുടെ പേരിൽ ആളുകളെ കൂട്ടുന്നത് ആത്മീയത ആകണമെന്നില്ല.

**3. മത്തായി 4:8-9**

'വീണു നമസ്ക്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാമെന്ന്,' സാത്താൻ വാഗ്ദാനം ചെയ്യുന്നു. ലൗകികമായി അധികാരം സ്ഥാപിക്കുവാനും അതിനുവേണ്ടി തിന്മയുടെ ശക്തികളുമായി സഖ്യത്തിലേർപ്പെടുവാനുമുള്ള പ്രലോഭനമായിരുന്നു ഇത്. "ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏൽപ്പിച്ചിരിക്കുന്നു. എനിക്കു മനസ്സുള്ളവന് ഞാൻ കൊടുക്കുന്നു. നീ എന്നെ വീണു നമസ്ക്കരിച്ചാൽ അതെല്ലാം നിന്റേതാകും'' (ലൂക്കോസ് 4:6-7) എന്ന് സാത്താൻ ക്രിസ്തുവിനോട് പറയുന്നു. സാത്താൻ അധികാരം കൈയടക്കിയിരിക്കുന്നുവെന്ന് അവകാശവാദം ഉന്നയിക്കുമ്പോൾ, അധികാരം കൈയാളുന്നവൻ അവന്റെ ചൊൽപ്പടിയിലാണെന്നാണ് സൂചന. അധികാരം മനുഷ്യനെ അഹങ്കാരിയാക്കുന്നു. അഹങ്കാരികൾ സാത്താന്റെ നിയന്ത്രണത്തിലാണ്. അധികാരമോഹം സാത്താൻ മനുഷ്യരിൽ അങ്കുരിപ്പിക്കുന്നു. അധികാരം നിലനിർത്തുവാൻ, കൂടുതൽ പ്രതാപവും, സമ്പത്തും, പ്രശസ്തിയും നേടുവാൻ തിന്മയുടെ മാർഗ്ഗം ഉപയോഗിക്കും.

കുരിശിന്റെ പാതയിൽ നിന്നും, ത്യാഗത്തിന്റെ മാർഗ്ഗത്തിൽ നിന്നും യേശുവിനെ അകറ്റുവാനാണ് സാത്താൻ ശ്രമിക്കുന്നത്. അധികാരം, സമ്പത്ത്, കാമം (lust) ഇവ മൂന്നും മനുഷ്യന്റെ കണ്ണുകളെ അന്ധകാരമാക്കും.

4. സമ്പൽസമൃദ്ധി, അത്ഭുതം, അധികാരം ഇവ മൂന്നുമാണ് ലോകശ്രദ്ധ ആകർഷിക്കാനുള്ള മാർഗ്ഗങ്ങൾ. ഇവ മൂന്നും മനുഷ്യനെ പ്രശസ്തനും, മറ്റുള്ളവരുടെ ശ്രദ്ധാകേന്ദ്രവുമാക്കും എന്നത് എക്കാലത്തും വാസ്തവമായിരുന്നു. ഇവ മൂന്നും ഉപയോഗിച്ച് വിജയം നേടാനുള്ള പ്രലോഭനങ്ങളാണ് സാത്താൻ നൽകിയത്. ഇവ മൂന്നും മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുമെന്നു കർത്താവ് വെളിപ്പെടുത്തുന്നു. ഇവ നേടിയുള്ള ജീവിതമല്ല കർത്താവ് കാട്ടിത്തന്നത്. ആത്മീയ ജീവിതത്തിന്റെ പ്രത്യക്ഷലക്ഷണങ്ങൾ സ്നേഹവും വിനയവുമാണെന്ന് താൻ പഠിപ്പിച്ചു.

# 15

# വിനയത്തിന്റെ മാർഗ്ഗം

"ക്രിസ്തുയേശുവിലുള്ള അതേ ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ (ഫിലിപ്യ ലേഖനം 2:5, 2:1–10 കാണുക).

മനുഷ്യാവതാരത്തിന്റെ അർത്ഥം വളരെ ലളിതമായ വാക്കുകളിൽ വി. പൗലൂസ് ഇവിടെ അവതരിപ്പിക്കുന്നു. 'ദൈവം സ്വയം താഴ്ത്തി മനുഷ്യനായിത്തീർന്നു. മരണത്തോളം, കുരിശിലെ മരണത്തോളം സ്വയം താഴ്ത്തി' എന്നാണ് അപ്പൊസ്തലൻ എഴുതുന്നത്. ദൈവത്തിന്റെ സ്വയം താഴ്ത്തൽ (self humiliation) ആണ് മനുഷ്യാവതാരത്തിന്റെ പൊരുൾ. കഷ്ടാനുഭവാഴ്ചയിലെ പ്രാർത്ഥനകളിൽ ഈ ആശയം ആവർത്തിച്ചു വരുന്നു. കൗമാകൾക്കു മുമ്പ് "ബ്രീക് മൂക്കോക്കോഖ് ദഹലോഫയ്ൻ" – ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു (Blessed is your humiliation for us) എന്ന് നാം ആവർത്തിച്ച് ചൊല്ലുന്നുണ്ട്. ഇതൊരു വിശ്വാസസത്യമായി പഠിപ്പിക്കുകയോ, ആരാധനയിൽ ഏറ്റുപറയുകയോ മാത്രം ചെയ്യാനുള്ളതല്ല. ഒരു മാതൃകയായി അനുകരിപ്പാൻ വി. പൗലൂസ് ആഹ്വാനം ചെയ്യുന്നു.

ഫിലിപ്യ സഭയിൽ ഭിന്നതയുണ്ടായിരുന്നു എന്ന സൂചനയാണ് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗം നൽകുന്നത്. അതിനുള്ള പ്രതിവിധി വി. പൗലൂസ് നിർദ്ദേശിക്കുന്നു. "താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവീൻ" (2:3).

ക്രിസ്തീയ ആത്മീയതയിലെ സുപ്രധാനമായ ഒരു തത്വത്തെപ്പറ്റി, അതേസമയം ഏറ്റവും പ്രയാസമുള്ളതുമായ ഒരു കാര്യത്തെപ്പറ്റിയാണ് വി. പൗലൂസ് പറയുന്നത് "ക്രിസ്തുയേശുവിലുള്ള അതേഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ." ക്രിസ്തുവിനെ അനുകരിക്കുന്നതിനെപ്പറ്റി ധാരാളം ആഹ്വാനങ്ങൾ പതിവായി നാം കേൾക്കാറുണ്ട്. വി. പൗലൂസിന്റെ ചിന്തയിൽ 'ക്രിസ്തുവിനെ അനുകരിക്കുക' എന്നു പറഞ്ഞാൽ 'വിനയാന്വിതരാകുക' എന്നാണർത്ഥം.

### എന്താണ് വിനയം?

വേദപുസ്തകചിന്തയിൽ ആത്മീയതയുടെ പ്രത്യക്ഷലക്ഷണം വിനയമാണ്. സങ്കീർത്തനക്കാരന്റെ അഭിപ്രായത്തിൽ ദൈവാശ്രയവും വിനയവും പരസ്പരം ബന്ധപ്പെട്ടതാണ്. സങ്കീർത്തനക്കാരൻ സ്വയം വിളിക്കുന്നത് "എളിയവൻ" എന്നാണ്. ദുഷ്ടൻ, ദൈവഭയമില്ലാത്തവനും, അഹങ്കാരിയും പൊങ്ങച്ചക്കാരനുമാണ്.

പഴയനിയമത്തിൽ വിനയത്തിന്റെ മാതൃക മോശയാണ്. "മോശെ എന്ന പുരുഷനോ, ഭൂതലത്തിൽ ഉള്ള സകല മനുഷ്യരിലും അതി സൗമ്യനായിരുന്നു" (സംഖ്യ 12:3). അതീവമായ ദൈവഭക്തിയുടെ ഫലമായി മോശെക്കു ലഭിച്ചതാണ് വിനയമെന്ന് ബാറാസീറാക്ക് (പ്രഭാഷകൻ) പറയുന്നു. "വിശ്വസ്തതയും വിനയവും നിമിത്തം അവൻ (ദൈവം), അയാളെ (മോശെയെ) വിശുദ്ധീകരിച്ചു" (സീറാക്ക് 45:4).

മോശെയുടെ വിശുദ്ധിയെപ്പറ്റി പ്രഭാഷകൻ (സീറാക്ക്) 45-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു: ദൈവത്തിന്റെയും മനുഷ്യരുടെയും സ്നേഹത്തിന് അയാൾ പാത്രമായി, ദൈവം അയാളെ മഹത്വത്തിൽ പരിശുദ്ധന്മാർക്ക് തുല്യനാക്കി. തന്റെ തേജസ്സിന്റെ ഒരംശം അയാൾക്കു കാട്ടിക്കൊടുത്തു" എന്നിങ്ങനെ മോശയെപ്പറ്റി പറയുന്നു.

ചുരുക്കത്തിൽ വിനയവും വിശുദ്ധിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അഹങ്കാരമില്ലാത്ത ദുരവസ്ഥയാണത്. ആത്മീയത വിനയാന്വിതമായ ജീവിതമാണ്.

പുതിയനിയമത്തിൽ വിനയത്തിന്റെ മൂർത്തിമദ്ഭാവം കന്യകമറിയാമാണ്. വി. മത്തായിയുടെ സുവിശേഷമനുസരിച്ച് കർത്താവിന്റെ ഉപദേശം ആരംഭിക്കുന്നത് വിനയത്തെപ്പറ്റി പരാമർശിച്ചുകൊണ്ടാണ്.

"ആത്മാവിൽ ദരിദ്രരായവർ (poor in spirit) ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്." ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള യോഗ്യത വിനയമാണ്. അതിനാൽ സന്യാസപ്രസ്ഥാനത്തിൽ യേശുക്രിസ്തുവിന്റെ ഒന്നാമത്തെ കൽപ്പനയായി കണക്കാക്കുന്നത് ഈ വേദഭാഗമാണ്.

ഒരു സന്യാസിയുടെ ഏറ്റവും വലിയ ഗുണമായി സന്യാസ പിതാക്കന്മാർ കണക്കാക്കുന്നത് വിനയമാണ്. "ഒരു സന്യാസിയുടെ കിരീടം വിനയമാണ് (Abba Or). വിനയം കൂടാതെ രക്ഷ പ്രാപിക്കുവാൻ സാധിക്കുകയില്ല (Amma Syncletica).

നാലാം നൂറ്റാണ്ടിൽ ഈജിപ്തിൽ ജീവിച്ചിരുന്ന മക്കാറിയോസ് എന്ന സന്യാസ പിതാവിനെപ്പറ്റിയുള്ള കഥ ശ്രദ്ധേയമാണ്. ഈന്തപ്പനയുടെ ഓലവെട്ടി ഉണങ്ങി പായും, കൊട്ടയും ഉണ്ടാക്കി വിറ്റുകിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ഈജിപ്തിലെ സന്യാസിമാർ ജീവിച്ചിരുന്നത്. ദയറായ്ക്ക് സമീപത്തുള്ള സ്ഥലത്ത് ഈന്തപ്പനയോല വെട്ടാൻ പോകുമ്പോൾ മക്കാറിയോസിനെ വഴിയിൽ സാത്താൻ എതിരിട്ടു. മറിച്ചിട്ട് ആവോളം അടിച്ചു. എന്നിട്ടും മക്കാറിയോസിനെ കീഴടക്കുവാൻ കഴിഞ്ഞതായി സാത്താനു തോന്നിയില്ല. ഒടുവിൽ സാത്താൻ പറഞ്ഞു. "മക്കാറിയോസേ, നിന്റെ മുമ്പിൽ ഞാൻ ബലഹീനനായി പോകുന്നു.

നിന്നെ തോൽപ്പിക്കുവാൻ എനിക്കു കഴിയുന്നില്ല. നീ ചെയ്യുന്നതെല്ലാം ഞാനും ചെയ്യുന്നുണ്ട്. നീ ഉപവസിക്കുന്നു. ഞാനാണെങ്കിൽ ഭക്ഷണമേ കഴിക്കുന്നില്ല. നീ ജാഗരണം നടത്തുന്നു. ഞാനാണെങ്കിൽ ഉറങ്ങുന്ന തേയില്ല. ഒരു കാര്യത്തിൽ നീ എന്നെ എപ്പോഴും കടത്തിവെട്ടുന്നു. എന്നെ പരാജയപ്പെടുത്തുന്നു." "എന്താണത്?" മക്കാറിയോസ് ചോദിച്ചു. "നിന്റെ വിനയം. അതു കാരണം ഒരിക്കലും എനിക്കു നിന്നെ കീഴ്പ്പെടുത്തു വാൻ കഴിയുന്നില്ല," എന്നായിരുന്നു സാത്താന്റെ മറുപടി.

നാം പ്രാർത്ഥിക്കുന്നു; ഉപവസിക്കുന്നു; അതെപ്പറ്റി നാം പ്രസംഗിക്കു കയും പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ നമുക്ക് ആരിലും ചലനമു ണ്ടാക്കുവാൻ കഴിയുന്നില്ല. കാരണം ക്രിസ്തുയേശുവിലുള്ള ഭാവം - വിനയം - നമ്മിൽ ഇല്ലാത്തതാണ്. ഉപവാസം, പ്രാർത്ഥന, ജാഗരണം എന്നിവയുടെ ലക്ഷ്യം വിനയം പ്രാപിക്കുകയാണെന്ന് സന്യാസ പിതാ ക്കന്മാർ പറയുന്നു.

### എങ്ങനെ വിനയം പ്രാപിക്കുവാനാകും?

ഫിലിപ്യ ലേഖനം 2-ാം അദ്ധ്യായമനുസരിച്ച് ക്രിസ്തുവിന്റെ വിനയ ത്തിന്റെ ദൃശ്യമായ അടയാളം കുരിശുമരണമാണ്. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുകരിക്കണമെന്ന് വി. പൗലൂസ് ആഹ്വാനം ചെയ്യുന്നു" (1 കൊരി. 11:1 കാണുക).

വി. പൗലൂസിന്റെ ചിന്തയിൽ ക്രിസ്തുവിനെ അനുകരിക്കുന്നത് തന്റെ കുരിശിൽ, അതായത് കഷ്ടാനുഭവത്തിൽ പങ്കുചേർന്നുകൊണ്ടാണ്. വി. പൗലൂസിനു പ്രിയപ്പെട്ട ആശയമാണിത്. "കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു" (1 തെസ്സ. 3:3), "അവന്റെ കഷ്ടാനുഭവത്തിന്റെ കൂട്ടായ്മ" എന്നു വി. പൗലൂസ് പറയുന്നത് ശ്രദ്ധേയമാണ് (ഫിലി. 3:10–11).

കഷ്ടതകൾ പലവിധമുണ്ട്. ശാരീരിക ബലഹീനതകളോ, രോഗ ങ്ങളോ, ജീവിതത്തിന്റെ വിവിധ പ്രതിസന്ധികളോ ആകാം. അവയ്ക്ക് ആത്മീയമായ അർത്ഥമുണ്ട്. അവ നമ്മെ ശുദ്ധീകരിക്കുന്നു; നമ്മെ വിനീ തരാക്കുന്നു. പ്രത്യേകിച്ച് രോഗത്തിന്റെ അർത്ഥം ഇതാണ്. ഫാദർ അല ക്സാണ്ടർ യെൽച്ചാനിനോവ് (Fr. Alexander Yelchaninov) എന്ന റഷ്യൻ ഓർത്തഡോക്സ് വൈദികൻ എഴുതുന്നു:

"രോഗം, വിനയത്തിന്റെ പരിശീലനക്കളരിയാണത്. നാം ബലഹീന രാണെന്നും, നിസ്സാരന്മാരാണെന്നും മനസ്സിലാക്കുവാൻ അത് സഹായി ക്കുന്നു."

"ദൈവം നമ്മെ സന്ദർശിക്കുന്ന സന്ദർഭമാണ് രോഗാവസ്ഥയെന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്."

തുടർന്ന് വിനയത്തെപ്പറ്റി ഫാദർ അലക്സാണ്ടർ പറയുന്നു: "നമ്മുടെ കഴിവുകളിൽ വിശ്വാസം അർപ്പിക്കാതിരിക്കുന്നതും, മറ്റുള്ളവരെ വിധിക്കാതിരിക്കുന്നതും, അപമാനിതരാകുമ്പോൾ സന്തോഷിക്കുന്നതുമാണ് വിനയം."

വിനയം നമ്മുടെ പ്രാർത്ഥനയെ തീവ്രമാക്കുന്നു. "വിനീതന്റെ പ്രാർത്ഥന മേഘങ്ങളെ തുളച്ചുകടക്കും. അതു കർത്താവിന്റെ സന്നിധിയിൽ എത്തുംവരെ അയാൾ അടങ്ങിയിരിക്കയില്ല" (ബാറാസീറാക്ക് 35:17).

നേരെമറിച്ച് അമിതമായ സമ്പത്ത്, സുഖസൗകര്യങ്ങൾ, അധികാരം, ജനങ്ങളുടെ ശ്രദ്ധാകേന്ദ്രമായുള്ള ജീവിതം, അവരുടെ വാനോളമുള്ള പുകഴ്ത്തൽ എന്നിവ മനുഷ്യനെ അഹങ്കാരിയാക്കും. ആത്മീയമായ ഒരു നിസംഗതയും തളർച്ചയും ഉണ്ടാക്കും. ദൈവത്തിൽ നിന്നും അകറ്റും.

നമ്മെ, മറ്റുള്ളവർ ഒതുക്കുമ്പോൾ, മാറ്റിനിർത്തുമ്പോൾ, നാം അപമാനിതരായിത്തീരുന്നു. ഇവ കഷ്ടതകളുടെ ഭാഗമാണ്. അവയിലൂടെ നാം ക്രിസ്തുവിന്റെ കഷ്ടതകളിൽ പങ്കുചേരുന്നു. കഷ്ടതകൾ നമ്മെ വിനീതരാക്കുന്നു. ക്രിസ്തുവിന്റെ അനുകാരികളാക്കുന്നു.

ദൈവം നമ്മെ വിളിച്ചിരിക്കുന്നത്, ക്രിസ്തുവിലുള്ള അതേ ഭാവത്തിൽ ജീവിക്കുവാനാണ്. ക്രിസ്തുവിന്റെ മുഖമായി ലോകത്തിൽ ജീവിക്കുവാനാണ്. ജീവിതത്തിൽ ഉണ്ടാകുന്ന ഏകാന്തതയ്ക്കും, ഒറ്റപ്പെടലിനും ആത്മീയമായ അർത്ഥമുണ്ട്. വി. പൗലൂസ് പറയുന്നു. "എല്ലാവരും എന്നെ കൈവിട്ടു" (2 തീമോ. 4:16). എല്ലാവരും കൈവിടുമ്പോഴാണ് നാം ക്രിസ്തുവിന്റെ യഥാർത്ഥ അനുകാരിയായിത്തീരുന്നത്. അത് നമ്മെ വിനീതരാക്കുന്നു; പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുവാൻ പ്രേരിപ്പിക്കുന്നു; നമ്മെ രക്ഷയിലേക്ക് നയിക്കുന്നു.

# 16

# ദൈവത്തിന്റെ മൃദുസ്വരം

**1 രാജാ. 19:11–13.**

1. പഴയനിയമത്തിലെ പ്രധാന പ്രവാചകന്മാരിൽ ഒരാളായിരുന്നു ഏലിയാവ്. ക്രിസ്തുവിന് 850 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഏലിയാവിനെ മോശെക്ക് സമനായിട്ടാണ് യഹൂദന്മാർ കണക്കാക്കിയിരുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവമാണ് മേൽസൂചിപ്പിച്ച വേദഭാഗത്തിന്റെ പശ്ചാത്തലം.

ഇസ്രായേൽ ജനതയിൽ ഭൂരിപക്ഷവും യഹോവയെ മറന്ന് 'ബാൽ' എന്ന കനാന്യ ദേവനെ ആരാധിക്കുന്ന കാലമായിരുന്നു അത്. യഹോവയോടുള്ള ഭക്തിയും തീക്ഷ്ണതയും നിമിത്തം ഏലിയാവ് ബാൽ പ്രവാചകന്മാരെ കൂട്ടത്തോടെ കൊന്നൊടുക്കി. അന്നത്തെ ഇസ്രായേൽ രാജാവ് ആഹാബും, രാജ്ഞി ഇസബലും ബാലിന്റെ ആരാധകരായിരുന്നു. ഏലിയാവിനോട് പ്രതികാരം ചെയ്യുമെന്ന് ഇരുവരും പ്രതിജ്ഞയെടുത്തു. പ്രാണരക്ഷാർത്ഥം ഏലിയാവ് ഓടിയൊളിച്ചു. മരുഭൂമിയിൽ വെച്ച് വിശപ്പും ദാഹവും നിമിത്തം തളർന്നു. മരിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു.

ഒരു തണലിൽ തളർന്നു കിടന്ന് ഉറങ്ങുമ്പോൾ യഹോവയുടെ ദൂതൻ തട്ടിവിളിച്ചു. "എഴുന്നേറ്റ് തിന്നുക" എന്നു പറഞ്ഞു. തീക്കനലിൽ ചുട്ട അപ്പവും ഒരു തുരുത്തി വെള്ളവും കണ്ടു. ദൈവം നൽകിയതായിരുന്നു. അതു ഭക്ഷിച്ച് ഏലിയാവ് യാത്ര തുടർന്നു. ദൈവത്തിന്റെ പർവ്വതമായ ഹോറേബിൽ എത്തി. ഒരു ഗുഹയിൽ രാത്രി കഴിച്ചു. ദൈവത്തിന്റെ അരുളപ്പാട് ഏലിയാവിന് ഉണ്ടായി. "ഏലിയാവേ ഇവിടെ നിനക്കു എന്തു കാര്യം?" എന്നു ദൈവം ചോദിച്ചു.

ഏലിയാവ് ദൈവത്തോട് പരാതിപ്പെടുന്നു. യഹോവയ്ക്കു വേണ്ടി ഞാൻ വളരെ ശുഷ്ക്കാന്തിയോടെ പ്രവർത്തിച്ചു. ഇസ്രായേൽ ജനത നിന്റെ നിയമത്തെ ഉപേക്ഷിച്ചു. നിന്റെ യാഗപീഠങ്ങളെ ഇടിച്ചുകളഞ്ഞു. നിന്റെ പ്രവാചകന്മാരെ വാൾ കൊണ്ടു കൊന്നു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു." ഏലിയാവ് പരാതികൾ ബോധിപ്പിച്ചു. ഏലിയാവിന്റെ പരാതിക്ക് ദൈവം നൽകിയ മറുപടിയും, തുടർന്നുള്ള ദൈവത്തിന്റെ വെളിപാടുമാണ് ഈ വേദഭാഗത്തിന്റെ ഉള്ളടക്കം (1 രാജാ. 19:11–12).

നീ പുറത്തു വന്ന് പർവ്വതത്തിൽ യഹോവയുടെ മുമ്പാകെ നിൽക്ക എന്ന് അവൻ കൽപിച്ചു. അപ്പോൾ ഇതാ യഹോവ കടന്നുപോകുന്നു. ശക്തിയുള്ള ഒരു കൊടുങ്കാറ്റ് യഹോവയുടെ മുമ്പിൽ പർവ്വതങ്ങളെ കീറി, പാറകളെ തകർത്തു. എന്നാൽ അതിശക്തമായ കൊടുങ്കാറ്റിൽ യഹോവ ഇല്ലായിരുന്നു.

കാറ്റിനു ശേഷം ഒരു ഭൂകമ്പം ഉണ്ടായി. അതിലും യഹോവ ഇല്ലായിരുന്നു. ഭൂകമ്പത്തിനുശേഷം തീയുണ്ടായി. തീയിലും യഹോവ ഇല്ലായിരുന്നു. തീയുടെ ശേഷം, സാവധാനത്തിൽ ഒരു മൃദുസ്വരം ഉണ്ടായി (A small still voice. 1 രാജാ 19:12). മൃദുസ്വരത്തിൽ യഹോവ ചോദിച്ചു: "ഏലിയാവേ ഇവിടെ നിനക്ക് എന്തു കാര്യം (What are you doing here Elijah?). ശബ്ദകോലാഹലത്തിലോ, പ്രതാപത്തിലോ, അല്ല ദൈവം പ്രത്യക്ഷനാകുന്നത്. മൃദുശബ്ദത്തിലൂടെയാണ് ദൈവസാന്നിധ്യം പലപ്പോഴും ലോകം മനസ്സിലാക്കുന്നത്.

2. പ. പാമ്പാടി തിരുമേനി ദൈവത്തിന്റെ മൃദുസ്വരമായിരുന്നു. ഒരു സാധാരണ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചു വളർന്നത്. സാധാരണക്കാരുടെ ജീവിതശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. ആദ്യകാലത്ത് യാത്ര ചെയ്തിരുന്നത് കഴുതപ്പുറത്തായിരുന്നു. വിദ്യാഭ്യാസ യോഗ്യത കുറവായിരുന്നു. വാഗ്മി അല്ലായിരുന്നു. തിരക്കുള്ള ജീവിതമല്ലായിരുന്നു അദ്ദേഹത്തിന്റേത്. കുന്നംകുളത്തിന് വടക്കോട്ട് പോയിട്ടില്ല. സഭയിലെ കമ്മിറ്റികളിൽ അദ്ദേഹം സജീവ അംഗമായിരുന്നില്ല. മിതഭാഷിയായ അദ്ദേഹത്തെ കഴിവില്ലാത്തവൻ ആയിട്ടായിരുന്നു പൊതുവേ കണക്കാക്കിയിരുന്നത്.

1934-ൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ സഭാസമാധാന ചർച്ചകൾക്കായി സിറിയായിലെ ഹോംസിൽ എത്തി. അപ്രേം പാത്രിയർക്കീസിനെ കണ്ടു, ഏറെപ്പേർക്കു മേൽപട്ടസ്ഥാനം കൊടുത്തുവെന്ന് പാത്രിയർക്കീസ് ആരോപിച്ചു. 'ആ കുറിയാക്കോസിനെ എന്തിനു കൊള്ളാം", എന്ന് അപ്രേം പാത്രിയർക്കീസ്, ഗീവറുഗീസ് ദ്വിതീയൻ ബാവായോടു ചോദിച്ചു. "പരുമല കൊച്ചുതിരുമേനിക്കു ശേഷം, ഇത്ര പരിശുദ്ധനായ ഒരു വ്യക്തി സഭയിൽ ഉണ്ടായിട്ടില്ലെന്നായിരുന്നു" ബാവായുടെ മറുപടി.

ഇന്നു പരുമല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ വന്ന് പ്രാർത്ഥിച്ച് ആശ്വാസം തേടുന്ന സ്ഥലം പാമ്പാടി ദയറാ ആണ്. കാരണം പാമ്പാടി തിരുമേനിയിലൂടെ "ദൈവത്തിന്റെ മൃദുസ്വരം" വിശ്വാസികൾ ശ്രവിച്ചു. ദൈവത്തിന്റെ സ്നേഹവും, നന്മയും അദ്ദേഹത്തിലൂടെ ജനങ്ങൾ അനുഭവിച്ചറിഞ്ഞു. തിരുമേനി ജീവിച്ചിരുന്ന കാലത്തു തന്നെ

ധാരാളം ആളുകൾ, അദ്ദേഹത്തെ കണ്ട് അനുഗ്രഹം പ്രാപിക്കുവാൻ പാമ്പാടി, പൊത്തമ്പുറം ദയറായിൽ എത്തിയിരുന്നു. അന്ന് ദയറായിലേക്ക് ചെറിയ നടപ്പാത മാത്രമേ ഉണ്ടായിരുന്നുള്ളു. വരുന്നവർക്ക് എന്തെങ്കിലും കൊടുത്തേ വിടുകയുള്ളു. അൽപ്പം കട്ടൻകാപ്പി, ഒരു മാമ്പഴം, അതല്ലെങ്കിൽ കാണുവാൻ വരുന്നവർ കൊണ്ടുവരുന്ന പലഹാരങ്ങൾ ഇവയാണു നൽകിയിരുന്നത്. ആളുകളുടെ സ്ഥാനമോ, വേഷമോ നോക്കാതെയായിരുന്നു സൽക്കാരം. അത്താഴത്തിനുള്ള അരിയെടുത്തു ഒരു പട്ടിണിക്കാരനു കൊടുത്ത സംഭവം വരുംതലമുറയ്ക്ക് കെട്ടുകഥയായി തോന്നിയേക്കാം.

ഒരു നോട്ടം, ഒരു വാക്ക്, ഒരു പുഞ്ചിരി, ഇവയിലൂടെ അദ്ദേഹത്തിന്റെ സ്നേഹവും, ദൈവികതയും ജനങ്ങൾ അനുഭവിച്ചറിഞ്ഞു. അതിഥി സൽക്കാരം ഒരു ആത്മീയകർമ്മമാണ്. ഒരു സാക്ഷ്യമാണ്. യഹൂദ റാബിമാരുടെ ഒരു കഥ അനുസരിച്ച് അബ്രഹാമിന്റെ ശ്രേഷ്ഠതയ്ക്ക് തെളിവ് യാതൊരു പരിചയവും ഇല്ലാത്ത മൂന്ന് അപരിചിതരെ വീട്ടിൽ സ്വീകരിച്ച് സൽക്കരിച്ചതാണ്.

ഒരു രോഗിയെ സന്ദർശിക്കുന്നത്, ഒരു വൃദ്ധനോടോ, വൃദ്ധയോടോ ആദരവോടെ സംസാരിക്കുന്നത്, ഒരു സ്പർശനം, ഒരു ആശ്വാസവാക്ക് ഒരു വലിയ സാക്ഷ്യമാണ്. ഈ വിധത്തിൽ ക്രിസ്തുവിനെ സാക്ഷിക്കുന്നവർ ഇന്നുമുണ്ട്. മദർ തെരേസ, ബാബാ ആംതേ, നവജീവനിലെ പി. യു. തോമസ് തുടങ്ങിയ വ്യക്തികളിലൂടെയാണ് ദൈവത്തിന്റെ മൃദുസ്വരം ലോകം കേൾക്കുന്നത്.

3. ഏകദേശം നാൽപ്പതു വർഷങ്ങൾക്കു മുമ്പ്, പ്രശസ്ത എഴുത്തുകാരൻ മാൽക്കം മാൽറിഡ്ജ്, മദർ തെരേസയുടെ ജീവചരിത്രം പ്രസിദ്ധീകരിച്ചു. Something beautiful to God എന്നായിരുന്നു ഇംഗ്ലീഷിലുള്ള തലവാചകം. പുസ്തകം മലയാളത്തിൽ വിവർത്തനം ചെയ്തത് “സൗന്ദര്യത്തിന്റെ ഒരു മുഖം” എന്ന പേരിലാണ്.

നന്മ പ്രവർത്തിക്കുകയും, നന്മയിൽ ജീവിക്കുകയും ചെയ്യുന്നവർ സൗന്ദര്യത്തിന്റെ ഒരു മുഖം ആണ്. പാമ്പാടി തിരുമേനി സൗന്ദര്യത്തിന്റെ ഒരു മുഖം ആയിരുന്നു. ഇന്ന് അത്തരം മുഖങ്ങൾ തീരെ കുറവാണ്. ഇന്ന് നാം വേഷങ്ങൾ മാത്രമേ കാണുന്നുള്ളു. മുഖങ്ങൾ കാണുന്നില്ല. പൊയ്മുഖങ്ങളാണ് നമുക്കു ചുറ്റും നിത്യേന പ്രത്യക്ഷപ്പെടുന്നത്. ആത്മാർത്ഥതയുടെ, സത്യസന്ധതയുടെ മുഖങ്ങൾ തീരെ കുറവാണ്. ദൈവത്തിന്റെ മുഖമാകുന്നത്, ഒരു മൃദുസ്വരമാകുന്നത് ഏറ്റവും വലിയ സാക്ഷ്യമാണ്.

# 17

# മരണത്തിന്റെ അർത്ഥം

“ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു; അതു പറഞ്ഞതു: എഴുതുക: ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു” (വെളിപാട് 14:13).

ജീവിതത്തിലെ രണ്ടു വാതായനങ്ങളാണ് ജനനവും മരണവും. മനുഷ്യമനസ്സിനെ എക്കാലത്തും മഥിക്കുന്ന ചോദ്യമാണ് മരണത്തിന്റെ അർത്ഥം. മരണത്തിനുശേഷമുള്ള അവസ്ഥ എന്താണ്? ജീവിതത്തിന്റെ അർത്ഥമെന്താണ്? മരണശേഷം മനുഷ്യജീവന് എന്തു സംഭവിക്കുന്നു? ജീവൻ ഒരു ജലരേഖപോലെ ഇല്ലാതായി പോവുകയാണോ? വിവിധ മതങ്ങൾ ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ ശ്രമിച്ചിട്ടുണ്ട്.

മരണത്തിനു ശേഷമുള്ള അവസ്ഥയെപ്പറ്റി പ്രതിപാദിക്കുന്ന ഒരു വേദഭാഗമാണ് വെളിപാട് 14:13. മരണം ഒരു വിശ്രമമാണ്. കർത്താവിന്റെ രണ്ടാമത്തെ വരവു വരെ നീളുന്ന ഒരു വിശ്രമം. പുതിയനിയമത്തിൽ മരണത്തെ നിദ്ര എന്നാണ് വിളിച്ചിരിക്കുന്നത്. ലാസറിന്റെ മരണത്തെപ്പറ്റി യേശുക്രിസ്തു പറയുന്നു: “നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു” (യോഹ. 11:11). ഇതിന്റെ അടിസ്ഥാനത്തിൽ വി. പൗലൂസ് മരണത്തെ ‘നിദ്ര’ എന്നു വിളിക്കുന്നു (1. കൊരി. 15:12–55). കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഉറക്കത്തിൽ നിന്നു എന്നവണ്ണം മരിച്ചവർ ഉയിർത്തെഴുന്നേൽക്കും (1 തെസ്സ. 4:16–18).

ഉയിർപ്പിനുശേഷം “ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും” (1 തെസ്സ. 4:17) എന്നാണ് വി. പൗലൂസ് എഴുതുന്നത്. കർത്താവിനോടു കൂടി ഇരിക്കേണ്ടതിനു ഉയിർത്തെഴുന്നേൽക്കും എന്ന വിശ്വാസമാണ് നമ്മുടെ ജീവിതത്തിനും, വിശ്വാസത്തിനും, പ്രാർത്ഥനകൾക്കും അർത്ഥം നൽകുന്നത്.

മരണത്തോടുകൂടി ജീവിതം അവസാനിക്കുന്നില്ലെന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉയിർപ്പാണ്. വി. പൗലൂസ് എഴുതുന്നു: “ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം” (1 കൊരി. 15:14).

'ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും ജീവിച്ചെഴുന്നേൽക്കും" (1 കൊരി. 15:22).

മരണത്തോടു കൂടി എല്ലാം അവസാനിക്കുന്നുവെന്ന് ചിന്തിക്കുന്നവർക്ക് വി. പൗലൂസ് മറുപടി നൽകുന്നു. "നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ, സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ" (1 കൊരി. 15:19).

ജീവിച്ചിരുന്നപ്പോൾ നമ്മോടു കരുണ ചെയ്ത ദൈവം, മരണശേഷവും കരുണ ചെയ്യുന്നു. വി. പൗലൂസ് പറയുന്നതുപോലെ 'മരണം നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും അന്യമാക്കുന്നില്ല' (റോമ. 8:35–38; 14:8–9). മനുഷ്യബുദ്ധിക്കതീതമായവിധത്തിൽ, മരണശേഷം നമ്മുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു: "നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും" (കൊലോ. 3:3–4). ഈ പ്രത്യാശയിലാണ് മരിച്ചവർക്കു വേണ്ടി നാം പ്രാർത്ഥിക്കുന്നത്.

2. പാപത്തിന്റെ ഫലമായിട്ടാണ് മരണം ഉണ്ടായതെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. "എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും" (ഉല്പ. 2:17). ഇതിന്റെ അടിസ്ഥാനത്തിൽ വി. പൗലൂസ് പറയുന്നു. "ആകയാൽ ഏക മനുഷ്യനാൽ പാപവും, പാപത്തിൽ മരണവും ലോകത്തിൽ കടന്നു" (റോമർ 5:12).

മനുഷ്യൻ പാപം ചെയ്ത് നിത്യമായി ദൈവത്തിൽ നിന്ന് അകന്നുപോകാതിരിക്കുവാൻ ദൈവം തന്നെ നിശ്ചയിച്ച പ്രതിവിധിയാണ് മരണം. മരണമില്ലാത്ത അവസ്ഥയെപ്പറ്റി, പ്രൈമറി സ്കൂളിൽ പഠിച്ച ഒരു കവിത ഇങ്ങനെയാണ്:

"മുത്തച്ഛൻ മുതുക്കന്റെ മുത്തച്ഛൻ മരിച്ചില്ല;
മുത്തച്ഛൻ അവനുടെ മുത്തച്ഛൻ ഇരിക്കുന്നു."

മരണമില്ലാത്ത മുത്തച്ഛന്മാരുടെ നീണ്ട നിര ഉണ്ടായിരുന്നുവെങ്കിൽ, സമൂഹത്തിലോ, രാജ്യത്തിലോ സഭയിലോ യാതൊരു മാറ്റവും വളർച്ചയും ഉണ്ടാകുമായിരുന്നില്ല. എല്ലാവരും പരസ്പരം വഴക്കടിച്ച്, അരോചകമായ ജീവിതമായിരിക്കും നയിക്കുക; ദൈവത്തെ ഭയപ്പെടാതെ, മനുഷ്യൻ ജീവിതം തള്ളിനീക്കും.

മനുഷ്യൻ ദൈവഭയത്തിൽ ജീവിക്കുവാനും, ദൈവത്തെ അറിയുവാനും സ്രഷ്ടാവ് ചെയ്ത ക്രമീകരണത്തിന്റെ ഭാഗമാണ് മരണം.

ഉല്പത്തി 5-ാം അധ്യായത്തിൽ 800 മുതൽ 900 വരെ വർഷങ്ങൾ ജീവിച്ചവരെപ്പറ്റി പറയുന്നു. ആദാം 930-ാം വയസ്സിലാണ് മരണമടഞ്ഞത്. 969 വയസ്സുവരെ ജീവിച്ചിരുന്ന മെഥൂശലേഹാണ് വേദപുസ്തകമനുസരിച്ച് ഏറ്റവും കൂടുതൽ ആയുസ്സുണ്ടായിരുന്ന മനുഷ്യൻ.

ഉല്പത്തി 6-ാം അധ്യായമനുസരിച്ച് മനുഷ്യൻ പാപം ചെയ്യുന്നത് നിയന്ത്രിക്കുവാനാണ് ആയുസ്സ് 120 ആയി ദൈവം പരിമിതപ്പെടുത്തിയത് (ഉല്പ. 6:3 കാണുക). ഒരർത്ഥത്തിൽ ജീവിതത്തെ ആസ്വാദ്യകരമാക്കുന്നത് ഈ പരിമിതമായ ആയുസ്സാണ്. ജീവിതത്തിന് ഒരു ക്രമീകരണം (Order, planning) ഉണ്ടാകുവാൻ മരണം സഹായകമാണ്. മനുഷ്യനെ കർമ്മനിരതനാക്കുന്നതും മരണമാണ്. സമയത്തിന്റെ മൂല്യത്തെപ്പറ്റി നമ്മെ ബോധവാന്മാരാക്കുന്നത്, മരണം, അഥവാ ജീവിതത്തിന്റെ പരിമിതിയാണ്.

സമയത്തെപ്പറ്റിയുള്ള ബോധമാണ് കാര്യങ്ങൾ ക്രമീകരിക്കുവാൻ (organize) ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ഈ ക്രമീകരണമാണ് ജീവിതത്തിന് അർത്ഥവും, സന്തോഷവും നൽകുന്നത്. ചുരുക്കത്തിൽ മനുഷ്യന്റെ നന്മയ്ക്കായി ദൈവം ഏർപ്പെടുത്തിയ ഒരു പ്രതിഭാസമാണ് മരണം.